ലക്കം 5 പുസ്തകം 15

2019 ഡിസംബർ

# അക്ഷരകൈരളി



## മനുഷ്യാവകാശ വിചാരങ്ങൾ



സംസ്ഥാന സാക്ഷരതാമിഷൻ ആസ്ഥാനമന്ദിരം ഉദ്ഘാടനം







ലക്കം 5 പുസ്തകം 15

ഡിസംബർ 2019

# അക്ഷരകൈരളി

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

ടിസി നമ്പർ 27/1461 കമ്മട്ടം ലെയ്ൻ, കോൺവെന്റ് റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം-35

Phone – 0471-2472253, 2472254 Fax – 0471-2462252

E-mail –aksharakairali2017@gmail.com, stateliteracymission@gmail.com

website: www.literacymissionkerala.org





**അഭിമുഖം**
തെയ്യം - ഫ്രെയിമിലൊതുങ്ങാത്ത ചില നേരനുഭവങ്ങൾ
**ഇന്ദു ചിന്ത/ഷൈമി. ഇ.പി** 34



**റിപ്പോർട്ട്**
ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവങ്ങളിലൂടെ 39

**കവിത**
പൊന്നരിവാൾ
**കെ.കെ.സുന്ദരേശൻ** 22

**കഥ**
പ്രളയം പത്മനാഭൻനായരോട് ചെയ്തത്...
**അജിത മേനോൻ** 29

**പുസ്തകപരിചയം**
യശ്പാലിന്റെ രാജ്യദ്രോഹി
**വി.മാധവൻപിള്ള** 46



06
മനുഷ്യാവകാശദിന വിചാരങ്ങൾ
**ഡോ. കാവുമ്പായി ബാലകൃഷ്ണൻ**



16
അക്കിത്തം കവിതകളിലെ ഓളവും പ്രവാഹവും
**ഇ.ഡി.ഡേവീസ്**



24
ലോകസിനിമയുടെ ജാലകം തുറന്നിട്ട മേള
**എൻ.പി.മുരളീകൃഷ്ണൻ**



എഡിറ്റർ **ഡോ.പി.എസ്.ശ്രീകല**
പ്രിന്റിങ് & അഡ്മിനിസ്ട്രേഷൻ **ഡോ.ജെ.വിജയമ്മ**
കോ-ഓർഡിനേറ്റർ **ഇ.വി.അനിൽ**
അസിസ്റ്റന്റ് എഡിറ്റർ **ഷൈമി.ഇ.പി**
ഡിടിപി & ലേഔട്ട് **കളർ ട്രാക്ക്**
വര **കബിത മുഖോപാധ്യായ**

പത്രാധിപസമിതി
**ഡോ.കാവുമ്പായി ബാലകൃഷ്ണൻ**
**ടി.കെ.നാരായണദാസ്**
**ഡോ.കെ.വി.കുഞ്ഞികൃഷ്ണൻ**
**വി.മാധവൻപിള്ള**
**ഡോ.എം.എ.അസ്കർ**



*അക്ഷരകൈരളിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേതുമാത്രമാണ്.*

## പ്രതികരണങ്ങൾ



# തുടർവിദ്യാഭ്യാസമെന്ന അപൂർവഭാഗ്യം

തുടർവിദ്യാഭ്യാസം പലപ്പോഴും ആളിനെ തികയ്ക്കലും പ്രഹസനവുമാണെന്ന പരിഹാസങ്ങൾ ചിലപ്പോഴെങ്കിലും പലരിൽ നിന്നും ഞാൻ കേട്ടിട്ടുണ്ട്. ഞാനൊരു പഠിതാവായതുകൊണ്ടുതന്നെ എനിക്കുപറയാനാവും വർഷങ്ങൾക്കുശേഷം, ആശയും പ്രതീക്ഷയും നഷ്ടപ്പെട്ട അവസ്ഥയിൽ കൈവരുന്ന തുടർവിദ്യാഭ്യാസമെന്ന അപൂർവ ഭാഗ്യത്തെ അമൂല്യമായി കരുതുന്നവരാണ് പലരുമെന്ന്. ആ ഭാഗ്യത്തെ നല്ലരീതിയിൽ ഉപയോഗപ്പെടുത്താനും അതുവഴി നേട്ടങ്ങൾ കൈപ്പിടിയിലൊതുക്കാനും പലർക്കും സാധിക്കാറുണ്ട്. നവംബർ ലക്കത്തിൽ പത്മിനി എഴുതിയ അമ്പതാം വയസിൽ ക്ലാസ്മുറിയിലേക്ക് എന്ന ലേഖനം വായിച്ചു. ഖാദിമേഖലയിൽ ജോലിയുണ്ടായിട്ടും പാതിവഴിയിൽ മുടങ്ങിപ്പോയ പഠനം വീണ്ടുംതുടരാനും അതിനുശേഷവും തുടർപഠനം എന്ന ലക്ഷ്യവുമായി മുന്നോട്ടുപോകാനും പത്മിനി കാണിച്ച ആർജവം എല്ലാവർക്കും മാതൃകയാണ്. മക്കൾ ബിരുദത്തിനു ചേർന്നപ്പോഴാണ് മുടങ്ങിപ്പോയ പ്ലസ്ടു പൂർത്തിയാക്കണമെന്ന തോന്നൽ പത്മിനിയിലുണ്ടാകുന്നത്. ഒരു പരിഹാസത്തിനും പത്മിനിയുടെ ആ ആഗ്രഹത്തെ തളർത്താനായില്ല.

അമ്പതാം വയസ്സിൽ സ്കൂൾ കുട്ടിയെപ്പോലെ ക്ലാസിൽ പോയതും അധ്യാപകരുടെ ഇഷ്ടം പിടിച്ചുപറ്റിയതും സംശയങ്ങൾ ചോദിച്ചും കൂട്ടായ ചർച്ചകളിലൂടെ ഉത്തരങ്ങൾ കണ്ടെത്തിയതും പത്മിനി സരസമായ ഭാഷയിൽ വിവരിക്കുന്നത് വായിക്കാൻ തന്നെ നല്ല രസമായിരുന്നു. പരീക്ഷയ്ക്ക് മികച്ച വിജയം നേടിയതും ബിരുദത്തിനുചേർന്ന് പഠനം തുടരുക എന്ന ലക്ഷ്യത്തിലേക്കുള്ള പത്മിനിയുടെ യാത്രയും ആവേശം തരുന്നതാണ്.

ഇത്തരം അനുഭവക്കുറിപ്പുകൾ എന്നെപ്പോലെയുള്ള പഠിതാക്കൾക്ക് പകർന്നു തരുന്ന ഊർജം ചെറുതല്ല. ഞങ്ങളെപ്പോലുള്ള പഠിതാക്കൾ ഉള്ളിടത്തോളം കാലം സാക്ഷരതാമിഷന്റെ പ്രസക്തി അവസാനിക്കുകയില്ല.

ആശംസകളോടെ...

**വിജയ എം**
കരുനാഗപ്പള്ളി

# കേരളമെന്നു കേട്ടാൽ...

അക്ഷരകൈരളിയുടെ കേരളപ്പിറവി പതിപ്പ് ഉള്ളടക്കം കൊണ്ട് മികച്ചതായി. കേരളപ്പിറവിക്കു മുമ്പുള്ള നമ്മുടെ നാടിന്റെ ചരിത്രവും നവോത്ഥാനമുന്നേറ്റങ്ങളും കേരള സംസ്ഥാനം രൂപീകൃതമായതും അതിനുശേഷമുള്ള കേരളവികസനത്തിന്റെ ജനകീയ വഴികളും വരച്ചുകാട്ടുന്ന ലേഖനങ്ങൾകൊണ്ട് സമ്പന്നമായി നവംബർ ലക്കം. ക്രാന്തദർശികളും ഭാവനാശാലികളുമായ ഒരു നേതൃത്വം എല്ലാ മേഖലയിലും കേരളത്തെ മുന്നോട്ടുനയിക്കാൻ ഉണ്ടായിരുന്നു എന്നതിൽ നമുക്കഭിമാനിക്കാം. കേരളം നിലവിൽ വരുന്നതിനുമുമ്പുതന്നെ കേരളത്തിന്റെ വികസനപ്രശ്നങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കുകയും നിലപാടുകൾ എടുക്കുകയും ചെയ്തിരുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും നമുക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഐക്യകേരളം പിന്നീട് ഏറ്റെടുത്ത പല പ്രധാന ദൗത്യങ്ങളും ബഹുജന പങ്കാളിത്തത്തോടെയുള്ള ജനകീയ ഉത്സവങ്ങളായിരുന്നു എന്നത് ചരിത്രയാഥാർഥ്യം. ഇനിയും ഒറ്റക്കെട്ടായി നിന്ന് ഇത്തരം ദൗത്യങ്ങളേറ്റെടുത്ത് നമ്മുടെ നാടിനെ ബഹുദൂരം മുന്നിലെത്തിക്കാൻ നമുക്കാകണം. അതുകൊണ്ടുതന്നെ കേരളമെന്നു കേട്ടാൽ അഭിമാന പൂരിതമാകണം...

**അരുൺ ദാസ്**
തലയോലപ്പറമ്പ്



## എഡിറ്റോറിയൽ

# മനുഷ്യാവകാശദിനം മുന്നോട്ടുവയ്ക്കുന്ന ചില ചിന്തകൾ

**മനുഷ്യാവകാശം** ഭ്രൂണാവസ്ഥയിൽ തുടങ്ങുന്നു. സ്വാതന്ത്ര്യം അനുഭവിക്കുകയെന്നത് തന്നെയാണ് പ്രഥമവും പ്രധാനവുമായ മനുഷ്യാവകാശം. വൈരുധ്യമെന്ന് പറയട്ടെ, ഒന്നാമതായി നിഷേധിക്കപ്പെടുന്ന മനുഷ്യാവകാശം സ്വാതന്ത്ര്യമാണ്. ജനിക്കാനും ജീവിക്കാനും സ്വാതന്ത്ര്യമില്ലാത്തൊരു ലോകത്തിലാണ് നാം കഴിഞ്ഞുകൂടുന്നത്. ഈ കഴിഞ്ഞുകൂടൽ വിധേയത്വത്തിന്റെയും അടിമത്തത്തിന്റെയും മറച്ചുവയ്ക്കപ്പെട്ട നിസ്സഹായതയാണ്. ഈ നിസ്സഹായത ജീവിതമായി തെറ്റിദ്ധരിക്കപ്പെടുന്നു എന്നുമാത്രം.

ആ തെറ്റിദ്ധാരണയിൽ നിന്ന് മനുഷ്യസമൂഹത്തെ മോചിപ്പിക്കാൻ പിറന്ന യേശുദേവൻ സഞ്ചരിച്ച വഴികളും നേരിടേണ്ടിവന്ന പീഡനങ്ങളും ചില പാഠങ്ങൾ മുന്നോട്ടുവയ്ക്കുന്നു. ചൂഷണത്തിൽ നിന്ന് മോചനം നേടുക എളുപ്പമല്ലെന്നത് തന്നെയാണ് അതിൽ പ്രധാനം.

അവകാശബോധമുള്ളവരായി ഉണർന്നെണീക്കാനും ഉയിർത്തെണീക്കാനും പ്രേരണയാകട്ടെ ഇത്തവണ ക്രിസ്തുമസ്...

**ഡോ.പി.എസ്.ശ്രീകല**
എഡിറ്റർ & ഡയറക്ടർ



ലേഖനം ● ഡോ. കാവുമ്പായി ബാലകൃഷ്ണൻ



# മനുഷ്യാവകാശദിന വിചാരങ്ങൾ

> ഓരോ മനുഷ്യനും മനുഷ്യനായി ജീവിക്കാനുള്ള അവകാശങ്ങളുണ്ടെന്ന ചിന്തകൾക്കും അത് സഫലമാക്കാനുള്ള പ്രക്ഷോഭപ്രവർത്തനങ്ങൾക്കും മനുഷ്യരാശിയോളം പഴക്കമുണ്ട്. ദേവലോകത്തുനിന്ന് അഗ്നി മോഷ്ടിച്ചുകൊണ്ടുവന്ന് മനുഷ്യർക്ക് നൽകിയ പ്രൊമിത്യൂസും അടിമകളുടെ മോചനത്തിനുവേണ്ടി പോരാടിയ സ്പാർട്ടക്കസ്സും അടിമത്തം നിയമംമൂലം നിർത്തലാക്കിയ എബ്രഹാം ലിങ്കനും വർണ-വംശ വിദ്വേഷത്തിനെതിരെ പോരാടിയ ഗാന്ധിജിയും നെൽസൺ മണ്ടേലയും അതുപോലുള്ള അനേകം മഹാത്മാക്കളും ഈ പോരാട്ടവീഥികളെ പ്രകാശമാനമാക്കിയവരാണ്.

മനുഷ്യാവകാശധ്വംസനങ്ങളുടെ വാർത്തകൾ ദൃശ്യ-ശ്രാവ്യമാധ്യമങ്ങളിലൂടെ പ്രസരിച്ച്, നമ്മുടെ കണ്ണും കാതും കരളും മരവിച്ചിരിക്കുന്ന വേളയിലാണ്, ഈ വർഷത്തെ അന്തർദേശീയ മനുഷ്യാവകാശദിനം ആചരിച്ചത്. മനുഷ്യാവകാശസംരക്ഷണം എത്ര ദുഷ്കരമാണെന്നതിന്റെ സൂചനയാണിത്; മനുഷ്യസ്നേഹികളുടെ ഉത്തരവാദിത്തം എത്ര വലുതാണെന്ന ഓർമപ്പെടുത്തലാണ്, മാനുഷികമായ അന്തസ്സോടുകൂടി ജീവിക്കുക എത്ര ദുസ്സാധ്യമാണെന്നതിന്റെ സാക്ഷ്യപ്പെടുത്തലാണ്.

ഓരോ മനുഷ്യനും മനുഷ്യനായി ജീവിക്കാനുള്ള അവകാശങ്ങളുണ്ടെന്ന ചിന്തകൾക്കും അത് സഫലമാക്കാനുള്ള പ്രക്ഷോഭപ്രവർത്തനങ്ങൾക്കും മനുഷ്യരാശിയോളം പഴക്കമുണ്ട്. നിരവധി കഥകളിലും കവിതകളിലും നാടകങ്ങളിലും മറ്റു സർഗാത്മകസൃഷ്ടികളിലും ഈ പ്രമേയം പലരൂപത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. ദേവലോകത്തുനിന്ന് അഗ്നി മോഷ്ടിച്ചുകൊണ്ടുവന്ന് മനുഷ്യർക്ക് നൽകിയ പ്രൊമിത്യൂസും അടിമകളുടെ മോചനത്തിനുവേണ്ടി പോരാടിയ സ്പാർട്ടക്കസ്സും അടിമത്തം നിയമംമൂലം നിർത്തലാക്കിയ എബ്രഹാംലിങ്കനും വർണ-വംശ വിദ്വേഷത്തിനെതിരെ പോരാടിയ ഗാന്ധിജിയും നെൽസൺ മണ്ടേലയും അതുപോലുള്ള അനേകം മഹാത്മാക്കളും ഈ പോരാട്ടവീഥികളെ പ്രകാശമാനമാക്കിയവരാണ്.

19-ാംനൂറ്റാണ്ടിലെ മഹത്തായ നോവലുകളിലൊന്നായ 'പാവങ്ങൾ' 1862-ലാണ് പ്രസിദ്ധീകൃതമായത്. അതിന്റെ മുഖവുരയിൽ ഗ്രന്ഥകാരനായ വിക്ടർ ഹ്യൂഗോ ഇങ്ങനെയെഴുതി: "നിയമത്തിന്റെയും ആചാരത്തിന്റെയും ബലത്തി

ന്മേൽ, ഭൂമിയിലെ പരിഷ്കാരങ്ങളുടെ മധ്യത്തിൽ നരകങ്ങൾ സൃഷ്ടിച്ചും മനുഷ്യകർമത്തെ വിധിയോടു കൂട്ടിച്ചേർത്തും സമൂഹം നൽകുന്ന തീവ്രശിക്ഷാവിധികൾ എത്രകാലം നിലനിൽക്കുന്നുവോ, പുരുഷാന്തരത്തിലെ മൂന്ന് വൈഷമ്യങ്ങൾ – പുരുഷന്മാർക്ക് വമ്പിച്ച ദാരിദ്ര്യത്താലുള്ള അധഃപതനം, സ്ത്രീക്ക് വിശപ്പ് കാരണമുണ്ടാകുന്ന മാനഹാനി, കുട്ടികൾക്ക് അറിവില്ലായ്മയാൽ ഉണ്ടാവുന്ന വളർച്ചക്കുറവ് – ഇവ എത്രകാലം തീരാതെ കിടക്കുന്നുവോ, ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് സാമൂഹികമായ അസ്വസ്ഥതകൾ എത്രകാലം നിലനിൽക്കുന്നുവോ, മറ്റൊരു വിധത്തിൽ കുറേക്കൂടി അർഥവ്യാപ്തിയോടെ പറയുകയാണെങ്കിൽ, ഭൂമിയിൽ എത്രകാലം അജ്ഞാനവും ദാരിദ്ര്യവും ഉണ്ടോ, അത്രയുംകാലം പാവങ്ങൾ പോലുള്ള പുസ്തകങ്ങൾ ഒരിക്കലും പ്രയോജനപ്പെടാതെ വരാൻ സാധ്യതയില്ല.”

മനുഷ്യന് മനുഷ്യനെപ്പോലെ അന്തസ്സോടും അഭിമാനത്തോടും കൂടി ജീവിക്കുന്നതിനുള്ള മൂന്ന് പ്രതിബന്ധങ്ങളെക്കുറിച്ചാണ് മഹാകവി ഇവിടെ സൂചിപ്പിച്ചത് – പട്ടിണി, ദാരിദ്ര്യം, അജ്ഞത. ഇവയുടെ നിർമാർജനം മനുഷ്യരിൽ എന്നും വെല്ലുവിളി ഉയർത്തിയിരുന്നു. ഇവയ്ക്കെതിരായ പോരാട്ടം ശക്തിപ്പെടുമ്പോൾത്തന്നെ, മനുഷ്യസമൂഹത്തെ ഇവയിൽ തളച്ചിട്ട് തങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മനുഷ്യകുലദ്രോഹികളുടെ കുത്സിതശ്രമങ്ങളും ശക്തിയാർജിക്കുന്നതായിക്കാണാം. യുദ്ധം അടിച്ചേൽപ്പിച്ചുകൊണ്ട്, പരിസ്ഥിതി തകർത്തുകൊണ്ട്, തീവ്രചൂഷണം വ്യാപകമാക്കിക്കൊണ്ട് – ഇങ്ങനെ വിവിധവും വ്യത്യസ്തവുമായ തന്ത്രങ്ങളാവിഷ്കരിച്ചാണ് അവരിത് സാധ്യമാക്കുന്നത്.

എല്ലാവിധ മാനുഷികമൂല്യങ്ങളും തകർത്തെറിഞ്ഞുകൊണ്ട്, കൊടുംക്രൂരതകൾ അരങ്ങേറിയ കാലമായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധം. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾക്കും ഫാസിസത്തിന്റെ തേർവാഴ്ചയ്ക്കും സാക്ഷ്യംവഹിക്കേണ്ടിവന്ന കാലമായിരുന്നു അത്. വിവരണാതീതമായ മനുഷ്യാവകാശധ്വംസനങ്ങളാണ് അന്ന് അരങ്ങേറിയത്. നിരപരാധികളും നിസ്സഹായരുമായ ലക്ഷോപലക്ഷം മനുഷ്യരാണ് കൊലയ്ക്കും പീഡനങ്ങൾക്കും ഇരയായത്. എല്ലാ യുദ്ധങ്ങളും മനുഷ്യർക്കെതിരാണ്, ഓരോ യുദ്ധവും അവസാനിക്കുന്നത് മനുഷ്യരാശിക്ക് തീരാദുരിതങ്ങളും നികത്താനാകാത്ത നാശനഷ്ടങ്ങളും വാരിയെറിഞ്ഞുകൊണ്ടാണ്. എന്നിട്ടും തങ്ങളുടെ സ്വാർഥവും ഹീനവുമായ താൽപ്പര്യങ്ങൾക്കുവേണ്ടി ഭരണാധികാരികൾ ജനങ്ങളുടെമേൽ യുദ്ധം അടിച്ചേൽപ്പിക്കുന്നു; രണ്ടാംലോകയുദ്ധാനന്തരം ഒരു പത്രപ്രവർത്തകൻ വിശ്വവിഖ്യാത ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻ സ്റ്റൈനോട് ചോദിച്ചു: “ഒന്നാം ലോകയുദ്ധത്തിൽ പീരങ്കികളുപയോഗിച്ചു. രണ്ടാംലോകയുദ്ധത്തിൽ ആറ്റംബോംബ് ഉപയോഗിച്ചു. ഇനി മൂന്നാംലോകയുദ്ധമുണ്ടാവുകയാണെങ്കിൽ എന്തുതരം ആയുധമാണുപയോഗിക്കുക?” ഐൻസ്റ്റൈൻ പറഞ്ഞ മറുപടി ഇങ്ങനെയത്രെ: “മൂന്നാംലോകയുദ്ധത്തിൽ എന്തുപയോഗിക്കുമെന്ന് എനിക്ക് പറയാനാവില്ല. എന്നാൽ നാലാംലോകയുദ്ധത്തിൽ കല്ലും മരവുമായിരിക്കും ആയുധങ്ങൾ.” മൂന്നാമത് ഒരു മഹായുദ്ധമുണ്ടായാൽ അതിനെ അതിജീവിക്കാനുള്ള കഴിവ് മനുഷ്യസംസ്കാരത്തിനുണ്ടാവില്ലെന്ന് സൂചിപ്പിക്കുകയായിരുന്നു അദ്ദേഹം. അതുകൊണ്ടാണ് അദ്ദേഹം ലോകസമാധാനത്തിന്റെ പ്രമുഖ വക്താക്കളിലൊരാളായി മാറിയത്.

ഒന്നാംലോകയുദ്ധത്തിനുശേഷം, അതിൽ വിജയിച്ച സഖ്യകക്ഷികൾ മുൻകൈയെടുത്ത് ലീഗ് ഓഫ് നേഷൻസ് എന്ന അന്തർദേശീയ സംഘടനയ്ക്ക് രൂപം നൽകി. രാഷ്ട്രങ്ങൾ തമ്മിലുള്ള പരസ്പരസഹകരണത്തിലൂടെ മറ്റൊരു യുദ്ധം ഒഴിവാക്കുകയായിരുന്നു ലക്ഷ്യം. 1919-ൽ രൂപീകൃതമായ ഈ സംഘടനയ്ക്ക് കാര്യമായൊന്നും പ്രവർത്തിക്കാനായില്ല. രൂപീകരണവേളയിൽ അംഗീകരിച്ച പ്രമാണങ്ങൾ പല അംഗരാഷ്ട്രങ്ങളും ലംഘിച്ചു. ഹിറ്റ്ലർ അതിനെ പുച്ഛിച്ചുതള്ളി. രണ്ടാം ലോകയുദ്ധാരംഭത്തോടെ ലീഗ് പ്രവർത്തനരഹിതമായി.

ആ യുദ്ധമവസാനിച്ചപ്പോൾ, അതിൽ വിജയികളായ ഐക്യരാഷ്ട്രങ്ങൾ മുൻകൈയെടുത്ത് ലോകരാഷ്ട്രങ്ങളുടെ ഒരു സമ്മേളനം സാൻഫ്രാൻസിസ്കോയിൽ ചേർന്നു; ഐക്യരാഷ്ട്രസംഘടനയ്ക്ക് രൂപംനൽകി. അവർ ഒരു ചാർട്ടർ (ശാസനസംഹിത) അംഗീകരിച്ചു. അമേരിക്കൻ പ്രസിഡന്റ് റൂസ്വെൽറ്റാണ് ഐക്യരാഷ്ട്രസംഘടന എന്ന പേര് രൂപപ്പെടുത്തിയത്.





സംഘടന ലോകരാഷ്ട്രങ്ങളുടെ പരസ്പരസഹകരണത്തിനും പൊതുവായ പുരോഗതിക്കും സഹായകമായ നിരവധി നിർദേശങ്ങൾ തയ്യാറാക്കുകയും അനേകം കർമപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു. ഇനിയൊരു യുദ്ധം പാടില്ലെന്നവർ വ്യക്തമാക്കി.

ഐക്യരാഷ്ട്രസംഘടനയുടെ ചാർട്ടർ ആരംഭിക്കുന്നത് ഇപ്രകാരമാണ്: “ഞങ്ങൾ, ഐക്യരാഷ്ട്രങ്ങളിലെ ജനങ്ങൾ, സർവനാശംവരുത്തുന്ന യുദ്ധത്തിന്റെ കെടുതികളിൽനിന്ന് വരുംതലമുറകളെ രക്ഷിക്കുന്നതിനും അടിസ്ഥാന മനുഷ്യാവകാശങ്ങളിലും ഓരോ വ്യക്തിയുടെയും അന്തസ്സിലും ഉൽകൃഷ്ടതയിലും സ്ത്രീപുരുഷന്മാരുടെയും വലുതും ചെറുതുമായ എല്ലാ രാഷ്ട്രങ്ങളുടെയും തുല്യതയിലും ഉള്ള ദൃഢവിശ്വാസം ഊന്നിപ്പറയുന്നതിനും ഉടമ്പടികളിലൂടെയും അന്തർദേശീയ നിയമങ്ങളിലൂടെയും ഉയർന്നുവരുന്ന കടമകളോടുള്ള ആദരവും നീതിയും നിലനിർത്താവുന്ന അവസ്ഥ സൃഷ്ടിക്കുന്നതിനും സാമൂഹിക പുരോഗതിയും കൂടുതൽ സ്വാതന്ത്ര്യത്തോടുകൂടിയ കൂടുതൽ മെച്ചപ്പെട്ട ജീവിതനിലവാരവും പ്രോത്സാഹിപ്പിക്കുന്നതിനും തീരുമാനിക്കുന്നു.”

ഈ പ്രഖ്യാപനത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് മനുഷ്യാവകാശപ്രഖ്യാപനം തയ്യാറാക്കാൻ എലിനോ റൂസ്വെൽറ്റിന്റെ അധ്യക്ഷതയിലുള്ള ഒരു കമ്മിറ്റിയെ ഐക്യരാഷ്ട്രസഭ ചുമതലപ്പെടുത്തി. ഏറെ പ്രയാസകരമായ ആ ദൗത്യം അവർ സ്തുത്യർഹമായി നിറവേറ്റി. 1948 ഡിസംബർ 10 ന് പാരീസിൽ ചേർന്ന ഐക്യരാഷ്ട്രസഭയുടെ മൂന്നാമത് പൊതുസമ്മേളനം ഈ പ്രഖ്യാപനം ഏകകണ്ഠമായി അംഗീകരിച്ചു. വിയോജിപ്പുള്ളവർ വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്നു. ചിലർ നിഷ്പക്ഷത പുലർത്തി. മനുഷ്യാവകാശചരിത്രത്തിലെ അവിസ്മരണീയസംഭവമായി ആ പ്രഖ്യാപനം മാറി.

30 അനുച്ഛേദങ്ങളിലായി മനുഷ്യന്റെ സമസ്താവകാശങ്ങളും ഉൾക്കൊള്ളാൻ ഈ പ്രഖ്യാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ആ അവകാശങ്ങൾ ഇവയാണ്:

1. എല്ലാ മനുഷ്യരും തുല്യരായി ജനിക്കുന്നു, അന്തസ്സിലും അവകാശങ്ങളിലും അവർ തുല്യരാണ്. യുക്തിയും വിവേകവുംകൊണ്ട് അനുഗൃഹീതരായ അവർ പരസ്പര സാഹോദര്യത്തോടെ ജീവിക്കേണ്ടതാണ്.
2. വംശം, വർണം, ലിംഗം, ഭാഷ, മതം, രാഷ്ട്രീയമോ മറ്റുതരത്തിലുള്ളതോ ആയ അഭിപ്രായം, സ്വത്ത്, പദവി ഇങ്ങനെ ഏതെങ്കിലും വിധത്തിലുള്ള വിവേചനം കൂടാതെ ഈ പ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ അവകാശങ്ങൾക്കും എല്ലാവരും അർഹരാണ്. കൂടാതെ, ഒരാൾ ജനിച്ച രാജ്യത്തിന്റെയോ പ്രദേശത്തിന്റെയോ – അത് സ്വതന്ത്രമോ, സ്വയംഭരണമില്ലാത്തതോ, പരമാധികാരമില്ലാത്തതോ എന്തായാലും – രാഷ്ട്രീയമോ, നിയമപരമോ, അന്തർദേശീയമോ ആയ പദവികളുടെ അടിസ്ഥാനത്തിലും ഒരു വേർതിരിവും പാടില്ല.
3. ഓരോ വ്യക്തിക്കും സുരക്ഷിതമായും സ്വതന്ത്രമായും ജീവിക്കാനുള്ള അവകാശമുണ്ട്.
4. അടിമത്തം പാടില്ല. ഏത് രൂപത്തിലുള്ള അടിമക്കച്ചവടവും നിരോധിക്കണം.
5. ആരെയും പീഡനത്തിനോ, ക്രൂരതയ്ക്കോ, മനുഷ്യത്വരഹിതവും അന്തസ്സ് കെട്ടതുമായ പെരുമാറ്റത്തിനോ ശിക്ഷയ്ക്കോ വിധേയരാക്കരുത്.
6. നിയമത്തിന്റെ മുമ്പിൽ എവിടെയും ഒരു വ്യക്തിയെന്ന പരിഗണനയ്ക്ക് എല്ലാവർക്കും അവകാശമുണ്ട്.
7. നിയമത്തിന്റെ മുമ്പിൽ എല്ലാവരും തുല്യരാണ്. ഒരു വിവേചനവും കൂടാതെ, തുല്യമായ നിയമപരിരക്ഷ കിട്ടാൻ എല്ലാവരും അർഹരാണ്. ഈ പ്രഖ്യാപനത്തിന്റെ അന്തസ്സത്തയെ ലംഘിച്ചുകൊണ്ടുള്ള ഏതുവിധ

> നിയമത്തിന്റെ മുമ്പിൽ എല്ലാവരും തുല്യരാണ്. ഒരു വിവേചനവും കൂടാതെ, തുല്യമായ നിയമപരിരക്ഷ കിട്ടാൻ എല്ലാവരും അർഹരാണ്. ഈ പ്രഖ്യാപനത്തിന്റെ അന്തസ്സത്തയെ ലംഘിച്ചുകൊണ്ടുള്ള ഏതുവിധ വിവേചനത്തിൽനിന്നും തുല്യമായ സംരക്ഷണത്തിന് എല്ലാവർക്കും അവകാശമുണ്ട്.



വിവേചനത്തിൽനിന്നും തുല്യമായ സംരക്ഷണത്തിന് എല്ലാവർക്കും അവകാശമുണ്ട്.

8. ഭരണഘടനാപരമായോ നിയമപരമായോ ഒരാൾക്ക് ലഭിച്ചിട്ടുള്ള മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ, അതിനെതിരെ ദേശീയ നീതിപീഠങ്ങളെ സമീപിക്കുന്നതിനുള്ള അവകാശം എല്ലാവർക്കുമുണ്ട്.
9. ആരെയും അനധികൃതമായി അറസ്റ്റ് ചെയ്യാനോ തടഞ്ഞുവയ്ക്കാനോ പുറത്താക്കാനോ പാടില്ല.
10. ഒരാളുടെ അവകാശങ്ങളും കടമകളും നിർണയിക്കുമ്പോഴും, അയാൾക്കെതിരെ കുറ്റകൃത്യം ചുമത്തുമ്പൊഴും, ന്യായമായ വിചാരണയ്ക്കുവേണ്ടി സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു നീതിപീഠത്തെ സമീപിക്കുന്നതിന് ഏതൊരാൾക്കും അവകാശമുണ്ട്.
11. കുറ്റകൃത്യം ചുമത്തപ്പെട്ട ഏതൊരാളും പൊതുവിചാരണയിലൂടെ നിയമാനുസൃതം കുറ്റക്കാരനാണെന്ന് തെളിയിക്കപ്പെടുന്നതുവരെ, നിരപരാധിയായി പരിഗണിക്കപ്പെടണം.
12. പൂർവകാല പ്രാബല്യത്തോടുകൂടി ഒരാളുടെ കുറ്റകൃത്യം നിർവചിക്കാനോ, അത് നടക്കുമ്പോൾ നിശ്ചയിക്കപ്പെട്ടിരുന്നതിനേക്കാൾ കൂടുതൽ ശിക്ഷ അയാൾക്ക് നൽകാനോ പാടില്ല.
13. ഒരാളുടെ സ്വകാര്യത, കുടുംബം, വീട്, കത്തിടപാടുകൾ എന്നിവയിൽ അനധികൃതമായി കടന്നുകയറാനോ, അയാളുടെ അന്തസ്സിനെയോ സൽപ്പേരിനെയോ അധിക്ഷേപിക്കാനോ പാടില്ല. അത്തരം കടന്നുകയറ്റങ്ങൾക്കും അധിക്ഷേപങ്ങൾക്കും എതിരെ നിയമപരമായ സംരക്ഷണത്തിന് എല്ലാവർക്കും അവകാശമുണ്ട്.
14. പീഡനത്തിൽനിന്ന് രക്ഷപ്പെടുന്നതിന് മറ്റു രാജ്യങ്ങളിൽ അഭയംതേടുകയും അത് സ്വീകരിക്കുകയും ചെയ്യാൻ എല്ലാവർക്കും അവകാശമുണ്ട്. രാഷ്ട്രീയേതര കുറ്റകൃത്യങ്ങളിലോ ഐക്യരാഷ്ട്രസഭയുടെ ഉദ്ദേശ്യങ്ങൾക്കും തത്വങ്ങൾക്കും എതിരായുള്ള പ്രവർത്തനങ്ങളിലോ ഉള്ള വിചാരണയുടെ കാര്യത്തിലല്ലാതെ ഈ അവകാശം നിഷേധിക്കരുത്.
15. ഓരോ വ്യക്തിക്കും ഒരു രാഷ്ട്രത്തിൽ പൗരത്വത്തിനുള്ള അവകാശമുണ്ട്. ഒരാളുടെ പൗരത്വത്തെ അനധികൃതമായി ഇല്ലാതാക്കാനോ പൗരത്വം മാറ്റാനുള്ള അവകാശത്തെ നിഷേധിക്കാനോ പാടില്ല.
16. പ്രായപൂർത്തിയായ സ്ത്രീപുരുഷന്മാർക്ക് വംശം, പൗരത്വം, മതം എന്നിവയുടെ പരിമിതികൾ ഇല്ലാതെ വിവാഹംകഴിക്കാനും കുടുംബം സ്ഥാപിക്കാനുമുള്ള അവകാശമുണ്ട്. എല്ലാ കാര്യത്തിലും അവർ തുല്യാവകാശങ്ങൾക്ക് അർഹരാണ്.
രണ്ടുപേരുടെയും പൂർണവും സ്വതന്ത്രവുമായ സമ്മതത്തോടെ മാത്രമേ വിവാഹം പാടുള്ളൂ.
കുടുംബമാണ് ഒരു സമൂഹത്തിന്റെ സ്വാഭാവികവും അടിസ്ഥാനപരവുമായ ഘടകം. ഇതിന് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സംരക്ഷണത്തിന് അർഹതയുണ്ട്.

പ്രായപൂർത്തിയായ സ്ത്രീപുരുഷന്മാർക്ക് വംശം, പൗരത്വം, മതം എന്നിവയുടെ പരിമിതികൾ ഇല്ലാതെ വിവാഹംകഴിക്കാനും കുടുംബം സ്ഥാപിക്കാനുമുള്ള അവകാശമുണ്ട്. എല്ലാ കാര്യത്തിലും അവർ തുല്യാവകാശങ്ങൾക്ക് അർഹരാണ്. രണ്ടുപേരുടെയും പൂർണവും സ്വതന്ത്രവുമായ സമ്മതത്തോടെ മാത്രമേ വിവാഹം പാടുള്ളൂ. കുടുംബമാണ് ഒരു സമൂഹത്തിന്റെ സ്വാഭാവികവും അടിസ്ഥാനപരവുമായ ഘടകം. ഇതിന് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സംരക്ഷണത്തിന് അർഹതയുണ്ട്.







17. എല്ലാവർക്കും ഒറ്റയ്ക്കോ കൂട്ടായോ സ്വത്ത് സമ്പാദിക്കാനുള്ള അവകാശമുണ്ട്. ആരുടെയും സ്വത്ത് അനധികൃതമായി കൈയടക്കരുത്.
18. ചിന്ത, അവബോധം, മതം എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ട്. സ്വന്തം മതമോ വിശ്വാസമോ മാറാനുള്ള സ്വാതന്ത്ര്യവും ഒറ്റയ്ക്കോ കൂട്ടായോ രഹസ്യമായോ പരസ്യമായോ ഒരാളുടെ മതമോ വിശ്വാസമോ പ്രഭാഷണത്തിലൂടെയോ, ആരാധനയിലൂടെയോ അനുഷ്ഠാനങ്ങളിലൂടെയോ പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഇതിൽപ്പെടുന്നു.
19. അഭിപ്രായത്തിനും ആവിഷ്കാരത്തിനുമുള്ള അവകാശം എല്ലാവർക്കുമുണ്ട്. ഒരുവിധ ഇടപെടലുകളുമില്ലാതെ അഭിപ്രായങ്ങൾ വച്ചുപുലർത്താനും പരിധിയില്ലാതെ ഏതു മാധ്യമങ്ങളിലൂടെയും വിജ്ഞാനവും ആശയങ്ങളും അന്വേഷിക്കാനും സ്വീകരിക്കാനും പ്രചരിപ്പിക്കാനും ഉള്ള സ്വാതന്ത്ര്യം ഇതിൽപെടുന്നു.
20. സമാധാനപരമായി സംഘടിക്കാനും സമ്മേളിക്കാനും ഉള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. ഏതെങ്കിലും സംഘടനയിൽ ചേരുന്നതിൽ ആരെയും നിർബന്ധിക്കരുത്.
21. നേരിട്ടോ, തെരഞ്ഞെടുക്കുന്ന പ്രതിനിധികളിലൂടെയോ സ്വന്തം രാജ്യത്തെ ഭരണനിർവഹണത്തിൽ പങ്കാളിയാകാൻ എല്ലാവർക്കും അവകാശമുണ്ട്. രാജ്യത്തെ പൊതുസേവനരംഗത്ത് പ്രവേശനത്തിന് തുല്യാവകാശം എല്ലാവർക്കും ഉണ്ട്.
സർക്കാരിന്റെ അധികാരത്തിന്റെ അടിസ്ഥാനം ജനങ്ങളുടെ ഇച്ഛയായിരിക്കണം. സാർവത്രികവും തുല്യവുമായ വോട്ടവകാശത്തോടും രഹസ്യമോ സ്വതന്ത്രമോ ആയ സമ്മതിദാനക്രമത്തോടുംകൂടി, കാലാകാലങ്ങളിൽ നടക്കുന്ന സത്യസന്ധമായ തെരഞ്ഞെടുപ്പിലൂടെയാവണം ജനേച്ഛ പ്രകടിപ്പിക്കേണ്ടത്.
22. സമൂഹത്തിലെ ഒരംഗമെന്ന നിലയ്ക്ക് സാമൂഹികസുരക്ഷയ്ക്ക് എല്ലാവർക്കും അവകാശമുണ്ട്. ഓരോ വ്യക്തിക്കും അയാളുടെ വ്യക്തിത്വവികാസത്തിനും അന്തസ്സിനും അത്യന്താപേക്ഷിതമായ സാമ്പത്തിക-സാമൂഹിക-സാംസ്കാരികാവകാശങ്ങൾ, ഓരോ രാജ്യത്തിന്റെയും വിഭവങ്ങൾക്കനുസൃതമായി, സാക്ഷാത്കരിക്കാനുള്ള അർഹതയുണ്ട്.
23. എല്ലാവർക്കും തൊഴിൽചെയ്യാനും ഇഷ്ടമുള്ള തൊഴിൽ സ്വീകരിക്കാനും നീതിപൂർണവും അനുകൂലവുമായ

തൊഴിൽസാഹചര്യങ്ങൾക്കും തൊഴിലില്ലായ്മക്കെതിരെയുള്ള സംരക്ഷണത്തിനും അവകാശമുണ്ട്.

എല്ലാവർക്കും ഒരു വിവേചനവുമില്ലാതെ തുല്യജോലിക്ക് തുല്യവേതനത്തിനുള്ള അവകാശമുണ്ട്. ഓരോരുത്തർക്കും അവർക്കും അവരുടെ കുടുംബത്തിനും അന്തസ്സോടെ ജീവിക്കാനാവശ്യമായ നീതിയുക്തമായ വേതനത്തിന് അവകാശമുണ്ട്. ആവശ്യമാണെങ്കിൽ, സാമൂഹികസുരക്ഷിതത്വത്തിനുള്ള മറ്റുപായങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

തന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ട്രേയ്ഡ് യൂണിയനുകൾ രൂപീകരിക്കാനും അതിൽ ചേരാനുമുള്ള അവകാശം എല്ലാവർക്കുമുണ്ട്.

24. യുക്തിസഹമായ പ്രവൃത്തിസമയം, വേതനത്തോടുകൂടിയ അവധി എന്നിവയടക്കം വിശ്രമത്തിനും ഒഴിവുസമയത്തിനുമുള്ള അവകാശം എല്ലാവർക്കുമുണ്ട്.

25. ഓരോ വ്യക്തിക്കും അയാളുടെ കുടുംബത്തിനും ഭക്ഷണം, വസ്ത്രം, വീട്, ആരോഗ്യപരിചരണം, ആവശ്യമായ സാമൂഹികസേവനങ്ങൾ എന്നിവയുൾപ്പെടെ ആരോഗ്യത്തോടും ക്ഷേമത്തോടുംകൂടി ജീവിക്കുന്നതിനുള്ള അവകാശമുണ്ട്. തൊഴിലില്ലായ്മ, രോഗം, വൈകല്യം, വൈധവ്യം, വാർധക്യം എന്നിവയോ സ്വന്തം നിയന്ത്രണത്തിലല്ലാത്ത സാഹചര്യങ്ങളാൽ ഉണ്ടാവുന്ന ജീവിതപരാധീനതയോ സംഭവിക്കുമ്പോൾ പരിരക്ഷയ്ക്കുള്ള അവകാശം എല്ലാവർക്കുമുണ്ട്.

ഓരോ വ്യക്തിക്കും അയാളുടെ കുടുംബത്തിനും ഭക്ഷണം, വസ്ത്രം, വീട്, ആരോഗ്യപരിചരണം, ആവശ്യമായ സാമൂഹികസേവനങ്ങൾ എന്നിവയുൾപ്പെടെ ആരോഗ്യത്തോടും ക്ഷേമത്തോടും കൂടി ജീവിക്കുന്നതിനുള്ള അവകാശമുണ്ട്. തൊഴിലില്ലായ്മ, രോഗം, വൈകല്യം, വൈധവ്യം, വാർധക്യം എന്നിവയോ സ്വന്തം നിയന്ത്രണത്തിലല്ലാത്ത സാഹചര്യങ്ങളാൽ ഉണ്ടാവുന്ന ജീവിത പരാധീനതയോ സംഭവിക്കുമ്പോൾ പരിരക്ഷയ്ക്കുള്ള അവകാശം എല്ലാവർക്കുമുണ്ട്.

26. എല്ലാവർക്കും വിദ്യാഭ്യാസത്തിനുള്ള അവകാശമുണ്ട്. പ്രാഥമിക, അടിസ്ഥാനതലങ്ങളിലെങ്കിലും വിദ്യാഭ്യാസം സൗജന്യമായിരിക്കണം. പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാകണം. സാങ്കേതിക-തൊഴിൽ വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാകണം. ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യതാടിസ്ഥാനത്തിൽ എല്ലാവർക്കും തുല്യാവകാശം ഉണ്ടായിരിക്കണം.

വ്യക്തിത്വത്തിന്റ പൂർണവികാസത്തിലേക്കും മനുഷ്യാവകാശങ്ങളോടും മൗലികസ്വാതന്ത്ര്യത്തോടുമുള്ള ആദരവിലേക്കും നയിക്കുന്നതാവണം വിദ്യാഭ്യാസം. രാഷ്ട്രങ്ങളുടെയും വംശീയമോ മതപരമോ ആയ സംഘങ്ങളുടെയും ഇടയിൽ പരസ്പരധാരണയും സഹിഷ്ണുതയും വളർത്തുന്നതാവണം വിദ്യാഭ്യാസം. സമാധാനസംരക്ഷണത്തിനുള്ള ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തണം. കുട്ടികളുടെ വിദ്യാഭ്യാസരീതി തെരഞ്ഞെടുക്കുന്നതിൽ രക്ഷാകർത്താക്കൾക്ക് അവകാശമുണ്ട്.

27. സമൂഹത്തിന്റെ സാംസ്കാരികജീവിതത്തിൽ പങ്കാളിയാകുന്നതിനും കലാസ്വാദനത്തിനും ശാസ്ത്രീയ നേട്ടങ്ങളുടെ ഗുണഫലങ്ങൾ പങ്കിടുന്നതിനും എല്ലാവർക്കും അവകാശമുണ്ട്.

ശാസ്ത്രസാഹിത്യ കലാരംഗങ്ങളിൽ ഓരോരുത്തരും നടത്തുന്ന ആവിഷ്കാരങ്ങളുടെ ധാർമികവും ഭൗതികവും ആയ ഗുണഫലങ്ങൾ സംരക്ഷിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്.

28. ഈ പ്രഖ്യാപനം മുന്നോട്ടുവയ്ക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യവും പൂർണമായി സാക്ഷാത്കരിക്കുന്നതിനുള്ള സാമൂഹികവും അന്തർദേശീയവുമായ ക്രമീകരണത്തിന് എല്ലാവർക്കും അവകാശമുണ്ട്.

29. ഒരാളുടെ പൂർണവും സ്വതന്ത്രവുമായ വ്യക്തിത്വവികാസം സാധ്യമാകുന്ന സമൂഹത്തിൽ എല്ലാവർക്കും ചുമതലകളുമുണ്ട്. ഈ അവകാശങ്ങൾ എല്ലാവർക്കും ഉറപ്പുവരുത്താനും ജനാധിപത്യഭരണക്രമത്തിൽ ധർമം, സാമൂഹികക്രമം, പൊതുനന്മ ഇവയുടെ ആവശ്യങ്ങൾ നിറവേറ്റാനും അനുപേക്ഷണീയവും നിയമപരവുമായ നിയന്ത്രണങ്ങൾക്ക് ഓരോ വ്യക്തിയും വിധേയനാകേണ്ടതുണ്ട്. ഈ അവകാശങ്ങളും സ്വാതന്ത്ര്യവും ഐക്യരാഷ്ട്ര സഭയുടെ ആശയങ്ങൾക്കും താൽപ്പര്യങ്ങൾക്കും വിരുദ്ധമായി ഒരിക്കലും പ്രാവർത്തികമാക്കരുത്.

30. ഈ അവകാശങ്ങളിലൊന്നുപോലും നിഷേധിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കാൻ ഏതെങ്കിലും രാഷ്ട്രത്തിനോ സംഘത്തിനോ വ്യക്തിക്കോ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതല്ല.





മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ചിന്തകൾ കൂടുതൽ മൂർത്തവും ഊർജസ്വലവുമാകുന്നതിന് സഹായിക്കുമെന്നതിനാലാണ് പ്രഖ്യാപനം പൂർണമായും ഇവിടെ നൽകിയത്. ലോകയുദ്ധങ്ങളും ഫാസിസ്റ്റ് ഭരണവും സൃഷ്ടിച്ച നരകീയ ദുരിതങ്ങളുടെ ചൂളയിലാണ് സാർവദേശീയ മനുഷ്യാവകാശപ്രഖ്യാപനം പാകപ്പെടുത്തിയത്. മനുഷ്യരാശിയെക്കുറിച്ചുള്ള ഉത്കണ്ഠയും കരുതലും നിറഞ്ഞുനിൽക്കുന്നതാണ് ഇതിലെ ഓരോ അനുച്ഛേദവും.

പ്രഖ്യാപനം അംഗീകരിച്ചതിനെത്തുടർന്ന്, ഇതിലെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള കർമപരിപാടികൾക്ക് അംഗരാഷ്ട്രങ്ങൾ രൂപംനൽകി. അന്തർദേശീയ മനുഷ്യാവകാശക്കോടതി രൂപംകൊണ്ടു, മനുഷ്യാവകാശ, പൗരാവകാശ സംരക്ഷണപ്രസ്ഥാനങ്ങൾ ഉടലെടുത്തു. വിവിധ കമ്മീഷനുകൾ രൂപീകരിക്കപ്പെട്ടു. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം തുടങ്ങിയ രംഗങ്ങളിലെല്ലാം മനുഷ്യർക്ക് മൗലികാവകാശങ്ങളുണ്ടെന്ന് പരക്കെ അംഗീകരിക്കപ്പെട്ടു. അവ സാക്ഷാത്കരിക്കുന്നതിനുള്ള നിയമങ്ങൾ പാസ്സാക്കി മനുഷ്യാവകാശങ്ങളുടെ കാര്യത്തിലുള്ള കുംഭകർണസേവ മിക്ക രാഷ്ട്രങ്ങളും അവസാനിപ്പിച്ചു.

പ്രഖ്യാപനത്തിന്റെ തൊട്ടടുത്ത വർഷമാണ് (1949 നവംബർ 26) ഇന്ത്യൻ ഭരണഘടന പാസ്സാക്കിയത്. "ഇന്ത്യയെ ഒരു പരമാധികാര സോഷ്യലിസ്റ്റ്, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, മതനിഷ്ഠ, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം" ചെയ്യുന്ന നമ്മുടെ ഭരണഘടന, സാർവദേശീയ മനുഷ്യാവകാശപ്രഖ്യാപനത്തിന്റെ ആത്മാവിനെ പൂർണമായും ഉൾക്കൊള്ളുന്നതാണ്.

അവകാശപ്രഖ്യാപനം കഴിഞ്ഞ് 70 വർഷങ്ങൾക്കുശേഷം, ഈ രംഗത്ത് വന്ന മാറ്റങ്ങൾ എന്തൊക്കെയാണ്? മനുഷ്യാവകാശങ്ങളുടെ ലംഘനം എല്ലാ സീമകളും അതിലംഘിച്ചിരിക്കുകയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും നേർക്കുള്ള കടന്നാക്രമണങ്ങൾ മനുഷ്യസംസ്കാരത്തെ നോക്കി പരിഹസിക്കുകയാണ്. അവകാശങ്ങൾ സംരക്ഷിക്കാൻ ബാധ്യതപ്പെട്ട ഭരണകൂടങ്ങൾ തന്നെ അതിക്രമങ്ങൾക്ക് നേതൃത്വംനൽകുന്ന വിചിത്രവും ഭീതിജനകവുമായ കാഴ്ചകളാണ് നാം ദൈനംദിനം കാണുന്നത്. ബോംബുകൾ വർഷിക്കുന്നു, നിരപരാധികളെ കൊന്നൊടുക്കുന്നു, ആസ്പത്രികളും സ്കൂളുകളും നശിപ്പിക്കുന്നു, പതിനായിരങ്ങളെ ജയിലിലിലടയ്ക്കുന്നു, എല്ലാവിധ സ്വാതന്ത്ര്യങ്ങളും നിഷേ



ധിക്കുന്നു. “ആലോചനാമയ”ങ്ങളായ കാര്യങ്ങളാണ് നമ്മുടെ ചുറ്റുപാടും അരങ്ങേറുന്നത്.


മനുഷ്യാവകാശങ്ങൾക്ക് ഈ കാലയളവിൽ കൂടുതൽ വ്യാപ്തി കൈവന്നിട്ടുണ്ട്. നാടിന്റെ വികസനത്തിനുവേണ്ടിയുള്ള മുറവിളികൾ നാടാകെ മുഴങ്ങുകയാണ്. റോഡ്, പാലം, അണക്കെട്ട്, കെട്ടിടങ്ങൾ ഇവയെല്ലാം വികസനത്തിന്റെ ഭാഗമാണ്. പക്ഷേ, ഇവയുടെ നിർമാണത്തിനുവേണ്ടി, കുടിയിറക്കപ്പെടുന്ന ജനസഹസ്രങ്ങളുടെ നിലവിളിയും ലോകമെമ്പാടും നിന്ന് ഉയർന്നുവരുന്നുണ്ട്. ജീവിക്കാനുള്ള പ്രാഥമികാവകാശങ്ങൾക്കുവേണ്ടിയാണ് അവരുടെ നിലവിളി. ഇവരുയർത്തുന്ന പ്രതിഷേധസ്വരംപോലും അടിച്ചമർത്തുകയോ അവഗണിക്കുകയോ ചെയ്യുന്നതായാണ് കണ്ടുവരുന്നത്.

കേന്ദ്ര സാഹിത്യഅക്കാദമി അവാർഡ് നേടിയ ഝാഡാഝഡതി (തീരാസങ്കടങ്ങൾ) എന്ന നോവലിലെ ഒരു കഥാപാത്രം പറയുന്നുണ്ട്: “ഞങ്ങൾ വികസനത്തിനെതിരല്ല. അതിന്റെ വില എന്താന്ന്വച്ചാൽ എടുത്തോളൂ. കുറേപ്പേർ വികസനത്തിന്റെ പേരിൽ സുഖമായി ജീവിക്കുകയാണെങ്കിൽ ജീവിച്ചോട്ടെ. പക്ഷേ, ഞങ്ങളുടെ പുനരധിവാസത്തിന്റെ വണ്ടിയും കൂടി അതിന്റെകൂടെ ഘടിപ്പിച്ചുകൂടെ? ഞങ്ങൾക്ക് പട്ടിണിയില്ലാതെ കഴിയാൻവേണ്ട ഉപ്പും ചോറുമെങ്കിലും ഉറപ്പാക്കിക്കൂടെ?... ഞങ്ങൾ പിച്ചക്കാരെപ്പോലെ നിങ്ങളുടെ പടിക്കൽ കുമ്പിളുംനീട്ടി നിന്നിട്ടില്ല. നിങ്ങളുടെ കൃഷിയിടങ്ങളിൽ വെള്ളമെത്തിക്കാൻ, പാടങ്ങളിൽ വിളവിറക്കാൻ, പഞ്ചസാരഫാക്ടറിയുണ്ടാക്കാൻ, യന്ത്രങ്ങൾ നടത്താൻ, നിങ്ങളുടെയൊക്കെ വീടുകളിൽ വൈദ്യുതിവിളക്കുകൾ പ്രകാശിക്കാൻ ഞങ്ങൾ ഞങ്ങളുടെ നാടും ഭാവിയും എല്ലാം അണക്കെട്ടിന്റെ അസ്തിവാരമാക്കി. വികസനത്തിന്റെ തേങ്ങയുടയ്ക്കുവാൻ വേണ്ടി ഞങ്ങളുടെ തലകളെയാണ് കല്ലുകളായി ഉപയോഗിച്ചത്. എല്ലാം നേടിയത് നിങ്ങൾ. ഞങ്ങളോ? കുടിവെള്ളത്തിനുവേണ്ടി, മരിച്ചാൽ കുഴിച്ചിടാനൊരു സ്ഥലത്തിനുവേണ്ടി യാചിച്ചുകൊണ്ടേയിരിക്കുന്നു. എപ്പോഴും ജയിക്കുന്നത് നിങ്ങൾ. ഞങ്ങൾ മരിച്ചാലും സങ്കടങ്ങൾ മാത്രം ബാക്കിയുള്ളവർ.” (കാളിയത്ത് ദാമോദരന്റെ തർജമയിൽനിന്ന്) ഇങ്ങനെ വികസനത്തിന്റെ പേരിൽ മനുഷ്യാവകാശങ്ങൾ ചവിട്ടിയരയ്ക്കപ്പെടുന്നവർ കോടിക്കണക്കിനാളുകളാണ്.

> ആൾക്കൂട്ടക്കൊലപാതകങ്ങൾ ഇന്ത്യയിൽ പെരുകുകയാണ്. ബീഫിന്റെ പേരിൽ മനുഷ്യർ കൊലചെയ്യപ്പെടുന്ന കാലമാണിത്. വംശീയതയും വർഗീയതയും ശക്തിപ്പെടുകയാണ്. അതിന്റെ പേരിലുള്ള അതിക്രമങ്ങൾക്ക് ഭരണകൂടം തന്നെ ഒത്താശചെയ്തു കൊടുത്താലോ? പൗരത്വരജിസ്റ്ററിൽ പേരില്ലെന്ന് പറഞ്ഞ് 19 ലക്ഷം ആളുകളാണ് ഒരുനാൾ പൊടുന്നനെ ആസ്സാമിൽ അനാഥരും അരക്ഷിതരുമായി മാറിയത്. ഇന്ത്യയെമ്പാടും പൗരത്വരജിസ്റ്റർ നടപ്പാക്കുമ്പോൾ എത്ര കോടി ജനങ്ങളായിരിക്കും എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട് ജീവിക്കേണ്ടിവരിക? മതാടിസ്ഥാനത്തിൽ പൗരത്വം തീരുമാനിക്കപ്പെടുന്ന രാഷ്ട്രം എങ്ങനെയാണ് മതനിരപേക്ഷ രാഷ്ട്രമായി നിലനിൽക്കുക?



ഐക്യരാഷ്ട്രസഭ, വികസനചർച്ചകളിൽ സുസ്ഥിരവികസനം എന്നൊരു സങ്കൽപ്പനം മുന്നോട്ടുവച്ചിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇന്നത്തെ തലമുറയുടെ മാത്രമല്ല, വരുംതലമുറകളുടെകൂടി ജീവിക്കാനുള്ള അവകാശം സംരക്ഷിക്കണമെന്നാണ് സുസ്ഥിരവികസനം വ്യക്തമാക്കുന്നത്. ഇതോടുകൂടി പരിസ്ഥിതിസംരക്ഷണം മനുഷ്യാവകാശസംരക്ഷണത്തിന്റെ അവിഭാജ്യഘടകമായി മാറുകയാണ്; മനുഷ്യാവകാശസംരക്ഷണപ്രവർത്തനങ്ങൾക്ക് പുതിയ മാനം കൈവരികയാണ്. എന്നാൽ ഇപ്പോഴും ഇതെല്ലാം ആശയതലത്തിൽ മാത്രം നിൽക്കുകയാണ്. പ്രാണവായുകിട്ടാതെ, ഒരുനേരത്തെ ആഹാരം കിട്ടാതെ, മരുന്നുകിട്ടാതെ പിടഞ്ഞുവീഴുന്ന കുട്ടികൾ ഇന്ത്യയിൽപ്പോലും നിരവധിയാണ്. പരിസ്ഥിതി ചൂഷണം അനിയന്ത്രിതമായി നിർബാധം തുടരുകയാണ്.




ആൾക്കൂട്ടക്കൊലപാതകങ്ങൾ ഇന്ത്യയിൽ പെരുകുകയാണ്. ബീഫിന്റെ പേരിൽ മനുഷ്യർ കൊലചെയ്യപ്പെടുന്ന കാലമാണിത്. വംശീയതയും വർഗീയതയും ശക്തിപ്പെടുകയാണ്. അതിന്റെ പേരിലുള്ള അക്രമങ്ങളും കൂടിവരികയാണ്. ഇത്തരം അതിക്രമങ്ങൾക്ക് ഭരണകൂടം തന്നെ ഒത്താശചെയ്തുകൊടുത്താലോ? ഭരണകൂടംതന്നെ മനുഷ്യാവകാശങ്ങൾ ധ്വംസിച്ചാലോ? പൗരത്വരജിസ്റ്ററിൽ പേരില്ലെന്ന് പറഞ്ഞ് 19 ലക്ഷം ആളുകളാണ് ഒരുനാൾ പൊടുന്നനെ ആസ്സാമിൽ അനാഥരും അരക്ഷിതരുമായി മാറിയത്. സ്വന്തം വീടുകളിൽനിന്ന് അടിച്ചിറക്കി, പ്രത്യേകം ക്യാമ്പുകളിൽ അവരെ പാർപ്പിച്ചിരിക്കുന്നു. ഇന്ത്യയെമ്പാടും പൗരത്വരജിസ്റ്റർ നടപ്പാക്കുമ്പോൾ എത്രകോടി ജനങ്ങളായിരിക്കും എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട് ജീവിക്കേണ്ടിവരിക? മതാടിസ്ഥാനത്തിൽ പൗരത്വം തീരുമാനിക്കപ്പെടുന്ന രാഷ്ട്രം എങ്ങനെയാണ് മതനിരപേക്ഷ രാഷ്ട്രമായി നിലനിൽക്കുക?

ഏതാനും മാസങ്ങൾക്കുമുമ്പാണ് ജമ്മുകാശ്മീരിന്റെ പ്രത്യേക പദവി എടുത്തുകളഞ്ഞത്. വിശദമായ ചർച്ചകളോ ആലോചനകളോ ഇത് സംബന്ധിച്ചുണ്ടായിട്ടില്ല. പാർലമെന്റ് മൂകസാക്ഷി മാത്രം. അവിടെ സ്ഥിതിഗതികൾ ശാന്തമാണെന്നാണ് അധികാരികൾ അവകാശപ്പെടുന്നത്. എന്നാൽ ഒരു പത്രറിപ്പോർട്ട് ശ്രദ്ധിക്കുക. “ഫാറൂക്ക് അബ്ദുല്ല, ഒമർ അബ്ദുല്ല, മെഹബൂബ് മുഫ്തി എന്നീ മൂന്ന് മുൻമുഖ്യമന്ത്രിമാരും യാസിർ ഖാൻ, മുബീർഷ എന്നീ പ്രമുഖ വ്യവസായികളും ഇപ്പോഴും വീട്ടുതടങ്കലിലാണ്. കാശ്മീർ ഇന്ത്യൻ യൂണിയന്റെ ഭാഗമാക്കുന്നതിന് 1947-ൽ പ്രധാനപങ്കുവഹിച്ച ഷെയ്ക്ക് അബ്ദുല്ലയുടെ 114-ാം ജന്മവാർഷികത്തിൽ അദ്ദേഹത്തിന്റെ കബറിൽ പ്രാർഥിക്കുന്നതിനുപോലും ആരെയും അനുവദിച്ചില്ല. വാർത്താവിനിമയനിയന്ത്രണത്തിൽ ഇളവുവരുത്തിയിട്ടുണ്ടെങ്കിലും ഇന്റർനെറ്റ് ഇപ്പോഴും ലഭ്യമല്ല. വാർത്താവിനിമയനിരോധനവും ആക്രമണഭീതിയുംകൊണ്ട് സ്കൂളുകൾ പൂട്ടിയിട്ടിരിക്കയാണ്. കാശ്മീരിലെ 80 ലക്ഷം ജനങ്ങളിൽ 35 ശതമാനത്തിന്റെ ജീവിതമാർഗം ആപ്പിൾവ്യാപാരമാണ്. 8000 കോടിരൂപയുടെ ആപ്പിൾ വ്യാപാരം പൂർണമായി തകർച്ചയിലാണ്. വിനോദസഞ്ചാരമേഖല നിശ്ചലമാണ്” (6.12.2019 – മലയാള മനോരമ). ജമ്മുകാശ്മീരിന്റെ ഇന്നത്തെ യഥാർഥാവസ്ഥയെക്കുറിച്ചുള്ള ചില സൂചനകൾ മാത്രമാണിത്. സ്ഥിതിഗതികൾ കൂടുതൽ രൂക്ഷമാണെന്നാണ് അവിടെനിന്നുവരുന്ന വാർത്തകൾ പറഞ്ഞുതരുന്നത്.

മനുഷ്യാവകാശസംരക്ഷണത്തിനുവേണ്ടി എത്രയോ സംഘടനാസംവിധാനങ്ങൾ നിലവിലിരിക്കെ, അവയെയെല്ലാം അപ്രസക്തമാക്കിക്കൊണ്ടാണ് അവകാശലംഘനങ്ങളും നിഷേധങ്ങളും അരങ്ങുവാഴുന്നത്. ഈ ദുരിതാവസ്ഥയിലേക്ക് എല്ലാ മനുഷ്യരുടെയും ശ്രദ്ധയെ ആകർഷിക്കുകയും ഫലപ്രദമായ ചെറുത്തു നിൽപ്പിന് രൂപം നൽകുകയും ചെയ്യേണ്ടതുണ്ടെന്ന ഓർമപ്പെടുത്തലാണ് മനുഷ്യാവകാശ ദിനാചരണം.

വിക്ടർ ഹ്യൂഗോവിനെ ഒരിക്കൽക്കൂടി ഓർക്കട്ടെ. “നാമിപ്പോൾ കടന്നുപോകുന്നതും ഇപ്പോഴും ഏറെ ദുഃഖമയവുമായ പരിഷ്കാരഘട്ടത്തിൽ പാവങ്ങളുടെ പേർ മനുഷ്യർ എന്നാണ്. അവർ എല്ലാരാജ്യത്തും കിടന്ന് കഷ്ടപ്പെടുന്നു, എല്ലാഭാഷകളിലും നിലവിളിക്കുന്നു.” ◀



> അക്കിത്തത്തിന് ജ്ഞാനപീഠം പുരസ്കാരം ലഭിച്ചപ്പോഴും കവിതയുടെ സൂക്ഷ്മതയിലേക്ക് സഞ്ചരിക്കാതെ അദ്ദേഹത്തിന്റെ പൊതുജീവിതവ്യവഹാരങ്ങളെയും നിലപാടുകളെയും വിമർശനവിധേയമാക്കാനാണ് വലിയൊരു വിഭാഗം കാവ്യാസ്വാദകർ ശ്രമിച്ചത്.



# അക്കിത്തം കവിതകളിലെ ഓളവും പ്രവാഹവും

മഹാകവി അക്കിത്തം അച്യുതൻനമ്പൂതിരിക്ക് ജ്ഞാനപീഠം പുരസ്കാരം ലഭിച്ചപ്പോഴും കവിതയുടെ സൂക്ഷ്മതയിലേക്ക് സഞ്ചരിക്കാതെ അദ്ദേഹത്തിന്റെ പൊതുജീവിതവ്യവഹാരങ്ങളെയും നിലപാടുകളെയും വിമർശനവിധേയമാക്കാനാണ് വലിയൊരു വിഭാഗം കാവ്യാസ്വാദകർ ശ്രമിച്ചത്. പല ശ്രദ്ധേയരായ സാംസ്കാരികപ്രവർത്തകരും ഈ വേളയിൽ വിമർശനമുയർത്തുകയാണുണ്ടായത്. കവിതയാണല്ലോ വിലയിരുത്തേണ്ടത് എന്ന ശരി അംഗീകരിച്ചുകൊണ്ടുതന്നെ സംഘപരിവാറിനെ എതിർക്കുന്ന ആവേശത്തോടെ അക്കിത്തത്തെയും എതിർക്കുന്നതിനുള്ള ത്വര അവരിലുണ്ടായി. ഈ വസ്തുതയ്ക്കുമുമ്പിൽ നിന്നുകൊണ്ട് ഒരുവേള അക്കിത്തം പിന്നിട്ട വഴികളിലൂടെയും കവിതകളിലൂടെയും സഞ്ചരിക്കാം എന്നുകരുതുന്നു.

'പ്രകാശിക്കുന്ന ആത്മാവ്' എന്ന കുറിപ്പിൽ അക്കിത്തം എഴുതിയിട്ടുള്ളത് ഇങ്ങനെയാണ്: "അരുത്, സഞ്ജയനെയും മാരാരെയും തൊട്ടുപോകരുത്. അവർ സ്വൈര്യമായി സഞ്ചരിക്കട്ടെ. സഞ്ജയനും മാരാരും അനശ്വരാത്മാക്കളാണ്. അവരാൽ ആക്രമിക്കപ്പെട്ടാൽ ഞാൻ ധന്യനായി, അനശ്വരനായി. ഞാനാ ഗുരുവിശേഷന്മാരുടെ വാത്സല്യത്തിനുമുമ്പിൽ നമസ്കരിക്കുകയാണ് ചെയ്യുന്നത്." മാരാരും സഞ്ജയനും ചങ്ങമ്പുഴസാഹിത്യത്തെ കഠിനമായി വിമർശിച്ച സന്ദർഭത്തിൽ അവർക്ക് മറുപടി പറയാൻ അക്കിത്തം ശ്രമിച്ചു. ആ ശ്രമത്തെ പ്രതികൂലിച്ചുകൊണ്ട് ചങ്ങമ്പുഴതന്നെ അക്കിത്തത്തിന് എഴുതിയ കത്തിലെ ഉള്ളടക്കമാണിത്. തുടർന്ന് അക്കിത്തം എഴുതിയത് ഇതാണ്: "അതെന്നെ ചിന്തിപ്പിച്ചു. വികസിപ്പിച്ചു. ഇന്നെനിക്ക് എത്ര കടുത്ത നിരൂപണത്തെയും പുഞ്ചിരിയോടുകൂടി നേരിടാൻ കഴിയുന്നുണ്ടെങ്കിൽ അതിനു മുഖ്യകാരണം ചങ്ങമ്പുഴയുടെ ആ കത്താണ്."

രാഷ്ട്രീയപ്രവർത്തനം അക്കിത്തത്തിനു കടന്നൽക്കൂടാണ്. അതിന്റെ ഭാഗമായി ഒളിവിലും ജയിലിലും പോകേണ്ടിവരുന്ന അവസ്ഥകളും മറ്റും അക്കിത്തത്തെ അസ്വസ്ഥനാക്കിയിരുന്നു. ഏതുകവിയിലും




ഒരു സാധാരണമനുഷ്യൻ വ്യവഹരിക്കുന്നുണ്ടാവുമല്ലോ. യൗവനത്തിന്റെ നാസ്തികത പോയി ആസ്തികത വന്നു. ആ കാലത്തിന്റെ കുഴമറിച്ചിലുകൾ പാപക്കറകളുണ്ടാക്കി. പിന്നെ, എല്ലാം വിധിയുടെ രൂപത്തിൽ കാണാനായി ശ്രമങ്ങൾ. പാരമ്പര്യത്തോട് ഏറ്റുമുട്ടാനുള്ള ഇച്ഛാശക്തിക്ക് കുറവുവന്നു. ഗൃഹസ്ഥാശ്രമത്തിന്റെ പരിണതിയായി കണ്ടാൽ മതിയെന്നു തോന്നുന്നു. ഇതോടെ വൈരുധ്യങ്ങളുടെ ഒരു സമാഹാരമായി ആ ജീവിതം മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. ഇത് സത്യസന്ധതമൂലവും സംഭവിക്കാം. ഭീരുത്വം മൂലം സംഭവിച്ചതുമാകാം. ലോകവ്യവഹാരങ്ങളിലുള്ള അജ്ഞത കൊണ്ടുമാകാം. ഈ വൈരുധ്യങ്ങളാണ് കവിമനസ്സിന്റെ ഇന്ധനം. കവിത ഈശ്വരസത്തയായി പിറവിയെടുക്കുന്നു എന്നു വിഭാവനംചെയ്യുമ്പോൾത്തന്നെ വികലമായ ഒരു പ്രപഞ്ചദർശനത്തിന്റെ ഉദ്ഗിരണങ്ങൾ അങ്ങിങ്ങ് അദ്ദേഹത്തിൽ ദൃശ്യമാണ്. പക്ഷേ, അനിഷേധ്യമായ ഒരു കാവ്യപ്രപഞ്ചത്തിന്റെ ഉടമയാണ് അദ്ദേഹം. ഇതു വച്ചാണ് എഴുത്തുകാരനെ പരിഗണിക്കേണ്ടത്. വിമർശകർക്ക് ആ കാവ്യവടവൃക്ഷത്തിൽ കല്ലെടുത്ത് എറിയാനുള്ള സാധ്യതകൾ എത്രയോ അദ്ദേഹം നൽകിയിട്ടുണ്ട്. എങ്കിലും, എത്ര തല്ലിക്കൊഴിച്ചിട്ടും ആ വൃക്ഷത്തിൽ കായ്കനികൾ അവശേഷിക്കുന്നു എന്നതാണ് വസ്തുത.

പാരമ്പര്യാനുസാരിയും പാരമ്പര്യനിഷേധിയും ആയ കവിതകൾ അദ്ദേഹം എഴുതിയിട്ടുണ്ട്. നവോത്ഥാനനായകനായ വി.ടി.യുടെ പിറകെ കുറച്ചുദൂരം നടന്നു എങ്കിലും, പിൽക്കാലത്ത് താൻപോയ വഴിയെ വി.ടി.യെ നയിക്കാനും അദ്ദേഹം ശ്രമിച്ചു. ഇതുമൊരു വസ്തുതയാണ്. അതേപ്പറ്റി 'ജീർണ്ണോദ്ധാരണശ്രമത്തിന്റെ ചില മുഖങ്ങൾ' എന്ന പേരിൽ ടി.നാരായണൻ എഴുതിയ ലേഖനം എന്റെ മനസ്സിലുണ്ട്. നാരായണനെ സാഹിത്യലോകത്തിന് അത്ര പരിചിതമല്ലെങ്കിലും അദ്ദേഹം നല്ലൊരു പണ്ഡിതനാണെന്ന് അദ്ദേഹത്തെ അറിയാൻ ശ്രമിച്ചാൽ മനസ്സിലാകും. അദ്ദേഹത്തിന്റെ അക്കിത്തത്തെക്കുറിച്ചുള്ള ലേഖനം ഇങ്ങനെയാണ് തുടങ്ങുന്നത്. "നമ്പൂതിരിയില്ലങ്ങളിൽ മുപ്പതും മുപ്പത്തഞ്ചും വയസ്സുകഴിഞ്ഞിട്ടും അസൂര്യംപശ്യകളായും അനാഘ്രാതകുസുമങ്ങളായും കഴിയാൻ വിധിക്കപ്പെട്ടിരുന്ന പെൺകിടാങ്ങളുടെ ഓട്ടുവളക്കിലുക്കം കേട്ടുള്ളലിഞ്ഞ് അവരുടെ ഹൃദയങ്ങളെ പുതിയൊരു സ്വാതന്ത്ര്യഗാനാലാപംകൊണ്ടു ത്രസിപ്പിക്കുകയും അവരിൽ ഒരു യുഗപ്പിറവിയുടെ നവോന്മേഷം പരത്തുകയും ചെയ്തുകൊണ്ടാണ് അക്കിത്തം കവിതയെഴുത്തു തുടങ്ങിയത്. എന്നാൽ, പിൽക്കാലത്ത് സോമയാഗം നടന്ന കാലത്ത് (1983–84) അതേപ്പറ്റി മണിക്കൂറുകളോളം നീണ്ട പ്രക്ഷേപണമാണ് യജ്ഞമഹത്വത്തെ പുരസ്കരിച്ച് അക്കിത്തം ആകാശവാണിയിലൂടെ ചെയ്തത്." പുരോഗമനചിന്താഗതികൾ തീയിട്ടു ചുടുന്ന ഒരവസ്ഥയും മഹാകവിയിൽനിന്നുണ്ടായി എന്നതാണ് അവസ്ഥ.

ഇട്ട്യാംപറമ്പ് ഇല്ലത്തെ വിപ്ലവത്തിന്റെ ഈറ്റില്ലമാക്കിയതിന് യത്നിച്ച ഐ.സി.പി. നമ്പൂതിരിയെക്കുറിച്ച് എഴുതിയ കവിതയിലും ഈ വിപര്യയത്തിന്റെ ദൃഷ്ടാന്തമുണ്ട്. കാറൽ മാർക്സിനെയും ഹെഡ്ഗേവാറിനെയും ഒരേ അച്ചിൽ അവതരിപ്പിക്കാൻ പരിശ്രമിച്ചിട്ടുണ്ട്. കവി സങ്കുചിതവാദങ്ങളിലേക്ക് പിൽക്കാലത്ത് വഴുതിവീണുവോ എന്ന ശങ്ക അസ്ഥാനത്തല്ല.

യാഥാസ്ഥിതികത്വത്തിന്റെ കറ തന്നിൽനിന്നു പൂർണമായും പിഴിഞ്ഞുകളയാൻ കവിക്കു കഴിഞ്ഞില്ല എന്ന വിമർശനം നിലനിൽക്കുകതന്നെ ചെയ്യും. അപ്പോഴും, അദ്ദേഹത്തിലെ മഹാകവിയുടെ മണിമുത്തുകൾ വിളങ്ങിനിൽക്കും എന്ന വസ്തുത ഒരിക്കലും വിസ്മരിച്ചുകൂടാ.

"ഊരിത്തരൂ, പൂണുനൂലിൽ
മത്തികോർക്കട്ടെയിന്നു ഞാൻ"

എന്ന് സാമൂഹികയാഥാസ്ഥിതികത്വത്തെ വെല്ലുവിളിച്ച കവി ധീരമായി പിന്നെയും മുന്നോട്ടുപോയി.

"നിന്നെക്കൊന്നവർ കൊന്നൂ പൂവേ
തന്നുടെതന്നെ മോക്ഷത്തെ"

എന്നെഴുതാനും ഊക്കുകാണിച്ചു.

അനിഷേധ്യമായ ഒരു കാവ്യപ്രപഞ്ചത്തിന്റെ ഉടമയാണ് അക്കിത്തം. ഇതുവച്ചാണ് എഴുത്തുകാരനെ പരിഗണിക്കേണ്ടത്. വിമർശകർക്ക് ആ കാവ്യവടവൃക്ഷത്തിൽ കല്ലെടുത്ത് എറിയാനുള്ള സാധ്യതകൾ എത്രയോ അദ്ദേഹം നൽകിയിട്ടുണ്ട്. എങ്കിലും, എത്ര തല്ലിക്കൊഴിച്ചിട്ടും ആ വൃക്ഷത്തിൽ കായ്കനികൾ അവശേഷിക്കുന്നു എന്നതാണ് വസ്തുത.





അക്കിത്തത്തിന്റെ ആദ്യസമാഹാരത്തിനു വീരവാദം (1944) എന്നു പേരിട്ടത് മഹാകവി ചങ്ങമ്പുഴയാണ്. അതു പരിശോധിച്ചത് അദ്ദേഹത്തോടൊപ്പം സാക്ഷാൽ ജോസഫ് മുണ്ടശ്ശേരിയാണ്. പ്രസിദ്ധീകരിച്ചത് മംഗളോദയം പ്രസ്സും. ആ കാവ്യജീവിതയാത്ര 1940-കളുടെ തുടക്കത്തിലേ ആരംഭിച്ചതാണ്. വി.ടി.യുടെയും ഇടശ്ശേരിയുടെയും ഉറൂബിന്റെയും തട്ടകത്തിൽ വളർന്നുകായ്ച്ചു. ദേശീയപ്രസ്ഥാനത്തോടും ആ കവിചേതന പ്രതികരിച്ചു. വീരവാദം എന്ന കവിതയിൽ അദ്ദേഹം കുറിച്ചു.

“ക്ഷുദ്രതേ, സമുദായനീതി
തൻ കുപ്പായത്തിൽ
ഭദ്രമായ് നിവസിക്കും കാപട്യപാര
മൃമേ”എന്ന്.

മനോരഥം, ദത്തുപുത്രി എന്നീ കവിതകളും സ്വാതന്ത്ര്യസമര പശ്ചാത്തലമുള്ളവയാണ്. പിൽക്കാലത്ത് അദ്ദേഹം അക്കാലത്തെ ഓർമിച്ചെടുക്കുന്നതും അപഗ്രഥിക്കുന്നതുമായ പല കവിതകളും എഴുതിയിട്ടുണ്ട്. ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസമടക്കം അതിന്റെ നിദർശനമാണല്ലോ. കന്യാകുമാരിയിലെ കക്കകൾ, അഡയാറിലെ മുത്തച്ഛൻ, ഭാരതീയന്റെ ഗാനം, ദേശസേവിക എന്നിങ്ങനെയുള്ള കവിതകളും ഇക്കൂട്ടത്തിൽ നിരത്താവുന്നതാണ്.

ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം എന്ന ഒരൊറ്റ കൃതിതന്നെ കാവ്യസദസ്സിൽ തിളങ്ങിനിൽക്കാൻ തുടങ്ങിയിട്ട് ഏഴുദശകമാകാറായി. 1952 ആഗസ്റ്റ് 31-ന് ആണ് ആ കവിത മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചത്. ആ കവിതയ്ക്ക് നിത്യനൂതനത്വമുണ്ട്. ആ കവിത തന്നിൽ രൂപപ്പെട്ടതിനെക്കുറിച്ച് അക്കിത്തംതന്നെ പറയുന്നുണ്ടല്ലോ. ജീവിതത്തെ അറിയാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന സംഘർഷങ്ങൾ പലപ്പോഴും വിവരണാതീതമാണ്. ആധുനികനാഗരികജീവിതത്തിന്റെ ആഘാതങ്ങൾ കവിയെ ഏറെ ബാധിച്ചു. കാലുഷ്യത്തിന്റെയും ക്രൗര്യത്തിന്റെയും ആവിഷ്കാരങ്ങൾ എല്ലാം ഇതിഹാസകാരനെ നീറ്റുകയുണ്ടായി. എല്ലാം വിധിയുടെ രൂപത്തിൽ കാണാൻ ശ്രമിച്ച കവിയിൽ കുറ്റബോധം നാമ്പിടുക സ്വാഭാവികമാണ്. അങ്ങനെ വസ്തുതകളെ കാണാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന വൈരുധ്യങ്ങളും നിരവധിയാണ്. ഈ പശ്ചാത്തലത്തിൽനിന്നാണ് ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസത്തെ കാണേണ്ടത്.

മാനവികതയുടെ സൗന്ദര്യാനുഭൂതികൾ അതിലേറെ അതിന്റെ വസ്തുനിഷ്ഠാനുഭവങ്ങൾ ഏറ്റുവാങ്ങാൻ തനിക്കു കഴിയാതെപോയതിന്റെ വിലാപത്തോടെയാണ് കവിത ആരംഭിക്കുന്നത്.

ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം.
ഒരു പുഞ്ചിരി ഞാൻ മറ്റു-
ള്ളവർക്കായ്ച്ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു
നിത്യനിർമലപൗർണമി.







അറിഞ്ഞീലിത്രനാളും ഞാ-
നിദ്ദിവ്യപുളകോദ്ഗമം
ആ മഹാനഷ്ടമോർത്തോർത്തു
കുലുങ്ങിക്കരയുന്നു ഞാൻ.

നാലു ഖണ്ഡങ്ങളിലായി കവി സമകാലിക ജീവിതത്തിന്റെ സങ്കീർണതകളെ വളരെ ലളിതവും സുന്ദരവുമായ കാവ്യാത്മകഭാഷയിൽ ആവിഷ്കരിച്ചിരിക്കുന്നു. പ്രകാശമാനമായ ലോകത്തെ സാധ്യമാക്കാനുള്ള അന്വേഷണങ്ങളിൽ ഏർപ്പെട്ട് ചെയ്തുപോയ പലതും സത്യനിഷ്ഠമല്ലാതായി. ആധുനികമനുഷ്യജീവിതമാർജിച്ച ഉന്നതനിലകൾ പലതും പാപപങ്കിലമാണ്. അസ്വാതന്ത്ര്യങ്ങളുടെ മൂശയിൽക്കിടന്ന് പരുവപ്പെടുന്ന മനുഷ്യന്റെ അവസ്ഥ കഷ്ടതരമാണ്. ജ്ഞാനോപാസകരായി തിരിച്ചറിവ് നേടുമ്പോഴേക്കും ദുഃഖങ്ങൾ എത്രയോ ഏറ്റുവാങ്ങേണ്ടിവരുന്നു. സമസ്ത മാനുഷ്യകത്തിന്റെയും ദുഃഖം ഏറ്റുവാങ്ങുകയാണ് മേൽഗതി. നാഗരികജീവിതം മനുഷ്യന് അത് സമ്മാനിക്കുന്ന അന്യവൽക്കരണം ദുരിതസമാനമായ ജീവിതത്തേക്കാൾ പൊള്ളുന്ന അനുഭവമാണ്. കാലമെത്ര കഴിഞ്ഞാലും മനുഷ്യൻ മനുഷ്യനെ ഉൾക്കൊള്ളാത്തിടത്തോളംകാലം ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം വലിയ കാവ്യേതിഹാസമായി നിലകൊള്ളും.

ഈ കാവ്യത്തോട് ഏകദേശം കിടപിടിക്കുന്ന ഒരു ഡസൻ മഹത്തായ കവിതകളെങ്കിലും അക്കിത്തത്തിന്റെ വിപുലമായ കാവ്യജീവിതത്തിൽനിന്ന് നിഷ്പ്രയാസം കണ്ടെടുക്കാവുന്നതാണ്. കാവ്യജീവിതത്തിന്റെ അത്യുന്നതിയിലേക്ക് സഞ്ചരിക്കുമ്പോഴും ലാളിത്യവും വിനയവും പൂർവസൂരികളെക്കുറിച്ചുള്ള ഓർമകളും അദ്ദേഹത്തിൽ ആവോളമുണ്ടെന്നത് ഏതുസന്ദർഭത്തിലും ദൃശ്യമാണ്.

1123 ചിങ്ങമാസത്തിൽ (1947) ഉണ്ണിനമ്പൂതിരിയിൽ പ്രേംജി നടത്തിയ വിധവാവിവാഹത്തെപ്പറ്റി അക്കിത്തം എഴുതിയ റിപ്പോർട്ട് ഉണ്ട്. അതിൽ അക്കിത്തം എഴുതിയ വരികൾകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ. “വിവാഹച്ചടങ്ങുകൾ അവസാനിച്ചപ്പോൾ ശ്രീ.എം.എസ്.കൃഷ്ണൻനമ്പൂതിരിയാണ് ആദ്യം ആർപ്പുവിളിച്ചത്. ഈ പ്രപഞ്ചത്തിന്റെ മുഴുവൻ പൊട്ടിച്ചിരി ആ ആർപ്പിൽ അടങ്ങിയിരിക്കുന്നു; ഓരോ യാഥാസ്ഥിതികന്റെയും കാതിൽ ഒരു കൊടുങ്കാറ്റുപോലെ, ശ്രീ. എം.എസ്സിന്റെ ആ ആർപ്പ് മുഴങ്ങിക്കൊണ്ടിരിക്കും. അതേ, എന്നെന്നും.” പിൽക്കാലത്ത് യാഥാസ്ഥിതികത്വത്തെ ഇങ്ങനെയൊക്കെ കൈകാര്യം ചെയ്യാൻ അദ്ദേഹത്തിനായില്ല എന്നുമാത്രമല്ല, ആ കൊടുങ്കാറ്റുപോലുള്ള ആർപ്പുവിളി അദ്ദേഹത്തിന്റെ കാതിൽ ഇന്നു മുഴങ്ങുന്നില്ല എന്നു പറയാനാവുമോ? ◀|

കവിത • കെ.കെ.സുന്ദരേശൻ

# പൊന്നരിവാൾ

തോളിൽ തൂമ്പയൊതുക്കിക്കൈയിൽ
വിത്തുങ്കൊണ്ടൊരു പണിയാളൻ,
ഇല്ലധികാരമ്മണ്ണിലവന്നീ-
ച്ചൊല്ലധികാരം വിളയുമ്പോൾ.
താളുന്തകരയുമഷ്ടിക്കുള്ളൊരു-
പായമിതവനിയിലവനെന്നും,
താങ്ങായവനെക്കാത്തിടുവാനീ-
ത്താഴാതുള്ളൊരു കാമനയും.
ഏടുകളിൽപ്പുൽനാമ്പു കടിക്കാ-
നാകാതെത്ര പശുക്കളഹോ
നാടിതു മുക്തി വരിച്ചെന്നൂറ്റം-
കൊൾവതു കേട്ടു ശയിക്കുന്നു.
പൊള്ളുകയില്ലാ മുതുകുകൾ
സൂര്യക്കനലതു വീണു തപിച്ചാലും
ഉള്ളമതെന്നാൽ നീറിപ്പുകയും
കുഞ്ഞുങ്ങൾ വയർ കായുമ്പോൾ.

രാവതു കീറി വെളുക്കാനല്ലോ
പായ വിരിക്കുന്നടിയങ്ങൾ,
നടുവു നിവർത്തിയുറങ്ങാനില്ലൊരു
സമയമതെങ്ങോ ചോരുന്നൂ.
വിത്തുകൾ വാരിയെറിഞ്ഞൂ മണ്ണിൽ
മുത്തുകളപ്പടി വിളയിക്കും
കണ്ടൻ കോരൻ ചിരുതക്കാളി - കൈയ്യു
കളങ്ങനെ വിജയിപ്പൂ.
ഇല്ല കിടന്നിളവേൽക്കാൻ നല്ലൊരു ചാളയ
തോർക്കേ വിലപിക്കാൻ
തെല്ലറിവില്ലറിവെന്നാൽ വിധിയുടെ
ചില്ലാട്ടന്താനിവയെല്ലാം.
എല്ലു മുറിഞ്ഞു പണിഞ്ഞെന്നാൽ
പല്ലു മുറിഞ്ഞതു തിന്നീടാം
ചൊല്ലുകൾ തീർത്തൂ തമ്പ്രാക്കൾ
തെല്ലുമെതിർത്തില്ലടിയങ്ങൾ.



കുലയൊന്നങ്ങതു മൂത്ത് പഴുത്തൂ,
കൊതിതീരാതെ കിടാങ്ങളടുത്തൂ
വന്നതരിഞ്ഞൂ തമ്പ്രാനും ബത
വിധിയെന്നോതീ മലയനതും.
നല്ല ശമര്യക്കാരവരൊക്കും
തക്കമതേറ്റു വിതച്ചവരും
ദൈവത്തിൻ തിരുമഹിതക്കളികൾ
മുട്ടിപ്പായി പ്രാർഥനയായ്.
തീണ്ടാതുള്ളൊരു കാലമതിനിയും
വേണ്ടാതായെന്നോർത്തിടവേ
കൂറ്റവിടെപ്പലതാണ് വിശേഷം
അള്ളാവീശോ രക്ഷയതും.
പള്ളികൾ പാതിരി സുവിശേഷം
പ്രതിപതികങ്ങൾ പലതാണെങ്ങും,
പറയൻ പുലയൻ പതിതപ്പരിഷ-
യ്ക്കണിയാം നീളൻ കുപ്പായം.
ഊറ്റം കൊണ്ടൊരു കുഞ്ഞാട്
തനി മാറ്റമിതെന്തൊരു സൗഭാഗ്യം!
മാറ്റിയ കുറ്റിയിലാണീ ബന്ധന-
മോർക്കാനായില്ലടിയങ്ങൾ.
തീണ്ടാട്ടം വിട്ടുള്ളൊരു കാലം
കൊണ്ടാടിക്കരയേറുമ്പോൾ
തീണ്ടാനായില്ലവരുടെ ദേവനെ
മേലാളന്മാർക്കൊപ്പമതും.
പുത്തൻപാനകളാലയങ്ങളു-
മൊത്തതു പോലങ്ങുണ്ടാക്കി
അടിപണിയായങ്ങടിയാളർ
മേടകളെന്നുമവർക്കന്യം.
പൊയ്കയിലുള്ളൊരു യോഹന്നാൻ
പാടിയ പാട്ടുകളോർത്തെന്നാൽ
പറയൻ പുലയൻ മാർഗം ചേർന്നാ-
ലവനോ പതിതക്ക്യസ്ത്യാനി.
ഒഴുകിപ്പോകും വിശ്വാസത്തെ-
ത്തടയാൻ നോക്കി സനാതനികൾ,
മേന്മ പെരുമ്പറ കൊട്ടിദ്ദേവ-
സ്ഥാനമവർക്കു തുറന്നിട്ടൂ.
വെങ്ങാനൂരാ ദേശമതിങ്കൽ
നിന്നാണന്നൊരു പോരാളി,
എങ്ങാനും വീണടിയും ജനത-
യ്ക്കൊന്നാകാൻ ബലമേകിയവൻ.
പുല്ലുകൾ നിറയും നിങ്ങടെ പാടം
നെല്ല് മുളയ്ക്കില്ലിനി മേലിൽ,
നല്ലൊരു വിദ്യയ്ക്കധികാരം
ഞങ്ങടെ മക്കൾക്കില്ലെങ്കിൽ.
പഞ്ചമി പുലയപ്പെൺകൊടിയന്നവൾ
തഞ്ചമിരുന്നു പഠിച്ചൊരു ബഞ്ചും
പള്ളിക്കൂടം തന്നെയുമഗ്നി-
ക്കൈകൾക്കേകി നരാധമരവരും.

ഏടുകളേറെ മറിഞ്ഞു ജനാധിപ-
രീതിയിൽ നാട് സ്വതന്ത്രമതെന്നാൽ,
കോരനതിന്നും കുമ്പിളിലല്ലോ
കഞ്ഞി കുടിപ്പാനുള്ള നിയോഗം.
മണ്ണുമതില്ല മടപ്പാൻ, കൊയ്യും
വയലുകളിൽത്തരി സ്വന്തവുമല്ല,
നവലോകത്തിൻ ചക്രത്തിരിയലി-
ലടിപെട്ടുഴലാതെന്തു വഴി?
അല്ല, നമുക്കുണ്ടൊരു ലോകം
പുതുവഴിയൊന്നതിനായ് പണിയേണം,
നമ്മെ നയിക്കുക നാമാകേണം
നമ്മൾ നമുക്കധികാരികളും.
അന്നൊരു നാളധികാരം നമ്മുടെ
കൈകളിലെന്നു ധരിച്ചൂ നാം,
മണ്ണധികാരം സത്യമതാകാൻ
സ്വപ്നം കൊണ്ടു ചുവന്നൂ നാം.
കിട്ടി നമുക്കൊരു കൂരയ്ക്കിടമതു
കൂനിക്കൂടാനായെന്നാൽ,
വിത്തുകൾ സ്വന്തം മണ്ണിൽ വിതയ്ക്കാ-
നൊത്തില്ലിനിയും സ്വപ്നമത്.
ജന്മത്തിന്മേലധികാരം
തെല്ല് മുറുക്കാനായെന്നാൽ,
ജന്മിക്കോമരമുറഞ്ഞു തുള്ളി-
ത്തള്ളി മറിച്ചാ ഭരണത്തെ.
മതവും ജാതിയുമില്ലെന്നായാൽ
നിലയില്ലെന്ന തിരിച്ചറിവിൽ,
മേധാവിത്വമതാധിപദുഷ്കൃതി
മോചനനാടകമന്നാടി.
അറിവിനെ വാണിഭമാക്കാനിനിയും
തരമാകില്ലൊരു ശങ്കയതും
മണ്ണ് പകുത്താലടിതെറ്റും
ഭയമോ ഭൂതാവേശവുമായ്.
നാടിനെ നെറുകയിലേറ്റിയ നയ-
മടിയാളനെയുടയോനാക്കാനല്ലോ,
തടയണമതിനായ് നല്ലൊരുപായം
മതമായ് മാറിയ വിശ്വാസം.
തെരുവിൽ മതജാതികൾ തീർത്തൊരു
കോമരമോ തുള്ളിയുറഞ്ഞൂ,
തണലായി വളർന്നു പടർന്നൊരു
മരമൊന്നിൻ ശാഖയരിഞ്ഞൂ.
അധികാരമതാദ്യം കൊയ്യണ-
മതിനാകണമിനി ജനദൗത്യം,
പൊന്നരിവാൾ പുത്തൻകലവു-
മിടശ്ശേരിക്കവിതയതൂറ്റം.
വന്നിനി നാമേൽക്കുക കൈകളിൽ-
പ്പൊന്നരിവാൾ നന്മകൾ കൊയ്യാൻ,
കളകളതരിഞ്ഞിടുവാനും
മണ്ണിൽക്കൊടി നാട്ടിടുവാനും. ◀|



‘അടിച്ചമർത്തപ്പെടുന്നവർക്കും മർദിതർക്കും പീഡിതർക്കുമൊപ്പമാണ് കേരളത്തിന്റെ ചലച്ചിത്രമേള എക്കാലത്തും നിലകൊണ്ടിട്ടുള്ളത്. കേരളത്തിന്റെ സാംസ്കാരിക പോരാട്ടമാണ് ഈ ചലച്ചിത്രമേള’ – ഇരുപത്തിനാലാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് തിരശീല വീഴുമ്പോൾ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞ വാക്കുകൾ ഏറെ പ്രസക്തമാവുന്നു. മറ്റു ചലച്ചിത്രമേളകളിൽ നിന്ന് ഐ.എഫ്.എഫ്.കെ വേറിട്ടു നിൽക്കുന്നതും ഇക്കാരണം കൊണ്ടുതന്നെ.

# ലോകസിനിമയുടെ ജാലകം തുറന്നിട്ട മേള

## 24–ാമത് കേരള രാജ്യാന്തര ചലച്ചിത്രമേള അവലോകനം

ലോക സിനിമയിലെ പുതിയ മാറ്റങ്ങളും പ്രവണതകളും കാണികൾക്ക് പകർന്നുനൽകി കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ 24–ാം പതിപ്പിന് തിരശീല വീണു. സിനിമകളുടെ സെലക്ഷനിലെ മികവും കാണികളുടെ പങ്കാളിത്തവും കൊണ്ട് സജീവമായിരുന്ന മേളയുടെ പ്രതിനിധികളായി പന്ത്രണ്ടായിരത്തോളം പേരാണ് ഇക്കുറി തിരുവനന്തപുരം നഗരത്തിൽ എത്തിയത്. നിശാഗന്ധിയിൽ നടന്ന സമാപനസമ്മേളനത്തോടെയാണ് ചലച്ചിത്ര മേളയ്ക്ക് സമാപനമായത്.

ഡിസംബർ ആറു മുതൽ പന്ത്രണ്ട് വരെ നടന്ന മേളയിൽ മത്സരവിഭാഗം, ഇന്ത്യൻ സിനിമ, ലോകസിനിമ, കൺട്രി ഫോക്കസ് തുടങ്ങി 15 വിഭാഗങ്ങളിലായി 73 രാജ്യങ്ങളിൽനിന്നുള്ള 186 സിനിമകളാണ് പ്രദർശിപ്പിച്ചത്. രണ്ടു മലയാള ചിത്രങ്ങൾ ഉൾപ്പടെ 14 ചിത്രങ്ങളാണ് അന്താരാഷ്ട്ര മത്സരവിഭാഗത്തിൽ ഉൾപ്പെടുത്തിയത്. മലയാള സിനിമ ഇന്ന് എന്ന വിഭാഗത്തിൽ 12 ചിത്രങ്ങളും ഇന്ത്യൻ സിനിമ ഇന്ന് എന്ന വിഭാഗത്തിൽ ഏഴ് സിനിമകളും പ്രദർശിപ്പിച്ചു. ലോകസിനിമാ വിഭാഗത്തിൽ 92 ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. ആറ് സർക്കാർ തിയേറ്ററുകളടക്കം 14 തിയേറ്ററുകളിലായിട്ടാണ് സിനിമകൾ പ്രദർശിപ്പിച്ചത്.

### പാരസൈറ്റ്, നോ ഫാദേഴ്സ് ഇൻ കാശ്മീർ...

ശരാശരി നിലവാരം പുലർത്തിയ സിനിമകളാൽ സമ്പന്നമായ മേള എന്നതാണ് ഇക്കുറി ഐ.എഫ്. എഫ്.കെയ്ക്ക് ചേരുന്ന വിശേഷണം. കൊറിയൻ ചിത്രം പാരസൈറ്റ്, ഇന്ത്യൻ ചിത്രം നോ ഫാദഴ്സ് ഇൻ കാശ്മീർ എന്നിവ ആദ്യ പ്രദർശനം കൊണ്ടു തന്നെ മേളയിൽ ഏറ്റവുമധികം അഭിപ്രായം നേടിയ ചിത്രങ്ങളായി മാറി. ഈ സിനിമകളുടെ പ്രദർശനത്തിനായിരുന്നു ഏറ്റവുമധികം തിരക്ക് അനുഭവപ്പെട്ടതും. കാശ്മീരിലെ സമകാലിക യാഥാർഥ്യവും ന്യൂനപക്ഷങ്ങൾ നേരിടുന്ന വെല്ലുവിളിയും പ്രമേയമാക്കിയ നോ ഫാദേഴ്സ് ഇൻ കാശ്മീർ തീവ്ര രാഷ്ട്രീയം പറയുന്ന സിനിമ എന്ന തരത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ടേക്കാവുന്ന സിനിമയാണ്. മനുഷ്യർക്കിടയിലെ ക്ലാസ് വിഭജനവും സമ്പന്ന, അടിസ്ഥാന വർഗങ്ങളുടെ ജീവിത വ്യത്യാസവും പ്രമേയമാക്കുന്ന പാരസൈറ്റ് വെറുതെ കണ്ട് കളയാനുള്ള സിനിമയല്ല.

ഡെസ്പൈറ്റ് ദി ഫോഗ്, കാമിൽ, അവർ മദേഴ്സ്, ആൾ








ആഫ്രിക്കൻ റിപ്പബ്ലിക്കുകളിലെ ആഭ്യന്തര കലാപത്തിനിടയിൽ വനിത ഫോട്ടോഗ്രാഫറുടെ കാമറാക്കണ്ണുകളിലൂടെ കലാപ ഭൂമികയെ അടയാളപ്പെടുത്തുന്ന ബോറിസ്ലോജ്കിന്റെ ഫ്രഞ്ച് ചിത്രം കാമിൽ മേളയിലെ വേറിട്ട അനുഭവമായി.

ദിസ് വികറി, ആനി മാനി, മായിഘട്ട്, ഐഫ സ്ട്രീറ്റ്, ആദം, സൺസ് ഓഫ് ഡെൻമാർക്ക്, ഡീപ് വെൽ, ബലൂൺ, പാസ്ഡ് ബൈ സെൻസർ, ഡീഗോ മറഡോണ, ഡോർ ലോക്ക്, കേവ്, മേയ്ഡ് ഇൻ ബംഗ്ലാദേശ്, ജസ്റ്റ് 6.5, ഹെല്ലാരോ, ജല്ലിക്കട്ട്, അക്സോൺ, ദി പ്രൊജക്ഷനിസ്റ്റ്, ദി കിൽറ്റ്, ആൾ ദിസ് വികറി, അപാർട്ട് ടുഗദർ തുടങ്ങിയ ചിത്രങ്ങൾ പ്രേക്ഷകപ്രീതിയിൽ മുമ്പിലെത്തി.

ലോകത്തെ മുൻനിര ചലച്ചിത്ര മേളകളായ കാൻ, വെനീസ്, ടൊറന്റോ, ബെർലിൻ, ബുസാൻ, റോട്ടർഡാം ഫെസ്റ്റിവലുകളിൽ അംഗീകാരങ്ങൾ വാരിക്കൂട്ടിയ ചിത്രങ്ങൾ മേളയിൽ പ്രദർശനത്തിനുണ്ടായിരുന്നു. സമകാലിക ലോകസിനിമയിലെ മഹാരഥന്മാരായ പെഡ്രോ അൽമോദോവർ, മുഹ്സിൻ മക്മൽബഫ്, മൈക്കേൽ ഹനേക, കെൻ ലോച്ച്, ഫത്തിഹ് അകിൻ, കോസ്റ്റ ഗാവ്രാസ്, ഏലിയ സുലൈമാൻ തുടങ്ങിയവരുടെ ഏറ്റവും പുതിയ ചിത്രങ്ങൾ മേളയിൽ ഉൾപ്പെടുത്തിയിരുന്നു. ഇന്ത്യൻ സിനിമയിലെ മൺമറഞ്ഞ പ്രതിഭകളായ മൃണാൾ സെൻ, ഗിരീഷ് കർണാട്, ലെനിൻ രാജേന്ദ്രൻ, എം.ജെ. രാധാകൃഷ്ണൻ, മിസ് കുമാരി, ടി.കെ. പരീക്കുട്ടി എന്നിവർക്ക് സ്മരണാഞ്ജലി അർപ്പിച്ച് ഇവരുടെ ഏഴ് ചിത്രങ്ങൾ പ്രദർശിപ്പിച്ചു. ദേശീയ പുരസ്കാര ജേതാവായ മുതിർന്ന നടി ശാരദയ്ക്ക് ആദരമർപ്പിച്ച് റെട്രോസ്പെക്ടീവ് വിഭാഗത്തിൽ നാലു ചിത്രങ്ങൾ പ്രദർശിപ്പിച്ചു.



കാശ്മീരിലെ സമകാലിക യാഥാർഥ്യവും ന്യൂനപക്ഷങ്ങൾ നേരിടുന്ന വെല്ലുവിളിയും പ്രമേയമാക്കിയ നോ ഫാദേഴ്സ് ഇൻ കാശ്മീർ തീവ്ര രാഷ്ട്രീയം പറയുന്ന സിനിമ എന്ന തരത്തിൽ ഏറെ ചർച്ചചെയ്യപ്പെട്ടേക്കാവുന്ന സിനിമയാണ്. മേളയിലെ ആദ്യ പ്രദർശനം കൊണ്ടുതന്നെ ഏറ്റവുമധികം അഭിപ്രായം നേടിയ ചിത്രങ്ങളിലൊന്നായി നോ ഫാദേഴ്സ് ഇൻ കാശ്മീർ.

## ചർച്ച ചെയ്യപ്പെട്ട മത്സരവിഭാഗം സിനിമകൾ

മേളയിൽ ഏറ്റവുമധികം ശ്രദ്ധനേടുന്ന മത്സരവിഭാഗത്തിൽ വ്യത്യസ്ത പ്രമേയ പരിസരങ്ങൾ കൊണ്ടും ചർച്ച ചെയ്യുന്ന സവിശേഷമായ രാഷ്ട്രീയം കൊണ്ടും പ്രസക്തമായ പതിനാല് സിനിമകളാണ് പ്രദർശിപ്പിച്ചത്. ലബനനിലെ ഹിസ്ബുല്ല-ഇസ്രായേൽ യുദ്ധ പശ്ചാത്തലത്തിൽ തോക്കിൻകുഴലിനു മുന്നിലെ മനുഷ്യന്റെ അതിജീവനകഥ പറയുന്ന അഹമ്മദ് ഗൊസൈന്റെ ലെബനീസ് ചിത്രം ആൾ ദിസ് വികറി, ആഫ്രിക്കൻ റിപ്പബ്ലിക്കുകളിലെ ആഭ്യന്തര കലാപത്തിനിടയിൽ വനിത ഫോട്ടോഗ്രാഫറുടെ കാമറാക്കണ്ണുകളിലൂടെ കലാപ ഭൂമികയെ അടയാളപ്പെടുത്തുന്ന ബോറിസ് ലോജ്കിന്റെ ഫ്രഞ്ച് ചിത്രം കാമിൽ, ഗ്വാട്ടിമാലയിലെ ആഭ്യന്തര കലാപത്തിനുശേഷമുള്ള വിചാരണയും ഇരകളുടെ നേരനുഭവങ്ങളും വിഷയമാകുന്ന അവർ മദേഴ്സ്, അറവുകാരനിൽ നിന്ന് രക്ഷപ്പെട്ടോടുന്ന പോത്തിന്റെ പിന്നാലെയുള്ള ഓട്ടത്തിനിടയിൽ പുറത്തുവരുന്ന മനുഷ്യന്റെ ഹിംസാത്മകതയും ആദിമ ചോദനകളും പ്രമേയമാകുന്ന ലിജോ ജോസ് പെല്ലിശ്ശേരിയുടെ മലയാള ചിത്രം ജല്ലിക്കട്ട്, എലിസോ എന്ന സിനിമാ ഓപ്പറേറ്റർ സിനിമാ റീലിലെ പെൺകുട്ടിയുമായി പ്രണയത്തിലാകുന്നതിലൂടെ മനുഷ്യബന്ധത്തിന്റെ ദൃഢതയെ ഓർമപ്പെടുത്തുന്ന ജോസ മരിയ കബ്രാലിന്റെ ദി പ്രൊജക്ഷനിസ്റ്റ്, ബീഫ് ഒരു രാഷ്ട്രീയ വിഷയമായ വർത്തമാനകാല ഇന്ത്യയെ അടയാളപ്പെടുത്തുന്ന ഫർഹാൻ ഇർഷാദിന്റ 'ആനി മാനി' തുടങ്ങിയ ചിത്രങ്ങൾ മത്സരവിഭാഗത്തിൽ പ്രേക്ഷകരെ ഏറെ ആകർഷിച്ചവയാണ്.




## 'ദേ സേ നതിംഗ് സ്റ്റെയ്സ് ദി സെയിമി'ന് സുവർണ ചകോരം

മികച്ച ചിത്രത്തിനുള്ള സുവർണചകോരം ജോ ഒഡാ

ഗിരി സംവിധാനം ചെയ്ത ജാപ്പനീസ് ചിത്രം 'ദേ സേ നതിംഗ് സ്റ്റെയ്സ് ദി സെയിം' നേടി. ലിജോ ജോസ് പെല്ലിശ്ശേരിയുടെ ജല്ലിക്കട്ട് ആണ് മികച്ച ചിത്രമായി പ്രേക്ഷകർ തിരഞ്ഞെടുത്തത്. മികച്ച സംവിധായകനുള്ള രജതചകോരം പാക്കരറ്റ് എന്ന ചിത്രത്തിന്റെ സംവിധായകൻ അലൻ ഡെബേർട്ടനാണ്. മികച്ച നവാഗത സംവിധായകനുള്ള രജതചകോരം സ്പാനിഷ് ചിത്രമായ അവർ മദേഴ്സിന്റെ സംവിധായകൻ സീസർ ഡയസ് നേടി. മികച്ച ചിത്രത്തിനുള്ള ഫിപ്രസി രാജ്യാന്തര പുരസ്കാരത്തിന് ബോറിസ് ലോജ്കെയ്ൻ സംവിധാനം ചെയ്ത കാമിലും ഈ വിഭാഗത്തിലെ മികച്ച മലയാള ചിത്രമായി സന്തോഷ് മണ്ടൂർ സംവിധാനം ചെയ്ത പനിയും തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലെ മികച്ച നവാഗത സംവിധായകനുള്ള എഫ്.എഫ്.എസ്.എ കെ.ആർ മോഹനൻ പുരസ്കാരം ആനി മാനി എന്ന ചിത്രത്തിലൂടെ ഫാഹിം ഇർഷാദ് നേടി. മികച്ച ഏഷ്യൻ ചിത്രത്തിനുള്ള നെറ്റ്പാക് പുരസ്കാരവും ആനി മാനിക്കാണ്. മേളയിലെ മികച്ച മലയാള ചിത്രത്തിനുള്ള നെറ്റ്പാക് പുരസ്കാരം ഡോ.ബിജു സംവിധാനം ചെയ്ത വെയിൽമരങ്ങൾ നേടി. നെറ്റ്പാക് പ്രത്യേക ജൂറി പരാമർശത്തിന് മധു സി.നാരായണൻ സംവിധാനം ചെയ്ത കുമ്പളങ്ങി നൈറ്റ്സ് അർഹമായി.





നിശാഗന്ധിയിൽ നടന്ന ചലച്ചിത്രമേളയുടെ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ പ്രതികരിക്കുന്നവരെ നിശബ്ദരാക്കാൻ ശ്രമിക്കുന്ന സാഹചര്യങ്ങളാണ് രാജ്യത്ത് നിലനിൽക്കുന്നതെന്നും അത്തരം വെല്ലുവിളികളിൽ ഇന്ത്യ മുട്ടുകുത്തില്ലെന്നും ആരും നിശബ്ദരാകാൻ പോകുന്നില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അടിച്ചമർത്തപ്പെടുന്നവർക്കും മർദിതർക്കും പീഡിതർക്കുമൊപ്പമാണ് കേരളത്തിന്റെ ചലച്ചിത്രമേള എക്കാലത്തും നിലകൊണ്ടിട്ടുള്ളതെന്നും കേരളത്തിന്റെ സാംസ്ക്കാരിക പോരാട്ടമാണ് ഈ ചലച്ചിത്ര മേളയെന്നും മുഖ്യമന്ത്രി പറഞ്ഞു.





ചലച്ചിത്ര മേളയുടെ ആജീവനാന്ത പുരസ്കാരം വിഖ്യാത അർജന്റീനിയൻ സംവിധായകൻ ഫെർണാണ്ടോ സൊളാനസിന് മുഖ്യമന്ത്രി സമ്മാനിച്ചു. സുവർണചകോരവും രജതചകോരവുമടക്കമുള്ള മേളയിലെ മറ്റു ജേതാക്കൾക്കും മുഖ്യമന്ത്രി പുരസ്കാരങ്ങൾ സമ്മാനിച്ചു. വരാനിരിക്കുന്ന രജത ജൂബിലി മേളയുടെ വിളംബരമോതി നടി റിമാ കല്ലിങ്കലിന്റെ നൃത്തത്തോടെയാണ് 24-ാമത് മേളയ്ക്ക് സമാപനം കുറിച്ചത്. ◀





കഥ ● അജിത മേനോൻ

# പ്രളയം പത്മനാഭൻനായരോട് ചെയ്തത്...

(നെരൂദയുടെ കവിതയിൽ വസന്തം ചെറിമരങ്ങളോട് ചെയ്തതുപോലെ സന്തോഷപ്രദമായ കാര്യമൊന്നുമല്ല പ്രളയം പത്മനാഭൻ നായരോട് ചെയ്തത്.)



2018 ആഗസ്റ്റ് 15... ഭാരതം സ്വതന്ത്രമായിട്ട് 71 വർഷം തികയുന്നു. വയസ് 95 ആയെങ്കിലും പട്ടാളക്കാരനായിരുന്ന പത്മനാഭൻനായർക്ക് ദേശപ്രേമത്തിന് ഒട്ടും കുറവില്ലായിരുന്നു. അതുകൊണ്ട് രാവിലെ തന്നെ കുളിച്ച് റെഡിയായി പത്മനാഭൻനായർ മകൻ പ്രകാശനെ ഫോണിൽ വിളിച്ചു; "പ്രകാശാ... നീ വേഗം വാ, ഒമ്പത് മണിക്ക് ജംഗ്ഷനിൽ പതാക ഉയർത്തും. നീവന്നിട്ട് വേണം എനിക്കങ്ങോട്ട് പോകാൻ... പിന്നെ വരുമ്പോൾ കുറച്ച് ലഡു കൂടി വാങ്ങിച്ചോ..." പ്രകാശന് പ്രതികരിക്കാനുള്ള സമയംപോലും കൊടുക്കാതെ പത്മനാഭൻനായർ ഫോൺവച്ചു.

സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവുമൊക്കെ പട്ടാളക്കാരന്റെ വിശ്രമജീവിതത്തിലെ തിളങ്ങുന്ന നക്ഷത്രങ്ങളാണ്. ആ ദിവസങ്ങളിൽ അയൽപക്കത്തുള്ളവർക്കൊക്കെ ലഡുവും മിഠായിയുമൊക്കെ അയാൾ മുടങ്ങാതെ വിതരണം ചെയ്യാറുണ്ട്. അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിൽ മുങ്ങിപ്പൊങ്ങുന്ന പുതുതലമുറയ്ക്ക് പത്മനാഭൻനായരുടെ ഇത്തരം പ്രവൃത്തികൾ വിചിത്രമായി തോന്നാറുണ്ട്. പതാക ഉയർത്തലിനപ്പുറം ദേശഭക്തി ഗാനാലാപനത്തിനപ്പുറം, രാഷ്ട്രപതിയുടെ സന്ദേശത്തിനപ്പുറം ഈ ദിനത്തെ ഒരുവികാരമായിട്ടെടുക്കാൻ കഴിയാത്ത യുവതലമുറയെക്കുറിച്ച് പത്മനാഭൻനായർക്ക് പരാതിയുമില്ല.

പ്രകാശന്റെ ബൈക്ക് മുറ്റത്തുവന്ന് നിന്നപ്പോഴേക്കും പത്മനാഭൻനായർ ചാരുകസേരയിൽനിന്നും എഴുന്നേറ്റു.

"അച്ഛനെങ്ങോട്ട് പോകണംന്നാ പറയണത്? ഈ കാറ്റും മഴയുമൊന്നും കാണുന്നില്ലേ?

ഈ മഴയത്ത് പോകാനൊന്നും പറ്റില്ല. അവിടെ ജംഗ്ഷനിലൊന്നും ഒറ്റ കുഞ്ഞു പോലുമില്ല."

"മഴയായാലും വെയിലായാലും പതാക ഉയർത്താണ്ടിരിക്കില്ല. ഗാന്ധിജി അന്ന് മഴയും വെയിലുമൊന്നും നോക്കി നിന്നിട്ടില്ലല്ലോ..." പത്മനാഭൻനായർ ക്ഷോഭത്തോടെ പറഞ്ഞു.

"അച്ഛനൊന്ന് അടങ്ങിയിരിക്കൂ... ഇന്നേതായാലും പോകാൻ പറ്റില്ല, ഇതാ... ലഡു... കുട്ടികളെയൊക്കെ വിളിച്ച് കൊടുത്തോളൂ..." പ്രകാശൻ ലഡുവിന്റെ പാക്കറ്റ് ഇറയത്ത് വെച്ചു.

"വീണ്ടും മഴ ചാറാൻ തുടങ്ങി. ഞാൻ പോകട്ടെ. വൈകിട്ട് വരാം. അമ്മയോട് പറഞ്ഞേക്കൂ..." പ്രകാശൻ ബൈക്കിൽ പോകുന്നതും നോക്കി പത്മനാഭൻനായർ നിരാശയോടെ ചാരുകസേരയിലേക്ക് ചാഞ്ഞു. എപ്പോഴോ മയങ്ങിപ്പോയ അയാൾ സാവിത്രിയമ്മയുടെ സ്വരം കേട്ടാണ് ഉണർന്നത്.

"നിങ്ങളെന്തിനാ പുറത്തിരുന്ന് ഉറങ്ങുന്നത്. എന്തൊരു മഴയാണ് പെയ്യുന്നത്. വെറുതെ ഇവിടെയിരുന്ന് തണുപ്പടിക്കാതെ അകത്തുപോയി കിടന്നൂടെ?" സാവിത്രിയമ്മ ചോദിച്ചു.

അതുകേട്ടപ്പോൾ അയാൾ എഴുന്നേറ്റ് അകത്തെ മുറിയിലേക്ക് നടന്നു. കട്ടിലിൽ പോയി കിടന്നപ്പോൾ ഗാന്ധിജിയുടെ സൗമ്യമായ പുഞ്ചിരി പത്മനാഭൻനായരുടെ കാഴ്ചകളെ മറച്ചു, വന്ദേമാതരത്തിന്റെ ആവേശ ധ്വനികൾ കാതുകളെ അടച്ചു. ദേവു വന്ന് വിളിച്ചെങ്കിലും ഉച്ചയൂണിന് അയാൾ എഴുന്നേറ്റ് ചെന്നതേയില്ല. അന്നേരമത്രയും എന്തിനോ ഒരുമ്പെട്ടിറങ്ങിയപോലെ മഴ നിൽക്കാതെ പെയ്യുന്നുണ്ടായിരുന്നു. സന്ധ്യ കഴിഞ്ഞപ്പോൾ ദേവു പത്മനാഭൻനായരുടെ ഇളയ മരുമകളെ ഫോൺ വിളിച്ചു. "മോളേ ഇവിടെ ഭയങ്കര മഴയാണ്. പറമ്പിലൊക്കെ വെള്ളം നിറഞ്ഞു. കുളമൊക്കെ കവിഞ്ഞൊഴുകുന്നുണ്ട്. എനിക്കെന്തോ ഒരു പേടിപോലെ..."

"ഒന്നുമില്ല ദേവകിയമ്മേ... നാളെത്തേക്ക് മഴയൊക്കെ കുറയും. പേടിക്കണ്ടാ... ഇവിടെ ജയചന്ദ്രേട്ടനില്ല, ബാംഗ്ലൂരിലാണ്. അല്ലെങ്കിൽ അങ്ങോട്ട് വരാൻ പറയാമായിരുന്നു. അച്ഛനും അമ്മയ്ക്കും ഭക്ഷണം കൊടുത്തിട്ട് ദേവകിയമ്മ വേഗം കഴിച്ച് കിടന്നോളൂ..." പത്മനാഭൻനായരുടെ അഞ്ചാമത്തെ മകനായ ജയചന്ദ്രന്റെ ഭാര്യ അമൃത ഫോണിലൂടെ ദേവകിയമ്മയെ ആശ്വസിപ്പിച്ചു.

പത്മനാഭൻനായർക്കും സാവിത്രിയമ്മയ്ക്കും അഞ്ച് ആൺമക്കളാണുള്ളത്. ഒടുവിലത്തെ മക്കളായ ജയപ്രകാശനും ജയചന്ദ്രനും ഒഴികെ മറ്റ് മൂന്ന് ആൺമക്കളും ഫാമിലിയും വിദേശത്താണ്. ജോലി ചെയ്യാൻ വലിയ താൽപ്പര്യമൊന്നുമില്ലാത്ത ജയപ്രകാശനെ ബാങ്ക് മാനേജരായ ഭാര്യ രേഖയും മക്കളും വല്ലാതെ ഗൗനിക്കാറില്ല. അതുകൊണ്ട് അയാൾ അച്ഛനെ ചുറ്റിപ്പറ്റി നിൽക്കുന്നു. ബിസിനസുകാരനായ ജയചന്ദ്രനെ ഭാര്യ അമൃതയ്ക്ക് പോലും ശരിക്ക് കാണാൻ കിട്ടാറില്ല. ഒരു പ്രൈമറി സ്കൂൾ ടീച്ചറായ അമൃത തന്നെയാണ് ദേവകിയമ്മയെ തപ്പിയെടുത്ത് അച്ഛനും അമ്മയ്ക്കും കൂട്ടിനായി കൊണ്ടുനിർത്തിയത്. ദേവകിയമ്മ തന്റെ ജോലി സത്യസന്ധതയോടും ഉത്തരവാദിത്തത്തോടും ചെയ്തുപോന്നു. അതുകൊണ്ടുതന്നെ പത്മനാഭൻ നായർക്ക് ലഭിക്കുന്ന സംസ്ഥാന–കേന്ദ്ര വിമുക്തഭടപെൻഷൻതുകയിൽ നിന്നും മാസംതോറും 15000 രൂപ ദേവകിയമ്മയ്ക്ക് കൊടുക്കുന്നതിൽ ആർക്കും വിഷമമില്ല.

പിറ്റേന്ന് രാവിലെ ഉണർന്നെഴുന്നേറ്റ ദേവകിയമ്മ അമ്പരന്നു. കട്ടിലിന്റെ കാൽ പകുതിയും മുങ്ങിനിൽക്കുന്ന വെള്ളം. വീടിനകത്താകെ വെള്ളം കയറിയിരിക്കുന്നു. മഴ അപ്പോഴും തുടർന്നു. കറന്റും ഇല്ലായിരുന്നു. അവർ വാതിൽ തുറന്ന് പുറത്തിറങ്ങി മുറ്റം നിറഞ്ഞുനിൽക്കുന്ന വെള്ളത്തിലൂടെ ഒരുവിധം തൊട്ടടുത്ത് താമസിക്കുന്ന സാവിത്രിയമ്മയുടെ ചേട്ടന്റെ വീട്ടിലെത്തി. അവിടെ ആരും ഇല്ലായിരുന്നു. അവിടെ മാത്രമല്ല, ചുറ്റിനുള്ള ഒരു വീട്ടിലും ആളില്ലെന്നും എല്ലാവരും രാത്രിതന്നെ മാറിപ്പോയിട്ടുണ്ടെന്നും അവർ ഒരു നടുക്കത്തോടെ മനസ്സിലാക്കി. വേഗം തിരികെ വന്ന് ഫോണിൽ പ്രകാശനെ വിളിച്ചു. പല തവണ വിളിച്ചിട്ടും അയാൾ ഫോൺ എടുത്തില്ല. അപ്പോഴേക്കും വെള്ളം കട്ടിലിനൊപ്പം എത്തിയിരുന്നു. ഇതൊന്നുമറിയാതെ രണ്ടുമുറികളിലായി കിടന്നിരുന്ന പത്മനാഭൻനായരെയും സാവിത്രിയമ്മയെയും ദേവകിയമ്മ എങ്ങിനെയൊക്കെയോ എഴുന്നേൽപ്പിച്ച് സ്വീകരണമുറിയിലെ കസേരയിൽ കൊണ്ടിരുത്തി. പിന്നെ അമൃതയ്ക്ക് ഫോൺ ചെയ്തു. അരമണിക്കൂറിനകം അമൃതയുടെ സഹോദരൻ അർജ്ജുൻ കാറുമായി വന്നു. പക്ഷേ, വണ്ടി വീടിനടുത്തുപോലും എത്തിക്കാനായില്ല. വഴികളിലെല്ലാം വെള്ളം നിറഞ്ഞ് പുഴപോലെയായിക്കഴിഞ്ഞിരുന്നു. മുറ്റത്ത് നിർത്തിയിട്ടിരുന്ന 50 മോഡലിലുള്ള അംബാസിഡർ കാർ പകുതിയിലധികം ചെളിവെള്ളത്തിൽ മുങ്ങിക്കഴിഞ്ഞിരുന്നു. കാറ് പത്മനാഭൻനായരുടെ ആത്മാവാണ്. ആറു മാസം മുമ്പുവരെ അയാൾ അടുത്തുള്ള ജംഗ്ഷനിലേക്ക് കാറോടിച്ച് പോകാറുണ്ടായിരുന്നു. ഒരു ദിവസം ഡ്രൈവ് ചെയ്യുമ്പോൾ ഷുഗർ കുറഞ്ഞ് തലചുറ്റൽവന്ന് കാറ് സൈഡിൽ നിർത്തിയിടേണ്ടി വന്നു. പിന്നീട് പ്രകാശനും നാട്ടുകാരുമൊക്കെ വിലക്കിയതുകൊണ്ട് അയാൾ വണ്ടി ഓടിക്കാറില്ല. എങ്കിലും അയാൾ എന്നും വണ്ടി സ്റ്റാർട്ട് ചെയ്തുനോക്കുകയും തുടച്ച് വൃത്തിയാക്കി വയ്ക്കുകയുമൊക്കെ ചെയ്യുമായിരുന്നു.

പത്മനാഭൻനായരെയും സാവിത്രിയമ്മയെയും ചുറ്റുവട്ടത്തുള്ള ചെറുപ്പക്കാർ ചേർന്ന് കസേരയിലിരുത്തി ചുമന്നുകൊണ്ട് കാറിനടുത്തേക്ക് കൊണ്ടുപോകുമ്പോൾ പത്മനാഭൻനായർ ഉച്ചത്തിൽ കരഞ്ഞു. "അയ്യോ... എന്റെ വണ്ടി. എന്റെ കാറിനെ ആരെങ്കിലുമൊന്ന് രക്ഷിക്കൂ... ദയവ് ചെയ്തത്..." ആർക്കുമത് ചെവിയോർക്കാനുള്ള സമയമില്ലായിരുന്നു.




അങ്ങനെ നീന്തിയും തുഴഞ്ഞുമൊക്കെ അർജ്ജുന്റെ കാറ് അവരെ അമൃതയുടെ വീട്ടിലെത്തിച്ചു. പത്മനാഭൻ നായർ മുഴുവൻ സമയവും ടി.വി ന്യൂസിനുമുമ്പിൽ ഉത്കണ്ഠാകുലനായി ഇരുന്നു. പ്രളയം നാടിനെ വിഴുങ്ങുന്ന ടി.വി കാഴ്ചകൾ ഹൃദയഭേദകമായിരുന്നു. ചത്ത് ഒഴുകിനടക്കുന്ന പശുക്കൾ, കോഴികൾ, താറാവുകൾ, കടപുഴകി വീണുകിടക്കുന്ന മരങ്ങൾ, തകർന്ന വീടുകൾ, അതിനിടയിൽ തിരിച്ചറിയാനാകാത്തതും തിരിച്ചറിഞ്ഞതുമായ ശവശരീരങ്ങൾ, വീടിന് മുകളിൽ കയറിനിന്ന് വിലപിക്കുന്നവർ... അതൊരു വല്ലാത്ത കാഴ്ചയായിരുന്നു.

രാവും പകലും കിടക്കയിൽത്തന്നെ കഴിഞ്ഞിരുന്നതുകൊണ്ട് പ്രളയം സാവിത്രിയമ്മയെ ബാധിച്ചില്ല. വീട്ടിലേക്ക് എന്ന് തിരിച്ചുപോകാനാകും എന്നുമാത്രമാണ് അവർ ഉത്കണ്ഠപ്പെട്ടിരുന്നത്. എന്നാൽ പ്രളയദുരിതകാഴ്ചകൾ പത്മനാഭൻ നായരെ തീർത്തും മൂകനാക്കി.

"മോളേ... എനിക്ക് വീട്ടിൽ പോയി അവിടെയൊക്കെ ഒന്ന് കാണണം. പ്രകാശനോട് വരാൻ പറയ്..." അയാൾ അമൃതയോട് പറഞ്ഞു.

"അച്ഛാ... റോഡിലൊക്കെ വെള്ളമാണ്. അങ്ങോട്ടൊന്നും വണ്ടികൾ പോകുന്നില്ല. രണ്ടുദിവസം കഴിയട്ടെ..." അമൃതയുടെ വാക്കുകൾ അയാളെ നിശ്ശബ്ദനാക്കി. ദിവസങ്ങൾ രണ്ടും മൂന്നും നാലും ഒക്കെ കടന്നുപോയി. "അമൃതേ... രണ്ടുദിവസം കഴിഞ്ഞാൽ ഓണമല്ലേ... ഞങ്ങളെ വീട്ടിൽ കൊണ്ടുചെന്നാക്ക് അല്ലെങ്കിൽ പ്രകാശനോട് വരാൻ പറയ്... അവനെന്താ വരാത്തത്?" അയാൾക്ക് തീരെ സഹിക്കാൻ പറ്റാതെയായി. പലപ്പോഴും അമൃതയും മോളും കാണാതെ അയാൾ ഗെയ്റ്റിനരികിലേക്ക് നടന്നു. അത് മനസിലാക്കി അമൃത ഗെയ്റ്റും പുറത്തേക്കുള്ള വാതിലും എപ്പോഴും പൂട്ടിയിടാൻ ശ്രദ്ധിച്ചു.

അവസരം കിട്ടിയാൽ പത്മനാഭൻനായർ റോഡിലേക്കിറങ്ങി വീട്ടിൽ പോകാൻ ശ്രമിക്കുമെന്ന് അമൃതയ്ക്കറിയാമായിരുന്നു.


നാടാകെ പ്രളയദുരിതത്തിലായിരുന്നതുകൊണ്ട് ഓണത്തിന് ഒട്ടും പൊലിമയുണ്ടായിരുന്നില്ല. എങ്കിലും പത്മനാഭൻനായരുടെ വിദേശത്തുള്ള മൂന്ന് മക്കളും പലരുംവഴി അച്ഛനും അമ്മയ്ക്കും ഓണക്കോടി കൃത്യമായി എത്തിച്ചു. തിരുവോണദിവസം പ്രകാശനും കുടുംബവും ഓണക്കോടിയുമായി അച്ഛനെയും അമ്മയെയും കാണാൻ വന്നു. അത്രയും ദിവസം വരാതിരുന്നതിൽ രണ്ടുപേരും പ്രകാശനോട് പരിഭവിച്ചു. അത് പരിഹരിച്ചുകൊണ്ട് പ്രകാശൻ പറഞ്ഞു. "ഞാനിപ്പോൾ വന്നല്ലോ. നാളെ നമുക്ക് വീടൊക്കെ ഒന്നുപോയി കാണാം. അവിടെ താമസിക്കാറായില്ല അച്ഛാ... ഇനിയും കുറേ പണിയുണ്ട്."

താമസിക്കാനായില്ലെങ്കിലും അവിടെവരെ പോകാമല്ലോയെന്ന ആശ്വാസം പത്മനാഭൻനായരുടെ മുഖത്ത് പ്രകാശം പരത്തി. അമൃതയും മോളും കൂടി ഒരുതവണ വീട്ടിലേക്ക് പോയിരുന്നെങ്കിലും കാര്യങ്ങളൊന്നും അച്ഛനോട് പറഞ്ഞിരുന്നില്ല. വീട് ഏതാണ്ട് പൂർണമായും നശിച്ച രീതിയിലായിരുന്നു. വാതിലിന്റെ മുകളിലെ കട്ടിളപ്പടി വരെ വെള്ളം കയറിയിരുന്നു. അച്ഛന്റെ ചാരുകസേര ഒഴുകി മുറ്റത്തെ തെങ്ങിൻ ചോട്ടിലെത്തിയിരുന്നു. വെള്ള അംബാസിഡർ കാറ് ചെളിമൂടി തവിട്ട് നിറത്തിൽ വിറങ്ങലിച്ചുകിടന്നു. വീടിനകത്ത് ടി.വിയും ഫ്രിഡ്ജും മറിഞ്ഞ് കിടക്കുന്നു. അച്ഛന്റെ അലമാര കട്ടിലിന് മുകളിലേക്ക് മറിഞ്ഞ് ചെളിയിൽ കുതിർന്ന് കിടന്നു. അതിന്റെ ഡോർ തുറന്ന് ചെളിയിൽ മൂടിയ നൂറ് കണക്കിന് പേനകൾ, പത്തിരുപത് സ്റ്റാപ്ലറുകൾ, കത്രികകൾ, ടോർച്ചുകൾ, ഫ്ളാസ്ക്കുകൾ, ചെറിയ പ്ലാസ്റ്റിക് ത്രിവർണ്ണ പതാകകൾ, ഗാന്ധിജിയുടെയും നെഹ്റുവിന്റെയും ഭഗത്സിംഗിന്റെയും സുഖ്ദേവിന്റെയും രാജ്ഗുരുവിന്റെയും ചിത്രങ്ങൾ – അങ്ങനെ എന്തൊക്കെയോ മുറിയിലാകെ ചിതറിക്കിടന്നു.

ഓരോ മാസവും മുടങ്ങാതെ അച്ഛൻ മിലിട്ടറി കാന്റീനിൽ പോകാറുള്ളത് അമൃത ഓർത്തു. അടുത്തകാലംവരെ തനിയെ ഡ്രൈവ് ചെയ്തായിരുന്നു പോയിരുന്നത്. തിരിച്ചുവരുമ്പോൾ കാറ് നിറയെ വേണ്ടതും വേണ്ടാത്തതുമായ സാധനങ്ങളുണ്ടാവും. അച്ഛൻ സൂക്ഷിച്ചിരുന്നവയൊക്കെ ഉപയോഗശൂന്യമായി ചെളിയിൽ മുങ്ങിക്കിടക്കുന്നത് കണ്ട് അമൃതയ്ക്ക് സങ്കടം തോന്നി. അവൾ അതിനിടയിൽ നിന്നും അച്ഛന്റെ പെൻഷൻ രേഖകളും ബാങ്ക് രേഖകളുമൊക്കെ ഒരുവിധത്തിൽ കണ്ടെടുത്തു. വാസ്തവത്തിൽ അതെടുക്കാനായിരുന്നു പത്മനാഭൻനായർ അവളെ വിട്ടത്. തിരിച്ചെത്തിയ അമൃത അവിടെ കണ്ടതിനെക്കുറിച്ചൊന്നും അച്ഛനോട് പറഞ്ഞില്ല. പക്ഷേ, അതൊന്ന് സൂചിപ്പിക്കേണ്ടതായിരുന്നെന്ന് പിന്നീട് അവൾക്ക് തോന്നി. കാരണം പ്രകാശന്റെ കൂടെ വീടിന്റെ അവസ്ഥ കാണാൻ പോയ അച്ഛനെ പെട്ടെന്നുണ്ടായ നെഞ്ചുവേദനയെ തുടർന്ന് ആശുപത്രിയിലാക്കുകയാണ് ഉണ്ടായത്.

വൈകുന്നേരം ആശുപത്രിയിൽ നിന്നും അമൃതയുടെ അടുത്തേക്ക് തന്നെയാണ് പ്രകാശൻ അച്ഛനെ കൊണ്ടുവന്നത്. പ്രകാശൻ തിരിച്ചുപോകുമ്പോൾ അച്ഛൻ മയക്കത്തിലായിരുന്നു. രാത്രിയിൽ





ഭക്ഷണം കഴിക്കാനൊന്നും പത്മനാഭൻനായർ എഴുന്നേറ്റില്ല. ഏകദേശം രാത്രി ഒരു മണിയായപ്പോൾ അയാൾ എഴുന്നേറ്റ് ഉറക്കെ വിളിക്കാൻ തുടങ്ങി.

"ദേവൂ... ദേവൂ... ചൂടുവെള്ളം കൊണ്ടുവെച്ചോ? എനിക്ക് പത്തുമണിക്ക് മീറ്റിംഗിന് പോകണം. ഇന്ന് കേളപ്പജിയൊക്ക വരുന്നുണ്ട്." ശബ്ദം കേട്ട് അമൃതയും സാവിത്രിയമ്മയും എഴുന്നേറ്റ് ലൈറ്റിട്ടു.

"ദേവൂ... നീ എന്താ നോക്കി നിൽക്കണത്?" അമൃതയെ നോക്കി പത്മനാഭൻനായർ ദേഷ്യപ്പെട്ടു. അച്ഛാ... എന്തൊക്കെയാ ഈ പറയണത്? ഇത് ഞാനല്ലേ അമൃത..." അമൃതയുടെ വാക്കുകളെ അവഗണിച്ചുകൊണ്ട് അയാൾ തോർത്തുമെടുത്ത് ബാത്ത്റൂമിലേക്ക് നടന്നു. അതിനിടയിലും പരസ്പരബന്ധമില്ലാതെ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. അമൃത എങ്ങനെയൊക്കെയോ അച്ഛനെ കിടപ്പുമുറിയിലാക്കി വാതിലടച്ച് കുറ്റിയിട്ടു. ഏറെ നേരത്തെ ബഹളത്തിനുശേഷം അയാൾ ഉറങ്ങി. രാവിലെ ഏറെ വൈകിയാണ് അമൃത അച്ഛനെ ഉണർത്തിയത്. ഉണർന്നെണീറ്റ അയാൾ അമൃതയെ നോക്കി ചോദിച്ചത് "ദേവൂ... നമ്മളെപ്പോഴാണ് വീട്ടിലേക്ക് തിരിച്ചുവന്നത്? എന്തായിരുന്നു വീടിന്റെ ഒരവസ്ഥ... അല്ലേ? അതുകണ്ട് എന്റെ ചങ്ക് പൊട്ടിപ്പോയി. എന്റെ ഇത്രയും കാലത്തെ പ്രയത്നമല്ലേ പാഴായത്. ആരാ ഇപ്പോ അതൊക്കെ നേരെയാക്കീത്? ഇതിനുമുമ്പ് 1924 ലോ മറ്റോ ആണ് ഇങ്ങനെയൊരു പ്രളയമുണ്ടായത്..." എന്നൊക്കെയാണ്. "അച്ഛാ... അച്ഛനിപ്പോഴും ഇവിടെയാണ്. വീട്ടിലേക്ക് പോയിട്ടില്ല. അവിടെച്ചെന്നപ്പോൾ നെഞ്ചുവേദന വന്നിട്ട് ഹോസ്പിറ്റലിൽ പോയത് ഓർക്കുന്നില്ലേ?" അമൃത മൃദുസ്വരത്തിൽ ചോദിച്ചു.

അയാൾ ഒന്നും മിണ്ടാതെ മുൻവശത്തെ വാതിലിനടുത്തേക്ക് നടന്നു. അടച്ചിട്ടിരുന്ന ഗ്രില്ലിലൂടെ പുറത്തേക്ക് നോക്കിക്കൊണ്ട് ചോദിച്ചു. "ദേവൂ... എന്റെ വണ്ടിയെവിടെ? പ്രകാശൻ നന്നാക്കാൻ കൊണ്ടുപോയോ? ഇനി എത്ര പ്രയാസപ്പെട്ടാലാണ് അതൊക്കെയൊന്ന് നേരെയാക്കിയെടുക്കാൻ കഴിയുക?"

"നിങ്ങൾക്കെന്ത് പറ്റി മനുഷ്യാ...? ബുദ്ധിഭ്രമം ആയോ? എന്തൊക്കെയാ വിളിച്ചുപറയുന്നത്. വയ്യെങ്കിൽ പോയി കിടക്കൂ..." സാവിത്രിയമ്മ വിഷമം പുറത്ത് കാണിക്കാതെ പറഞ്ഞു.

അമൃത പ്രകാശനെ വിളിച്ചു വിവരം പറഞ്ഞു. എത്രയും പെട്ടെന്ന് ഡോക്ടറെ കാണിക്കണമെന്നും ഉടനെ വരണമെന്നും അവൾ പറഞ്ഞു.

"അമൃതേ... ഒക്കെ അച്ഛന്റെ അടവായിരിക്കും. ബുദ്ധിക്കൊന്നും ഒരു കുഴപ്പവും ഉണ്ടാകില്ല. വേഗം വീട്ടിൽ പോകാൻ വേണ്ടി അഭിനയിക്കണതാവും." പ്രകാശൻ ഈർഷ്യയോടെ പറഞ്ഞു. അമൃതവിവരം അറിയിച്ചപ്പോൾ ജയചന്ദ്രൻ ചേട്ടന്മാരെയൊക്കെ വിളിച്ച് കാര്യം പറഞ്ഞു. അച്ഛനെ സൈക്യാട്രിസ്റ്റിനെ കാണിക്കണോ, അതോ സൈക്കോളജിസ്റ്റിനെ കാണിക്കണോയെന്ന തർക്കത്തിൽ വീഡിയോ കോൺഫറൻസ് നടത്തുകയായിരുന്നു അവർ.

പ്രളയത്തിന്റെ ബാക്കിപത്രംപോലെ അസ്വസ്ഥനായി എന്തൊക്കെയോ പുലമ്പിക്കൊണ്ട് വീടിനകത്ത് ചുറ്റിത്തിരിയുന്ന അച്ഛനെ നോക്കി എന്ത് ചെയ്യണമെന്നറിയാതെ അമൃത അമ്പരന്ന് നിന്നു. ◀|

*(N.B: 2019 ആഗസ്റ്റ് മാസത്തിൽ കാലം കോമരം തുള്ളുന്നത് കാണാൻ പത്മനാഭൻ നായരും സാവിത്രിയമ്മയും കാത്തുനിന്നില്ല.)*

**അഭിമുഖം** • ഇന്ദു ചിന്ത / ഷൈമി.ഇ.പി

വടക്കൻ കേരളത്തിന്റെ പ്രധാന അനുഷ്ഠാന കലകളിലൊന്നാണ് തെയ്യം. അടിച്ചമർത്തപ്പെട്ടവന്റെ ഉയർത്തെഴുന്നേൽപ്പാണ്, സാമൂഹികമായ ചെറുത്തുനിൽപ്പിന്റെ ആത്മാവിഷ്കാരമാണ് ഓരോ തെയ്യവും. തുലാം പത്തിന് നാടിറങ്ങിത്തുടങ്ങുന്ന തെയ്യങ്ങൾ ഒരു നാടിന് അവരുടെ സങ്കടങ്ങളും പരാതികളും കേൾക്കാനെത്തുന്ന ദൈവങ്ങളാണ്. വിളക്കുനാളങ്ങളുടെ വെളിച്ചത്തിൽ ഒരു നാട് അവരുടെ ദൈവങ്ങളുമായി നേർക്കുനേർ സംസാരിക്കുന്നു, മധ്യസ്ഥനില്ലാതെ.

തെയ്യത്തെ കണ്ണുകൊണ്ട് കാണുകയും ഹൃദയം കൊണ്ട് അറിയുകയും വേണം. ഓരോ തെയ്യത്തിനുപിന്നിലും ഒരുപാടു നാളത്തെ അധ്വാനമുണ്ട്. ഓരോ തെയ്യത്തിനും പറയാനുള്ളത് ഓരോ കഥകളാണ്. അടിച്ചമർത്തപ്പെട്ടവന്റെ, അധിക്ഷേപിക്കപ്പെട്ടവന്റെ, വഞ്ചിക്കപ്പെട്ടവന്റെയൊക്കെ പ്രതിനിധികളാണ് ഓരോ തെയ്യവും.

# തെയ്യം

## ഫ്രെയിമിലൊതുങ്ങാത്ത ചില നേരനുഭവങ്ങൾ



ആൾക്കൂട്ടത്തിനു നടുവിലേക്കെത്തുന്ന ഈ ദൈവങ്ങളെ തന്റെ ഫ്രെയിമുകൾക്കുള്ളിലാക്കി ലോകത്തിനുമുന്നിൽ അവതരിപ്പിക്കുകയാണ് ഇന്ദു ചിന്ത എന്ന ഹൈദരാബാദുകാരി. തെയ്യം ഫോട്ടോകളുടെ നാല് പ്രദർശനങ്ങൾ പൂർത്തിയാക്കിയ ഇന്ദുവിന്റെ ഫോട്ടോ എക്സിബിഷൻ അടുത്തിടെ സൂര്യഫെസ്റ്റിവലിന്റെ ഭാഗമായി പ്രദർശിപ്പിക്കുകയുണ്ടായി.

ഇന്ദുവിന്റെ തെയ്യം അനുഭവങ്ങളിലൂടെ...






### അമ്മദൈവങ്ങൾ

മാതൃഭാവത്തിന്റെ ശക്തമായ ആവിഷ്കാരങ്ങളാണ് പല തെയ്യങ്ങളും. അതിൽത്തന്നെ ഭഗവതി തെയ്യങ്ങളാണ് കൂടുതലുള്ളത്. മുപ്പത്തിയഞ്ച് സ്ത്രീ തെയ്യങ്ങളുടെ ഫോട്ടോകളാണ് 'തെയ്യം മെർജിംഗ് വിത്ത് ദി ഡിവൈൻ' എന്നുപേരിട്ട എക്സിബിഷനിൽ ഉൾപ്പെടുത്തിയിരുന്നത്. മുമ്പ് ഹൈദരാബാദിലും വൈക്കത്തും ഞാൻ ഫോട്ടോ എക്സിബിഷൻ നടത്തിയിട്ടുണ്ട്. എല്ലാം തെയ്യം ഫോട്ടോകളായിരുന്നു. സൂര്യ ഫെസ്റ്റിവലിലും തിരുവനന്തപുരത്തും ഇതാദ്യമായാണ്. മികച്ച പ്രതികരണമായിരുന്നു ഇവിടെ നിന്നും ലഭിച്ചത്.

തെയ്യങ്ങളിലെ അമ്മ ദൈവങ്ങളെക്കുറിച്ചുള്ള പുസ്തകത്തിന്റെ പണിപ്പുരയിലാണിപ്പോൾ. നാനൂറ് ഇനം തെയ്യങ്ങൾ കെട്ടിയാടപ്പെടുന്നുണ്ടെന്നാണ് പറയപ്പെടുന്നത്. ഇതിൽ എഴുപത് ശതമാനവും സ്ത്രീ തെയ്യങ്ങളാണ്. എന്നാൽ ഒരു സ്ത്രീ മാത്രമേ തെയ്യം കലാകാരിയായി ഉള്ളൂ എന്നതാണ് അത്ഭുതപ്പെടുത്തുന്ന വസ്തുത. മറ്റ് സ്ത്രീ തെയ്യങ്ങളെല്ലാം കെട്ടിയാടുന്നത് പുരുഷന്മാരാണ്.

### പരിസ്ഥിതിയും സംസ്കാരവും

അടിസ്ഥാനപരമായി ഞാനൊരു പരിസ്ഥിതി പ്രവർത്തകയാണ്. എൻവയോൺമെന്റൽ എഞ്ചിനീയറിങ്ങിൽ ബി.ഇ കഴിഞ്ഞ് ബിരുദാനന്തര ബിരുദത്തിനായി യു.എസിലേക്കുപോയി. കോഴ്സ് പൂർത്തിയാക്കി നാട്ടിൽ മടങ്ങിയെത്തിയശേഷം കേന്ദ്ര പരിസ്ഥിതി മന്ത്രാലയവുമായി ബന്ധപ്പെട്ട് ചില പ്രോജക്ടുകളുമായി സഹകരിച്ചു. 2017 ജനുവരിയിലാണ് മദ്രാസ് ഐ.ഐ.ടിയുമായി ബന്ധപ്പെട്ട് ജോലിചെയ്യാനായി തമിഴ്നാട്ടിലേക്കുപോകുന്നത്. അവിടെ വച്ചാണ് എന്റെ ചിന്തകളും സ്വപ്നങ്ങളും മാറിമറിയുന്നത്. തമിഴ് ജനത അവരുടെ തനത് സംസ്കാരത്തെ സംര



അതിമനോഹരമായ ഒരു കലാരൂപം എനിക്കുമുന്നിൽ നിറഞ്ഞാടുകയാണ്. രാത്രിയുടെ നിഗൂഢതയിലേക്ക് വെളിച്ചം പകരുന്നത് തീനാളങ്ങളാണ്. ചുറ്റിലും ആളിയും പതിഞ്ഞും കത്തുന്ന അഗ്നി. തീക്കനലിന്റെ കടുംചുവപ്പ്. ചോരച്ചുവപ്പിന്റെ മുഖത്തെഴുത്തും മെയ്യെഴുത്തും ചമയങ്ങളും സംഗീതവും എരിയുന്ന കനലും തെയ്യവും... ഞാൻ വല്ലാതെ അമ്പരക്കുകയും പ്രചോദിതയാവുകയും ചെയ്തു. എന്റെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ കാഴ്ച. തീനാളങ്ങളുടെ ചുവപ്പുവെട്ടത്തിൽ നിറഞ്ഞാടുന്ന ദൈവമനുഷ്യൻ...




ക്ഷിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും എനിക്ക് വ്യത്യസ്ത അനുഭവമായി. സാംസ്കാരിക പൈതൃകം സംരക്ഷിക്കുക എന്ന എന്റെ സ്വപ്നത്തെ മുറുകെ പിടിക്കാനായി ആറുമാസത്തിനുശേഷം മദ്രാസ് ഐ.ഐ.ടിയിലെ ജോലിയുപേക്ഷിച്ചു. അങ്ങനെയാണ് പരിസ്ഥിതി പ്രവർത്തകയിൽ നിന്ന് സംസ്കാരിക സംരക്ഷകയിലേക്കുള്ള എന്റെ മാറ്റം പൂർണമാവുന്നത്.

## എന്തുകൊണ്ട് തെയ്യം

ഐ.ഐ.ടി മദ്രാസിലെ ജോലിയുപേക്ഷിച്ചശേഷം ഇന്ത്യൻ കലകളും സംസ്കാരവും ആഴത്തിലറിയാനായി യാത്രകൾ പ്ലാൻ ചെയ്തു. തമിഴ്നാടും കർണാടകത്തിന്റെ ചില ഭാഗങ്ങളും അലഞ്ഞുതീർത്ത എന്റെ അടുത്തലക്ഷ്യം സ്വാഭാവികമായും കേരളമായിരുന്നു. കേരളത്തിന്റെ വടക്കേയറ്റത്തേക്കുള്ള ഈ യാത്രയിലാണ് ഞാൻ ആദ്യമായി തെയ്യം കാണുന്നത്. പുറത്തുള്ളവർക്ക് കേരളം കഥകളിയുടെയും കായലുകളുടെയും നാടാണ്. വിശ്വാസവും മിത്തും കൂടിക്കലർന്ന തെയ്യം പോലുള്ള കലാരൂപത്തെ അറിയുന്നവർ കേരളത്തിന്റെ തെക്കേയറ്റത്തുപോലും വളരെ കുറവാണ്.

തീചാമുണ്ഡിയാണ് ഞാൻ ആദ്യമായി കാണുന്ന തെയ്യം. അതിമനോഹരമായ ഒരു കലാരൂപം എനിക്കുമുന്നിൽ നിറഞ്ഞാടുകയാണ്. രാത്രിയുടെ നിഗൂഢതയിലേക്ക് വെളിച്ചം പകരുന്നത് തീനാളങ്ങളാണ്. ചുറ്റിലും ആളിയും പതിഞ്ഞും കത്തുന്ന അഗ്നി. തീക്കനലിന്റെ കടുംചുവപ്പ്. ചോരച്ചുവപ്പിന്റെ മുഖത്തെഴുത്തും മെയ്യെഴുത്തും ചമയങ്ങളും സംഗീതവും എരിയുന്ന കനലും തെയ്യവും... ഞാൻ വല്ലാതെ അമ്പരക്കുകയും പ്രചോദിതയാവുകയും ചെയ്തു. എന്റെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ കാഴ്ച. തീനാളങ്ങളുടെ ചുവപ്പുവെട്ടത്തിൽ നിറഞ്ഞാടുന്ന ദൈവമനുഷ്യൻ... ഞാൻ തീർച്ചയായും പിന്തുടരേണ്ടത് ഇതാണെന്നെനിക്കു തോന്നി. കേരളം തെയ്യത്തിന്റെ നാടുകൂടിയാണെന്ന് പുറംലോകമറിയണം. അതിനായി എന്റെ ക്യാമറക്കണ്ണുകൾ സംസാരിച്ചുകൊണ്ടേയിരിക്കുന്നു.

ഒരാഴ്ചയ്ക്കകം ഹൈദരാബാദിലേക്ക് തിരിച്ചുപോകാനെടുത്ത ടിക്കറ്റ് ക്യാൻസർ ചെയ്ത് ആ തെയ്യക്കാലം മുഴുവൻ ഞാൻ കണ്ണൂരിൽ ചെലവഴിച്ചു. തുടർന്നുവന്ന രണ്ട് തെയ്യക്കാലവും ഞാൻ മുടങ്ങാതെ ഇവിടെയെത്തി തെയ്യം കാണുകയും അനുഭവിക്കുകയും അവ ചിത്രങ്ങളായി പകർത്തുകയും ചെയ്തു. അടുത്ത സീസണിനുവേണ്ടിയുള്ള കാത്തിരിപ്പിലാണ്. തെയ്യം പോലെതന്നെ 'പടയണി'യും ഡോക്യുമെന്റ് ചെയ്യണമെന്നെനിക്കാഗ്രഹമുണ്ട്.

## ആദ്യ പുസ്തകം

തെയ്യം കാഴ്ചയുടെ മാത്രം ഉത്സവമല്ല. ഓരോ തെയ്യത്തിനു പിന്നിലും ഓരോ കഥകളുണ്ട്. സർവജ്ഞപീഠം കയറാനിരിക്കുന്ന ശങ്കരചാര്യരുടെ മുമ്പിൽ ജാതിവ്യവസ്ഥയെ ചോദ്യം ചെയ്തുകൊണ്ടുവന്ന അടിയാളനെ പ്രതിനിധീകരിക്കുന്ന പൊട്ടൻ തെയ്യം, വാദപ്രതിവാദങ്ങളിൽ പണ്ഡിതരെ പരാജയപ്പെടുത്തിയ കാരണത്താൽ ചതിക്കിരയായി ആത്മഹൂതി ചെയ്യേണ്ടിവന്ന കന്യകയെ പ്രതിനിധികരിക്കുന്ന മുച്ചിലോട്ട് ഭഗവതി തുടങ്ങി ഓരോ തെയ്യവും അടിച്ചമർത്തപ്പെട്ടവന്റെ ആത്മപ്രകാശനമാണ്. അവ ഫോട്ടോകളായി മാത്രമല്ല വാക്കുകളായിക്കൂടി അടയാളപ്പെടുത്തണമെന്ന ആഗ്രഹമാണ് എന്റെ ആദ്യബുക്കായ Theyyam - Merging with the Divine. ഇരുപത്തിയൊന്ന് തെയ്യങ്ങളെയാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഒരു തെയ്യത്തെക്കുറിച്ചുതന്നെ പല കഥകൾ നിലനിൽക്കുന്നുണ്ടാവും. അതുകൊണ്ടു തന്നെ ഓരോ തെയ്യത്തിനു പിന്നിലുമുള്ള ഐതിഹ്യം കൃത്യമായി കണ്ടെത്തുക എന്നതായിരുന്നു പ്രയാസമേറിയ കാര്യം. ഈ കഥകളെല്ലാം പരിഭാഷ ചെയ്തുതരാൻ പറ്റിയ ആളെ കണ്ടെത്തുന്നതും ഒരുവെല്ലുവിളിയായിരുന്നു. ഒരു നാടിന്റെ ആത്മാവിഷ്കാരമാണ് തെയ്യം. അപ്പോൾ അതിനുപിന്നിലെ ഐതിഹ്യം തീവ്രത ഒട്ടും ചോർന്നുപോകാതെ മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി അതേ വൈകാരികതയോടെ തന്നെ വായനക്കാരിലേക്കും എത്തിക്കാൻ കഴിയണം. അതിൽ ഞാൻ വിജയിച്ചു എന്നാണെന്റെ വിശ്വാസം. ഇതിനായി പലരും എന്നെ സഹായിച്ചു. രണ്ടാമത്തെ പുസ്തകത്തിനായുള്ള തയ്യാറെടുപ്പിലാണ്.

## കലാകാരന്മാരുമായുള്ള അടുപ്പം

തെയ്യത്തെക്കുറിച്ച് കൂടുതൽ അറിയാനും അത് ഡോക്യുമെന്റേഷൻ ചെയ്യുന്നതിന്റെയും ഭാഗമായി തെയ്യം കാണുകയും അവ ഫോട്ടോകളായി പകർത്തുകയും ചെയ്യുന്നതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് ആ കലാകാരനുമായുള്ള ആശയവിനിമയവും. തെയ്യം കെട്ടിയാടുന്ന സമയത്ത് കലാകാരനുമായുള്ള ആശയവിനിമയം സാധ്യമല്ല. കാരണം, രൂപാന്തരഘട്ടത്തിലായിരിക്കും അവർ. ദൈവ അരുളുകളാണ്




*അഗ്നികണ്ഠാകർണ്ണൻ*



അവരുടെ നാവുകളിൽ നിന്ന് പുറത്തേക്കുവരുന്നതെന്നാണ് വിശ്വാസം.

മണിക്കൂറുകൾ നീളുന്നതാണ് ചമയങ്ങളണിയൽ. ഈ സമയത്ത് ഞാൻ അവരുടെ കൂടെയിരിക്കാറുണ്ട്. മുഖത്തെഴുത്തും മെയ്യെഴുത്തും ചെയ്യുന്നവർ വളരെ സൂക്ഷ്മതയോടെയാണത് ചെയ്യുന്നത്. പലപ്പോഴും അവരോടും സംസാരിക്കാൻ പറ്റാറില്ല. എങ്കിലും അവരുടെ കൂടെ നിൽക്കുന്ന കലാകാരന്മാരോട് വിശദാംശങ്ങൾ ചോദിച്ചറിയും. തെയ്യം കെട്ടിയാടുന്നവരെ വീടുകളിൽപോയി പലതവണ കണ്ട് മണിക്കൂറുകളോളം കൂടെയിരുന്നാണ് വിവരങ്ങൾ ചോദിച്ചറിയുന്നത്. കുടുംബാംഗങ്ങളുമായും സംസാരിക്കുകയും സൗഹൃദം സൂക്ഷിക്കുകയും ചെയ്യാറുണ്ട്. ഭാഷ അറിയാത്തത് ഈ ഘട്ടത്തിൽ എന്നെ വല്ലാതെ സങ്കടപ്പെടുത്താറുണ്ട്. മലയാളം പഠിക്കണമെന്ന ആഗ്രഹം കൂടുന്നതും ഈ സന്ദർഭത്തിലാണ്.



## ഇഷ്ടപ്പെട്ട തെയ്യക്കോലം

തെയ്യത്തെ കണ്ണുകൊണ്ട് കാണുകയും ഹൃദയം കൊണ്ട് അറിയുകയും വേണം. ഓരോ തെയ്യത്തിനുപിന്നിലും ഒരു പാടുനാളത്തെ അധ്വാനമുണ്ട്. ഓരോ തെയ്യത്തിനും പറയാനുള്ളത് ഓരോ കഥകളാണ്. അടിച്ചമർത്തപ്പെട്ടവന്റെ, അധിക്ഷേപിക്കപ്പെട്ടവന്റെ, വഞ്ചിക്കപ്പെട്ടവന്റെയൊക്കെ പ്രതിനിധികളാണ് ഓരോ തെയ്യവും. മണിക്കൂറുകളെടുത്താണ് കലാകാരൻ തെയ്യമായി വേഷപ്പകർച്ച നടത്തുന്നത്. ഓരോ തെയ്യത്തിന്റെയും മുഖത്തെഴുത്തും മെയ്യെഴുത്തും ചമയങ്ങളും വ്യത്യസ്തമാണ്. ഇവ നോക്കിയാണ് തെയ്യങ്ങളെ തിരിച്ചറിയുന്നത്. ചമയങ്ങളണിഞ്ഞുകഴിഞ്ഞാൽ തെയ്യം കെട്ടിയാടുന്ന കലാകാരൻ കണ്ണാടിയിൽ അദ്ദേഹത്തിന്റെ മുഖം നോക്കുന്ന ഒരു ചടങ്ങുണ്ട്. മുഖദർശനം എന്നാണിതിനെ പറയുന്നത്. കണ്ണാടിയിൽ അയാൾ കാണുന്നത് സ്വന്തം രൂപത്തെയല്ല, താൻ പ്രതിനിധീകരിക്കുന്ന ദൈവത്തെയാണ്. തന്റെ ജനതയുടെ, നാടിന്റെ വികാരത്തെയാണ്. അതുപോലെതന്നെയാണ് കാഴ്ചക്കാരനും, പ്രത്യേക ഇഷ്ടങ്ങളില്ല. ഒരേ വികാരം മാത്രം.

ആത്മപരിഹാസത്തിലൂടെ വ്യവസ്ഥിതിയെ പരിഹസിച്ച്, അനീതിയെ ചോദ്യം ചെയ്ത് ഇളകുന്ന തീനാളങ്ങളുടെ വെളിച്ചത്തിൽ കനലിലേക്ക് സ്വയം എടുത്തെറിയുന്ന തെയ്യക്കോലങ്ങളെ വേർതിരിവുകളില്ലാതെ കാണാനും പകർത്താനുമാണെനിക്കിഷ്ടം. ◀|





# ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവങ്ങളിലൂടെ...

## കൊല്ലം

**പ്രായം** തളർത്താത്ത പഠിതാക്കൾ തുടർവിദ്യാഭ്യാസ കലോത്സവവേദിയിലെ മിന്നും താരങ്ങളായിരുന്നു. പഠനത്തിലും കലയിലും പ്രായം പ്രശ്നമേയല്ല എന്നതിന് മാതൃകയാണ് പുനലൂർ സാക്ഷരതാ കേന്ദ്രത്തിലെ കുഞ്ഞമ്മ തേവർ. നൂറ്റിനാലാം വയസിലും പഠനത്തിലും പഠ്യേതര പ്രവർത്തനത്തിലും മുന്നിലാണ് കുഞ്ഞമ്മ.

പത്തനാപുരം ഗാന്ധിഭവൻ അന്തേവാസിയായ കുഞ്ഞമ്മ പുനലൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ നടന്ന തുടർ വിദ്യാഭ്യാസ കലോത്സവത്തിലും സജീവസാന്നിധ്യമായിരുന്നു. കലോത്സവത്തിന്റെ വിളംബര ഘോഷയാത്രയുടെ മുന്നിൽത്തന്നെയുണ്ടായിരുന്നു കുഞ്ഞമ്മ തേവർ.

ഒപ്പന മുതൽ നാടൻപാട്ട് വരെയുള്ള മത്സരയിനങ്ങളിൽ 264 മത്സരാർഥികളാണ് പങ്കെടുത്തത്. പ്രായത്തിലും അനുഭവത്തിലും കാഴ്ചപ്പാടിലും വ്യത്യസ്തരായവർ വേദിയിൽ മാറ്റുരച്ചപ്പോൾ അത് ആസ്വാദകരിലും ആവേശമുണർത്തി. പ്രായം ഉള്ളിലെ സർഗശേഷിയെ തളർത്തില്ലെന്നതിനുള്ള തെളിവായിരുന്നു ഹയർസെക്കൻഡറി തുല്യതാപഠിതാക്കൾ അവതരിപ്പിച്ച നാടോടിനൃത്തവും ഭരതനാട്യവുമൊക്കെ. പിഴയ്ക്കാത്ത ചുവടുകളാൽ വിസ്മയം തീർക്കുകയായിരുന്നു ഓരോ മത്സരാർഥിയും.

2019 ഒക്ടോബർ 19, 20 തീയതികളിൽ പുനലൂരിൽ നടന്ന ജില്ലാതല തുടർ വിദ്യാഭ്യാസ കലോത്സവം വിപുലമായ വിളംബരഘോഷയാത്രയ്ക്കുശേഷം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി. രാധാമണി ദീപം തെളിയിച്ചു തുടക്കംകുറിച്ചു. രണ്ടു ദിവസം നീണ്ടുനിന്ന കലോത്സവത്തിന്റെ സമാപന സമ്മേളനം വനം - മൃഗസംരക്ഷണ വകുപ്പുമന്ത്രി അഡ്വ.കെ.രാജുവാണ് ഉദ്ഘാടനം ചെയ്തത്. വിജയികൾക്കുള്ള സമ്മാനദാനം പ്രശസ്ത കവി അനിൽ പനച്ചൂരാൻ നിർവഹിച്ചു.





## കോട്ടയം

**സാക്ഷരതാ** തുടർവിദ്യാഭ്യാസ കലോത്സ വങ്ങൾ നാടിന്റെ ഉത്സവങ്ങളായി മാറിയെന്ന് മുൻമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ. കോട്ടയം ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമൂഹ്യ പുരോഗതിയിൽ സാക്ഷരതാ മിഷന്റെ സംഭാവനകൾ നിർണായകമാണെന്ന് തിരുവഞ്ചൂർ കൂട്ടിച്ചേർത്തു.

കോട്ടയം ഗവ.മോഡൽ ഹൈസ്കൂളിൽ നടന്ന സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സെബാസ്റ്റ്യൻ കുളത്തുങ്കൽ അധ്യക്ഷത വഹിച്ചു. മുൻസിപ്പൽ ചെയർപേഴ്സൺ ഡോ. പി.ആർ.സോന, ജില്ലാ പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷൻ സഖറിയാസ് കുതിരവേലി, മുനിസിപ്പൽ കൗൺസിലർ എസ്.ഗോപകുമാർ, ജില്ലാ പഞ്ചായത്ത് അംഗം ജയേഷ് മോഹൻ, ചിത്രകാരി കാജൽ ദത്ത്, ജില്ലാ സാക്ഷരതാ കോ-ഓർഡിനേറ്റർ കെ.വി രതീഷ്, പ്രോഗ്രാം കമ്മറ്റി കൺവീനർ അനിൽ കൂരോപ്പട, മോഡൽ സ്കൂൾ ഹെഡ്മാസ്റ്റർ ജി.സുജാത, അസി. കോ-ഓർഡിനേറ്റർ ബേബി ഗിരിജ, സബ്കമ്മറ്റി കൺവീനർ പ്രസന്നകുമാരി, പഠിതാക്കളുടെ പ്രതിനിധി ആർപ്പൂക്കര തങ്കച്ചൻ തുടങ്ങിയവർ പ്രസംഗിച്ചു.

സാക്ഷരതാ പഠിതാക്കൾ, നാല്, ഏഴ്, പത്താംതരം, പന്ത്രണ്ടാംതരം പഠിതാക്കളും പ്രേരക്മാരും കലോത്സവത്തിൽ പങ്കെടു ത്തു. 117 പോയിന്റുകളോടെ പാമ്പാടി ബ്ലോക്ക് ഒന്നാമതും 90 പോയിന്റുകളോടെ ഉഴവൂർ രണ്ടാമതും 57 പോയിന്റുകളോടെ കോട്ടയം പഠനകേന്ദ്രം മൂന്നാം സ്ഥാനത്തും എത്തി.

ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന സമാപന സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജെസിമോൾ മനോജ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.സെബാസ്റ്റ്യൻ കുളത്തുങ്കൽ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. സംവിധായകൻ ജോഷി മാത്യു വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് സണ്ണി പാമ്പാടി, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാരായ സഖറിയാസ് കുതിരവേലി, ലിസമ്മ ബേബി, ബെറ്റി റോയി, ജയേഷ് മോഹൻ, പി.സുഗതൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ മാത്തച്ചൻ താമരശ്ശേരിൽ, നിർമ്മലാ ദിവാകരൻ തുടങ്ങിയ പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു.

## പത്തനംതിട്ട

**ജില്ലാ** സാക്ഷരതാമിഷന്റെ ആഭിമുഖ്യ ത്തിൽ സംഘടിപ്പിച്ച തുടർവിദ്യാഭ്യാസ കലോത്സവം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ ലീലാ മോഹൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ നഗരസഭാ ചെയർപേഴ്സൺ റോസ്‌ലിൻ സന്തോഷ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങളായ കെ.ജി അനിത, എലിസബത്ത് അബു, നഗരസഭ വൈസ് ചെയർമാൻ എ. സക്കീർ, കൗൺസിലർ പി.കെ. ജേക്കബ് എന്നിവർ സംസാരിച്ചു.

43 ഇനങ്ങളിലായി 436 പേർ പങ്കെടുത്ത കലോത്സവത്തിൽ 59 പോയിന്റ് നേടിയ കോന്നി ബ്ലോക്ക് ഒന്നാം സ്ഥാനവും 51 പോയിന്റ് നേടിയ കോയിപ്രം ബ്ലോക്ക് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. രണ്ടുദിവസങ്ങളിലായി പത്തനംതിട്ടയിൽ നടന്ന കലോത്സവത്തിൽ വിജയികളുടെ സമ്മാനദാനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിച്ചു. നഗരസഭാ സ്ഥിരംസമിതി ചെയർമാൻ ജാസിംകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ സാക്ഷരതാമിഷൻ ജില്ലാ കോ- ഓർഡിനേറ്റർ ഡോ.വി.വി. മാത്യു, അസി. കോ - ഓർഡിനേറ്റർ ഡോ.പി. മുരുകദാസ്, കോന്നിയൂർ രാധാകൃഷ്ണൻ, എ.അമീർ ജാൻ, എസ്. മീരാസാഹിബ്, അഫ്സൽ ആനപ്പാറ, രാജൻ പടിയറ, ശശികല.എസ്. കുമാർ, വേണു വള്ളിക്കോട്, ടി. ശിവദാസ് എന്നിവർ പങ്കെടുത്തു.







## പാലക്കാട്



**ഒക്ടോബർ** 19, 20 തീയതികളിലായി കൊടുവായൂർ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ നടന്ന പാലക്കാട് ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവത്തിന്റെ സ്റ്റേജിതര മത്സരങ്ങൾക്ക് ഒന്നാം ദിവസം രാവിലെ കഥാകൃത്ത് മുണ്ടൂർ സേതുമാധവൻ പതാക ഉയർത്തി യതോടെയാണ് തുടക്കമായത്. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശാരദ തുളസീദാസ് അധ്യക്ഷയായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ശാന്തകുമാരി മുഖ്യാതിഥിയായി. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.എ. ഗണേശൻ, കൊടുവായൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി. കൃഷ്ണപ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.

രണ്ടാം ദിവസം നടന്ന സ്റ്റേജിന മത്സരങ്ങൾ ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻ കുട്ടി ഉദ്ഘാടനം ചെയ്തു. വിവിധ സാഹചര്യങ്ങളാൽ പഠനം പാതിവഴിയിൽ മുടങ്ങിയവർക്ക് പ്രോത്സാഹനവും പ്രചോദനവുമാണ് തുടർവിദ്യാഭ്യാസ കലോത്സവമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.ശാന്തകുമാരി അധ്യക്ഷയായി. പത്മശ്രീ ശിവൻ നമ്പൂതിരി, രമ്യ ഹരിദാസ് എം.പി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ.നാരായണദാസ്, ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.കെ. സുധാകരൻ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശാരദ തുളസീദാസ്, ജില്ലാപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എ. ഗീത, സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ദീപ ജയിംസ്, അസിസ്റ്റന്റ് കോ- ഓർഡിനേറ്റർ പാർവതി എ.പി. എന്നിവർ പങ്കെടുത്തു.

അഞ്ചു വേദികളിലായാണ് സ്റ്റേജിന മത്സരങ്ങൾ അരങ്ങേറിയത്. മുപ്പത്തിയഞ്ചി ലധികം ഇനങ്ങളിലായി നൂറിലധികം പഠിതാക്കളാണ് പങ്കെടുത്തത്. ഒറ്റപ്പാലം മുനിസിപ്പാലിറ്റി 60 പോയിന്റുകളോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പേരൂർ രാജഗോ പാലൻ മാസ്റ്ററുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ അവാർഡും ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ഒറ്റപ്പാലം മുനിസിപ്പാലിറ്റിക്കുതന്നെ ലഭിച്ചു. കൊല്ലങ്കോട് ബ്ലോക്ക് രണ്ടാംസ്ഥാനവും തൃത്താല ബ്ലോക്ക് മൂന്നാം സ്ഥാനവും നേടി.

## കാസർഗോഡ്

ജില്ലാ സാക്ഷരതാമിഷൻ സംഘടിപ്പിച്ച ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവം പഠിതാക്കൾക്കും തുടർവിദ്യാഭ്യാസ പ്രവർത്തകർക്കും ഒരുപോലെ ആവേശകര മായി. ഡിസംബർ 7, 8 തീയതികളിൽ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽവച്ച് നടന്ന കലോത്സവം രാജ്മോഹൻ ഉണ്ണിത്താൻ എം.പി.ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി. ബഷീർ അധ്യക്ഷത വഹിച്ചു. ജില്ലാപഞ്ചായത്ത് സെക്രട്ടറി പി നന്ദകുമാർ, ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഷാനവാസ് പാദൂർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുഹമ്മദ് ചായിന്റടി തുടങ്ങിയ വിശിഷ്ടവ്യക്തികൾ പങ്കെടുത്തു. ഉദ്ഘാടന സമ്മേളനത്തിൽവച്ച് ഭരണഘടനാ സാക്ഷരതയിൽ മികച്ച പ്രകടനം നടത്തിയ ചെമ്മനാട് പഞ്ചായത്തിനെ ആദരിച്ചു. കലോത്സവത്തിൽ എഴുന്നൂറ്റിയമ്പതിൽപ്പരം പഠിതാക്കളും തുടർ വിദ്യാഭ്യാസ പ്രവർത്തകരും പങ്കെടുത്തു. കന്നട പഠിതാക്കൾക്കായി പ്രത്യേക മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു. സമാപനസമ്മേളനം ചെമ്മനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കല്ലട അബ്ദുൽഖാദറിന്റെ അധ്യക്ഷതയിൽ കെ. കുഞ്ഞിരാമൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കലോത്സവത്തിൽ കാറഡുക്ക ബ്ലോക്ക് ഓവറോൾ ചാമ്പ്യൻമാരും കാസർകോട് ബ്ലോക്ക് റണ്ണറപ്പുമായി.



## എറണാകുളം



**ജില്ലാ** തുടർവിദ്യാഭ്യാസ കലോത്സവം 'സർഗോത്സവം 2019' നവംബർ 29, 30 തീയതികളിലായി കളമശ്ശേരി നഗരസഭാ ടൗൺഹാളിലും കളമശ്ശേരി ഗവ.വി.എച്ച്.എസ് സ്കൂളിലുമായി നടന്നു. 29 ന് രാവിലെ നഗരസഭ ഓഫീസ് പരിസരത്തുനിന്നാരംഭിച്ച സാംസ്കാരികറാലി ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് അഡ്വ. ബി.എ. അബ്ദുൾ മുത്തലിബ് ഫ്ളാഗ് ഓഫ് ചെയ്തു. രാവിലെ 10ന് നഗരസഭാ ടൗൺഹാളിൽ ചേർന്ന സമ്മേളനത്തിൽ കളമശ്ശേരി എം.എൽ.എ വി.കെ. ഇബ്രാഹിംകുഞ്ഞ് കലോത്സവം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോളി കുര്യാക്കോസ് അധ്യക്ഷയായി. വൈസ് പ്രസിഡന്റ് അഡ്വ. ബി.എ. അബ്ദുൾ മുത്തലിബ്, കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ റുഖിയ ജമാൽ, വൈസ് ചെയർമാൻ ടി.എസ്. അബൂബക്കർ, ജില്ലാപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാരായ സരളമോഹനൻ, ശാരദമോഹനൻ, കളമശ്ശേരി നഗരസഭാ വൈസ്ചെയർമാൻ ടി.എസ്. അബൂബക്കർ, കൗൺസിലർമാരായ എ.ടി.സി. കുഞ്ഞുമോൻ, എൻ. രവീന്ദ്രൻ, ജലീൽ പാമങ്ങാടൻ, ഹുസൈൻ, സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ പി.എം.അബ്ദുൾ കരീം, എ.പി.സിമാരായ കെ.എം. സുബൈദ, ജസ്റ്റിൻ ജോസഫ്, കളമശ്ശേരി ഗവ.വി.എച്ച്.എസ് സ്കൂൾ പ്രിൻസിപ്പൾ പി.സി. ജയലക്ഷ്മി തുടങ്ങിയ ജനപ്രധിനിധികളും സമൂഹ്യസാംസ്കാരിക രംഗത്തെ പ്രമുഖരും പങ്കെടുത്തു.



ജില്ലയിലെ 14 ബ്ലോക്കുകളിൽനിന്നും 13 നഗരസഭകളിൽ നിന്നുമായി പഠിതാക്കളും പ്രേരക്മാരും ഉൾപ്പെടെ 1500 ഓളം പേർ കലോത്സവത്തിൽ പങ്കെടുത്തു. വിവിധ ഇനങ്ങളിലായി നടന്ന മത്സരങ്ങൾ പഠിതാക്കളുടെയും പ്രേരക്മാരുടെയും സർഗവാസനകളെ പരിപോഷിപ്പിക്കുന്നതായി മാറി. 162 പോയിന്റുകളോടെ പറവൂർ ബ്ലോക്ക് കലോത്സവത്തിൽ ഓവറോൾ കിരീടം നേടി. പത്താംതരം ഹയർസെക്കൻഡറി വിഭാഗത്തിൽ മരട് നഗരസഭയും പ്രേരക്മാരുടെ വിഭാഗത്തിൽ പാറക്കടവ് ബ്ലോക്കും ഒന്നാം സ്ഥാനത്തെത്തി. നാലോളം വേദികളിലായിട്ടായിരുന്നു മത്സരങ്ങൾ. സമാപന സമ്മേളനം ആലുവ എം.എൽ.എ അൻവർ സാദത്ത് ഉദ്ഘാടനം ചെയ്തു. കളമശ്ശേരി നഗരസഭാ ചെയർപേഴ്സൺ റുഖിയ ജമാൽ ചടങ്ങിൽ അധ്യക്ഷയായിരുന്നു. ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് അഡ്വ.ബി.എ. അബ്ദുൾ മുത്തലിബ് വിജയികൾക്ക് ട്രോഫിയും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

## മലപ്പുറം



**ജില്ലാകലോത്സവം** 2019 ഒക്ടോബർ 10, 12, 13 തീയതികളിലായി നടന്നു. 10-ാം തീയതി രാവിലെ 10 മണിക്ക് ബാങ്ക് എംപ്ലോയീസ് ഓഡിറ്റോറിയത്തിൽ ഒന്നാംദിവസ കലോത്സവം ജില്ലാപഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വി.സുധാകരൻ ഉദ്ഘാടനം ചെയ്തു. മൂന്നുവേദികളിലായി രചനാമത്സരങ്ങൾ, ഫാൻസിഡ്രസ്സ്, ദേശഭക്തിഗാനം എന്നീ മത്സരങ്ങൾ നടന്നു.

രണ്ടാംദിന മത്സരങ്ങൾക്ക് എ.യു.പി. സ്കൂൾ അങ്കണത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എ.പി. ഉണ്ണികൃഷ്ണൻ തുടക്കംകുറിച്ചു. എ.യു.പി. സ്കൂൾ, ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിലായി മൂന്നുവേദികളിൽ തിരുവാതിര, നാടോടിനൃത്തം, പദ്യപാരായണം, നാടൻപാട്ട്, പ്രസംഗം എന്നീ മത്സരങ്ങൾ നടന്നു.

മൂന്നാംദിനം മലപ്പുറം ടൗൺഹാളിൽ എം.എൽ.എ. ഉബൈദുള്ള പരിപാടികൾക്ക് തുടക്കം കുറിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എ.പി. ഉണ്ണികൃഷ്ണൻ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വി. സുധാകരൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഉമ്മർ അറയ്ക്കൽ, മലപ്പുറം മുനിസിപ്പൽ ചെയർപേഴ്സൺ സി.എച്ച്. ജമീല ടീച്ചർ, മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. സലീനടീച്ചർ, സംസ്ഥാന സാക്ഷരതാമിഷൻ ജനറൽ കൗൺലിൽ അംഗങ്ങളായ സലിം കുരുവമ്പലം, കെ. ബാബു, ജില്ലാപഞ്ചായത്ത് അംഗങ്ങൾ, ജില്ലാ കോ-ഓർഡിനേറ്റർ, അസി. കോ-ഓർഡിനേറ്റർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് മൂന്ന് വേദികളിലായി മാപ്പിളപ്പാട്ട്, സമൂഹഗാനം, ഒപ്പന, സംഘനൃത്തം, ഭരതനാട്യം, കഥാപ്രസംഗം എന്നീ മത്സരങ്ങൾ നടന്നു. വൈകിട്ട് സമാപനസമ്മേളനം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് സക്കീനപുൽപ്പാടൻ ഉദ്ഘാടനം ചെയ്തു. കുറ്റിപ്പുറം ബ്ലോക്ക് ഒന്നാം സ്ഥാനവും കൊണ്ടോട്ടി ബ്ലോക്ക് രണ്ടാംസ്ഥാനവും തിരൂരങ്ങാടി ബ്ലോക്ക് മൂന്നാം സ്ഥാനവും നേടി.



## തൃശൂർ

**കേരളത്തിന്റെ** സാംസ്ക്കാരിക തലസ്ഥാനമായ തൃശൂർ ജില്ലയിലെ ഈ വർഷത്തെ തുടർവിദ്യാഭ്യാസ കലോത്സവം സെപ്റ്റംബർ 28, 29 തീയതികളിൽ തൃശൂർ മോഡൽ ബോയ്സ്, മോഡൽ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലായി നടന്നു. രണ്ടുദിവസങ്ങളിലായി നടത്തിയ കലോത്സവം കൃഷി വകുപ്പു മന്ത്രി അഡ്വ.വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷയായി. തൃശൂർ കോർപറേഷൻ മേയർ അജിത വിജയൻ മുഖ്യാതിഥിയായി പങ്കെടുത്തു. യുവസിനിമാസംവിധായകൻ ജിതിൻ ശങ്കർരാജ്, സംസ്ഥാനസാക്ഷരതാമിഷൻ എക്സ്ക്യൂട്ടീവ് കമ്മറ്റി മെമ്പർ കാവുമ്പായി ബാലകൃഷ്ണൻ, ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കെ. ഉദയപ്രകാശൻ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സ്ൺ മഞ്ജുള അരുണൻ, വികസനകമ്മിറ്റി ചെയർപേഴ്സൺ ജെന്നി ജോസഫ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻകെ.ജെ. ഡിക്സൺ, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം. പത്മിനി ടീച്ചർ, തുല്യതാകോഴ്സ് കൺവീനർമാരായ പി.ജെ. കുര്യൻ മാസ്റ്റർ, ഡേവിഡ് സ്റ്റീഫൻ, എം. സദാനന്ദൻ മാസ്റ്റർ, അസി. കോ-ഓർഡിനേറ്റർ കൊച്ചുറാണി മാത്യു തുടങ്ങിയവർ പങ്കെടുത്തു.







ഉദ്ഘാടനസമ്മേളനത്തിൽ ജില്ലാ കോ-ഓർഡിനേറ്റർ വി.വിശ്യാംലാൽ സ്വാഗതവും അസി. കോ-ഓർഡിനേറ്റർ പി.എൻ. ബാബു നന്ദിയും പറഞ്ഞു. സമാപനസമ്മേളനത്തിൽ വച്ച് തൃശൂർ കോർപറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കരോളി ജോഷ്വ വിജയികൾക്ക് സമ്മാനദാനം നിർവഹിച്ചു. കലോത്സവത്തിൽ ഒൻപതാം തവണയും ഇരിങ്ങാലക്കുട ബ്ലോക്ക് ഓവർറോൾ കിരീടം നേടി, രണ്ടാം സ്ഥാനം തൃശൂർ കോർപറേഷനും മൂന്നാംസ്ഥാനം മതിലകം ബ്ലോക്കും നേടി.

## വയനാട്

ഒൻപതാമത് വയനാട് സാക്ഷരതാമിഷൻ തുടർവിദ്യാഭ്യാസ കലോത്സവം "സ്വരലയം" നവംബർ 26 നുതുടങ്ങി 27 ന് സമാപിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.കെ.ബി. നസീമ കലോത്സവം ഉദ്ഘാടനം ചെയ്തു. കൽപ്പറ്റ നഗരസഭാ ചെയർപേഴ്സൺ സനിത ജഗദീഷ്, ജില്ലാപഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരംസമിതിയംഗം എ. ദേവകി, വികസന സ്ഥിരസമിതിയംഗം മിനി, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉഷാ തമ്പി, ഹയർസെക്കൻഡറി കോഴ്സ് കൺവീനർ ചന്ദ്രൻ കേന്നാത്ത്, പഞ്ചായത്ത് കോർഡിനേറ്റർ മൊയ്തീൻകുട്ടി തുടങ്ങിയവർ സംബന്ധിച്ചു.



വിവിധവിഭാഗങ്ങൾ തിരിച്ചുള്ള മത്സരത്തിൽ സാക്ഷരത നാല്, ഏഴ് പഠിതാക്കളിൽ സി.പി. സുകുമാരൻ കലാപ്രതിഭയും ലീല കലാതിലകവുമായി. 10 ഹയർസെക്കൻഡറി വിഭാഗത്തിൽ പനമരം ബ്ലോക്കിൽ നിന്നുള്ള നജീവ് മണ്ണർ കലാപ്രതിഭയും ബത്തേരി ബ്ലോക്കിലെ കെ.കെ. സിന്ധു കലാതിലകവുമായി. പ്രേരക് വിഭാഗത്തിൽ കെ. ശ്യാമള, സമഗ്ര പ്രേരക് വിഭാഗത്തിൽ സാവിത്രി എന്നിവർ കലാതിലകപട്ടം നേടി. ട്രാൻസ്ജൻഡർ വിഭാഗത്തിൽ ഹയർസെക്കൻഡറിയിലെ ബൈജു ഏറ്റവും കൂടുതൽ പോയിന്റ് നേടി.

വാഹനാപകടത്തിൽ മരണപ്പെട്ട മുൻ പ്രേരക് വി.ടി. റോസമ്മയുടെ അനുസ്മരണാർഥം ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ബ്ലോക്കിനുവേണ്ടി ഏർപ്പെടുത്തിയ 'വി.ടി. റോസമ്മ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി' സുൽത്താൻ ബത്തേരി ബ്ലോക്ക് കരസ്ഥമാക്കി. പനമരം, മാനന്തവാടി, കൽപ്പറ്റ ബ്ലോക്കുകൾ യഥാക്രമം രണ്ട്, മൂന്ന്, നാല് സ്ഥാനങ്ങൾ കരസ്ഥമാക്കി.



## കണ്ണൂർ

**ജില്ലാതുടർവിദ്യാഭ്യാസ** കലോത്സവം ചിലമ്പ് 2019 മട്ടന്നൂർ മധുസൂദനൻ സ്മാരക ഗവ.യു.പി. സ്കൂളിൽ ഒക്ടോബർ 12, 13 തീയതികളിൽ നടന്നു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ.വി. സുമേഷ് കലോത്സവം ഉദ്ഘാടനം ചെയ്തു. മട്ടന്നൂർ നഗരസഭാ ചെയർപേഴ്സൺ അജിത വേണു അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാപഞ്ചായത്ത് സ്ഥിരംസമിതി ചെയർമാൻ കെ. പി. ജയബാലൻ, നഗരസഭ വൈസ് ചെയർമാൻ പി.പുരുഷോത്തമൻ, ജില്ലാപഞ്ചായത്ത് അംഗം അൻസാരി തില്ലങ്കേരി, നഗരസഭാ അംഗങ്ങളായ പി. പ്രസീന, പി.വി. ധനലക്ഷ്മി, വി.പി. ഇസ്മായിൽ, എ.കെ. സുരേഷ് കുമാർ, ഷാഹിന ഇസ്മയിൽ, സാക്ഷരതാ മിഷൻ അസി. ഡയറക്ടർ സന്ദീപ് ചന്ദ്രൻ, ജില്ലാ കോ-ഓർഡിനേറ്റർ ഡോ. മനോജ് സെബാസ്റ്റ്യൻ, ആർ. രമേഷ് കുമാർ, ടി.വി. ശ്രീജൻ, ഡോ. ജി. കുമാരൻ നായർ എന്നിവർ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് അഞ്ചുവേദികളിലായി നടന്ന മത്സരങ്ങളിൽ ജില്ലയിലെ പഠിതാക്കളും ഇൻസ്ട്രക്ടർമാരും പ്രേരക്മാരുമായി രണ്ടായിരത്തിലധികം പേർ പങ്കെടുത്തു.

സമാപന സമ്മേളനം എം.എൽ.എ സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് പി.പി. ദിവ്യ വിജയികൾക്ക് ട്രോഫിയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. കലോത്സവത്തിന് തുടക്കം കുറിച്ചുകൊണ്ട് ഒക്ടോബർ 10 ന് മട്ടന്നൂർ ടൗണിൽ വിളംബരഘോഷയാത്രയും അന്നേ ദിവസം തന്നെ വിവിധ ബ്ലോക്കുകളിൽ നിന്ന് വിഭവസമാഹരണവും നടത്തുകയുണ്ടായി. കലോത്സവത്തിൽ 146 പോയിന്റ് നേടി ഇരിക്കൂർ ബ്ലോക്ക് ഒന്നാം സ്ഥാനത്തെത്തി. തലശേരി രണ്ടാം സ്ഥാനവും കല്യാശേരി ബ്ലോക്ക് മൂന്നാം സ്ഥാനവും നേടി.



## കോഴിക്കോട്

**ജില്ലാ** സാക്ഷരതാമിഷന്റെ ആഭിമുഖ്യ ത്തിൽ ഒൻപതാമത് ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവം നവംബർ 2, 3 തീയതികളിൽ പയ്യോളി ഗവ.വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽവച്ച് നടന്നു.

കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി കലോത്സവം ഉദ്ഘാടനം ചെയ്തു. മേലടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. കുഞ്ഞിരാമൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ സി. അബ്ദുൾ റഷീദ് വിശദീകരണം നടത്തി. കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറി വി.ബാബു, സാക്ഷരതാമിഷൻ ജില്ലാ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ വി. രാധാകൃഷ്ണൻ, ടി.പി.ദാമോദരൻ, പി. സത്യൻ, എ.സി. രവികുമാർ, തിക്കോടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമ ചെറുകുറ്റി എന്നിവർ സംസാരിച്ചു.

ആദ്യദിവസം രചനാമത്സരങ്ങൾ പൂർത്തിയാക്കി. രണ്ടാം ദിവസം അഞ്ച് വേദികളിലായാണ് മത്സരങ്ങൾ നടന്നത്. ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവത്തിൽ ചേളന്നൂർ ബ്ലോക്ക് ചാമ്പ്യന്മാരായി. കുന്നുമ്മൽ ബ്ലോക്കിന് രണ്ടാം സ്ഥാനവും തൂണേരി ബ്ലോക്കിന് മൂന്നാം സ്ഥാനവും ലഭിച്ചു.

പ്രേരക്മാരുടെ വിഭാഗത്തിൽ എം.കെ. സവിത (തൂണേരി ബ്ലോക്ക്), പത്താംതരം, ഹയർസെക്കൻഡറി വിഭാഗത്തിൽ അനീഷ് കുമാർ.എം.കെ. (കോഴിക്കോട് കോർപ്പറേഷൻ), സിനീഷൻ.ടി.സി. (ബാലുശ്ശേരി ബ്ലോക്ക്), സാക്ഷരത 4, 7 വിഭാഗത്തിൽ മുഹമ്മദലി.കെ.കെ (കൊടുവള്ളി ബ്ലോക്ക്) എന്നിവർ കൂടുതൽ പോയിന്റുകൾ നേടി പ്രതിഭകളായി.

സമാപനസമ്മേളനം കെ. മുരളീധരൻ എം.പി. ഉദ്ഘാടനം ചെയ്തു. കെ. ദാസൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. പയ്യോളി നഗരസഭാ ചെയർപേഴ്സൺ വി.ടി. ഉഷ സമ്മാനദാനം നടത്തി. പി.ബാലഗോപാലൻ മാസ്റ്റർ, പ്രേമ ബാലകൃഷ്ണൻ, ഇ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, സുനിൽ ഓടയിൽ, കെ. പ്രദീപ്, ഭാസ്ക്കരൻ തിക്കോടി, കെ.കെ. ഷൈജ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.








## തിരുവനന്തപുരം

**തുടർവിദ്യാഭ്യാസ** കലോത്സവത്തിൽ 152 പോയിന്റ് നേടി പെരിങ്കടവിള ബ്ലോക്ക് പഞ്ചായത്ത് ഓവറോൾ ചാമ്പ്യൻമാരായി. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് രണ്ടാംസ്ഥാനവും തിരുവനന്തപുരം കോർപ്പറേഷൻ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

സാക്ഷരതാ നാല്, ഏഴ് പഠിതാക്കൾ ഗുണഭോക്താക്കൾ വിഭാഗത്തിലും പത്താംതരം ഹയർസെക്കൻഡറി തുല്യതാ പഠിതാക്കൾ പഠിതാക്കൾവിഭാഗത്തിലും തുടർവിദ്യാഭ്യാസ പ്രവർത്തക്കർ പ്രേരക് വിഭാഗത്തിലും 66 ഇനങ്ങളിലായി തുടർവിദ്യാഭ്യാസ കലോത്സവത്തിൽ പങ്കെടുത്തു. പത്താംതരം ഹയർസെക്കൻഡറി തുല്യതാപഠിതാക്കൾ വിഭാഗത്തിൽ വെള്ളനാട് ബ്ലോക്ക്പഞ്ചായത്ത് ഒന്നാമതെത്തി. തിരുവനന്തപുരം കോർപ്പറേഷൻ റണ്ണേഴ്സ്അപ്പായി. സാക്ഷരതാ നാല്, ഏഴ് പഠിതാക്കൾ വിഭാഗത്തിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ചാമ്പ്യന്മാരായി. തിരുവനന്തപുരം കോർപ്പറേഷൻ റണ്ണേഴ്സ്അപ്പായി. പ്രേരക് വിഭാഗത്തിൽ പെരിങ്കടവിള ബ്ലോക്ക് പഞ്ചായത്ത് ചാമ്പ്യന്മാരായി. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് റണ്ണേഴ്സ്അപ്പായി.

തിരുവനന്തപുരം കോർപ്പറേഷനിലെ ലൂസിയ ഫ്രാൻസിസ് ഗുണഭോക്താക്കൾ വിഭാഗത്തിലും പെരിങ്കടവിള ബ്ലോക്കിലെ ദിലീപ്കുമാർ പഠിതാക്കൾ വിഭാഗത്തിലും പെരിങ്കടവിള ബ്ലോക്കിലെ ധർമ്മരാജ് പ്രേരക് വിഭാഗത്തിലും വ്യക്തിഗത ചാമ്പ്യൻഷിപ്പിന് അർഹത നേടി.

സമാപനസമ്മേളനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്ഥിരസമിതി അധ്യക്ഷൻ വി. രഞ്ജിത്ത് അധ്യക്ഷത വഹിച്ചു. ജില്ലാപഞ്ചായത്ത് അംഗവും സ്വാഗതസംഘം വർക്കിംഗ് ചെയർമാനുമായ അഡ്വ.എസ്. ഷാജഹാൻ സമ്മാനങ്ങൾ വിതരണം ചെയ്തു. സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ പി. പ്രശാന്ത്കുമാർ മുഖ്യപ്രഭാഷണം നടത്തി. വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.കെ. യൂസഫ്, വെള്ളനാട് ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് എസ്.എസ്. അജിതകുമാരി, പെരിങ്കടവിള ബ്ലോക്ക്പഞ്ചായത്ത് വൈസ്പ്രസിഡന്റ് കെ.കെ. സജയകുമാർ, നെടുമങ്ങാട് ബ്ലോക്ക് ആരോഗ്യവിദ്യാഭ്യാസ സ്ഥിരംസമിതി അധ്യക്ഷൻ രാജേഷ് കണ്ണൻ, ഒറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ് ഞെക്കാട് എച്ച്.എസ്.എസ് പ്രിൻസിപ്പാൾ ആർ.പി. ദിലീപ് കുമാർ, പി.ടി.എ പ്രസിഡന്റ് കെ. ഷാജികുമാർ, സാക്ഷരതാമിഷൻ ജില്ലാ അസി.കോ-ഓർഡിനേറ്റർമാരായ ബി. സജീവ്, വൈ. സജീന, നോഡൽ പ്രേരക് എസ്. സുരേഷ് ബാബു തുടങ്ങിയവർ പ്രസംഗിച്ചു. ◀|



**പുസ്തകപരിചയം** • വി.മാധവൻപിള്ള

# യശ്പാലിന്റെ രാജ്യദ്രോഹി

സമകാലസംഭവങ്ങൾക്ക് കലാസുഭഗമായ ആവിഷ്ക്കരണം നൽകാനുള്ള ഹിന്ദികാഥികരുടെ പരിശ്രമത്തിന്റെ ഫലങ്ങളിൽ എല്ലാംകൊണ്ടും മികച്ചുനിൽക്കുന്നു യശ്പാലിന്റെ 'രാജ്യദ്രോഹി'. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമഘട്ടമായ ആഗസ്റ്റ് വിപ്ലവത്തിന്റെ പശ്ചാത്തലത്തിലിറങ്ങിയിട്ടുള്ള ഏറ്റവും വിശിഷ്ടമായ ഹിന്ദിനോവലും ഇതാണ്.





'നോവൽ ചക്രവർത്തി'യെന്നറിയപ്പെടുന്ന പ്രേംചന്ദ് 1936 അവസാനത്തിൽ മരിച്ചതോടെ ഹിന്ദിസാഹിത്യത്തിൽ ഒരു യുഗം അവസാനിച്ചു മറ്റൊന്നാരംഭിച്ചതായി കണക്കാക്കാം. സാഹിത്യലോകത്തിലെ ഒരതികായനായിരുന്ന പ്രേംചന്ദ്. അദ്ദേഹത്തോടൊത്തു നിൽക്കാവുന്നൊരു നോവലെഴുത്തുകാരൻ ഹിന്ദിയിൽ വേറെ ഉണ്ടായിട്ടില്ല.

## നാൽപ്പത്തിരണ്ടിന്റെ നോവൽ

പക്ഷേ, ഹിന്ദിയിലെ കഥാസാഹിത്യത്തിന്റെ ഉറവുവറ്റിയെന്ന് ഇതിനർഥമില്ല. വിഭിന്നവ്യക്തിത്വങ്ങളുള്ള, പ്രതിഭാശാലികളായ, പത്തുകഥാകൃത്തുക്കളെയെങ്കിലും ചൊല്ലി ഹിന്ദിസാഹിത്യത്തിന് ഇന്ന് അഭിമാനം കൊള്ളാം- ഇന്ത്യയിലെ മറ്റേതു സാഹിത്യത്തിലുമുള്ള കഥാകൃത്തുക്കളുമായി തട്ടിച്ചുനോക്കിയാലും ക്ഷീണം തട്ടാത്തവർ ജൈനേന്ദ്രകുമാർ, സച്ചിദാനന്ദഹീരാനന്ദ വാത്സ്യായൻ, യശ്പാൽ, ഭഗവതീപ്രസാദ് വാജ്പേജി, ഇലാചന്ദ്രജോശി, സത്യവതീമല്ലിക്, ഭഗവതീചരൺ വർമ്മ, സുഭദ്രാകുമാരീ ചൗഹാൻ, ഉപേന്ദ്രനാഥ് അശ്ക്, അമൃത്റായ് - അങ്ങനെ ഈ പട്ടിക ഇനിയും നീട്ടാം.


സമകാലസംഭവങ്ങൾക്ക് കലാസുഭഗമായ ആവിഷ്ക്കരണം നൽകാനുള്ള ഹിന്ദികാഥികരുടെ പരിശ്രമത്തിന്റെ ഫലങ്ങളിൽ എല്ലാംകൊണ്ടും മികച്ചുനിൽക്കുന്നതത്രെ യശ്പാലിന്റെ 'രാജ്യദ്രോഹി'. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമഘട്ടമായ ആഗസ്റ്റ് വിപ്ലവത്തിന്റെ പശ്ചാത്തലത്തിലിറങ്ങിയിട്ടുള്ള ഏറ്റവും വിശിഷ്ടമായ ഹിന്ദിനോവലും ഇതാകുന്നു. സ്വൽപ്പം കരുതി 'ഹിന്ദിനോവൽ' എന്നു പറഞ്ഞെന്നേ ഉള്ളൂ. ഇന്ത്യയിലെ മറ്റേതെങ്കിലും ഭാഷയിൽ ഈ കാലഘട്ടത്തെപ്പറ്റി ഇത്ര ഉജ്വലമായൊരു നോവൽ എഴുതപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല.

ബാഹ്യസംഘട്ടനങ്ങളുടെ സ്ഥിതി ഇരിക്കട്ടെ. ആശയസംഘട്ടനങ്ങൾ ഇത്രയധികം നടന്നിട്ടുള്ളൊരു കാലഘട്ടം നമ്മുടെ ചരിത്രത്തിൽ വേറെ ഉണ്ടായിട്ടുണ്ടോ? നഗരത്തിലെ ഇടത്തരക്കാരുടെ കണ്ണിൽക്കൂടി യശ്പാൽ ഈ ആശയസംഘട്ടനത്തെ നോക്കിക്കാണുന്നതാണ് 'രാജ്യദ്രോഹി'. യുദ്ധക്കരാറുകാർ മുതൽ കമ്മ്യൂണിസ്റ്റ് പ്രക്ഷോഭകാർ വരെയുള്ള മധ്യവർഗത്തിന്റെ എല്ലാവിഭാഗങ്ങളും അതിൽ പ്രതിനിധാനം ചെയ്യപ്പെട്ടിരിക്കുന്നു.

## കഥാതന്തു

വടക്കുപടിഞ്ഞാറെ അതിർത്തിസംസ്ഥാനത്തിലുള്ള 'തുത്തി'യിലെ ബ്രിട്ടീഷിന്ത്യൻ പട്ടാളക്യാമ്പിൽ നിന്ന് ഗോത്രവർഗക്കാരായ വസീറികൾ അപഹരിച്ചുകൊണ്ടുപോയ ലഫ്റ്റനന്റ് (ഡോക്ടർ) ഖന്നയാണ് ഇതിലെ 'രാജ്യദ്രോഹി'. വീട്ടിൽനിന്നു 'മോചനപ്പണം' വരായ്കയാൽ വസീറികൾ ഏതാനും മാസം കഴിഞ്ഞ് അയാളെ മാർഗംകൂട്ടി അഫ്ഗാനിസ്താനിൽ കൊണ്ടുപോയി 1,000 രൂപ വിലയ്ക്ക് ഒരു തോൽക്കച്ചവടക്കാരനു വിറ്റു. കുറച്ചു വർഷങ്ങൾക്കുശേഷം ഡോക്ടർ തക്കംനോക്കി റഷ്യയിലേക്ക് ഓടിപ്പോയി ഒരു ഗവേഷണശാലയിൽ ജോലി സമ്പാദിച്ചു. രണ്ടാം ലോകമഹായുദ്ധം മുറുകിയതോടെ അയാൾ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനത്തിനായി ഇന്ത്യയിൽ ഒളിച്ചുവന്നിറങ്ങി.

പക്ഷേ, പാർട്ടിപ്രവർത്തനം എളുപ്പമായിരുന്നില്ല. ഗവൺമെന്റിന് കമ്മ്യൂണിസ്റ്റുകാരെ സംശയമായിരുന്നു; നാട്ടുകാർക്ക് അവരോടെതിർപ്പും. ഡോക്ടർ ഖന്നയുടെ ഒരു പഴയ സുഹൃത്തായ ബദരി അന്നേക്കു തനി ഗാന്ധിയൻ കോൺഗ്രസ് സോഷ്യലിസ്റ്റും. 1942 ആഗസ്റ്റ് 9-ാം തീയതിക്കുശേഷം കോൺഗ്രസുകാർ ജയിലിലും സോഷ്യലിസ്റ്റുകാർ ഒളിവിലുമായി. ഒളിവിലുള്ള സോഷ്യലിസ്റ്റുകാർ അട്ടിമറി പ്രവർത്തനങ്ങൾക്ക് ആഹ്വാനം നൽകിയപ്പോൾ കമ്മ്യൂണിസ്റ്റുകാർ അവരെ ജപ്പാന്റെ 'അഞ്ചാംപത്തി'കളായി ചിത്രീകരിച്ചു. കാൺപൂരിലെ ഒരുമില്ലിനു തീവയ്ക്കാനുള്ള ശ്രമത്തിൽ ശിവനാഥന്റെ കൂട്ടുകാർ ഖന്നയുടെ ആൾക്കാരോടേറ്റുമുട്ടി. ഖന്നയ്ക്കുവല്ലാതെ മുറിവേറ്റു. ആസ്പത്രിയിൽ പോകാനയാൾക്കുകഴിഞ്ഞില്ല; കാരണം, ഉടൻതന്നെ അയാൾക്ക് ഒളിവിൽ പോകേണ്ടതാ



യിവന്നു. റഷ്യയിൽനിന്നു പാസ്പോർട്ടു കൂടാതെ ഇന്ത്യയിലെത്തിയ ഒരു കമ്മ്യൂണിസ്റ്റ് ചാരനാണയാളെന്നു ശിവനാഥൻ പൊലീസിന് ഒരു ഊമക്കത്ത് അയച്ചിരുന്നു. മുറിവേറ്റ ഈ മനുഷ്യൻ എവിടെ ഒളിക്കാനാണ്? തന്റെ പ്രണയഭാജനമായ ആദ്യപത്നിയും താൻ മരിച്ചുവെന്ന വിശ്വാസത്തിൽ കോൺഗ്രസുനേതാവായ ബദരിയെ വിവാഹം ചെയ്തു കഴിഞ്ഞിരുന്നവളുമായ രാജത്തിന്റെ അടുക്കലേക്ക് അയാൾ നയിക്കപ്പെട്ടു. എന്നാൽ അവിടെ അയാൾക്കാശ്രയം ലഭിച്ചില്ല. തിരികെ പോരും വഴിയിൽ, നിർജനമായ ഒരു വനപ്രദേശത്ത്, അയാളുടെ മറ്റൊരു സുഹൃത്തും മിലിട്ടറി കോൺട്രാക്ടറുമായ രാജാറാം അയാളെ മഞ്ചലിൽനിന്നു വലിച്ചുതാഴെ ഒരു പാറപ്പുറത്തു തള്ളിയിട്ടു.

"ഉച്ചയ്ക്കുശേഷം സന്ധ്യയും സന്ധ്യയ്ക്കുശേഷം രാത്രിയും. നിമിഷംതോറും തകർന്നുകൊണ്ടിരിക്കുന്ന ജീവശക്തി; വിശപ്പും ദാഹവും പനിയും വേദനയുംകൂടി നടത്തുന്ന പ്രബലമായ ആക്രമണം! ദൗർബല്യം അധികമായി, ബോധക്ഷയം വർധിച്ചു; വേദനയുടെ അനുഭൂതി കുറഞ്ഞു കുറഞ്ഞുവന്നു..."

## കലാശിൽപ്പം

ഈ കഥാതന്തുവിൽ പ്രകൃതി, സമുദായഘടന, വ്യക്തിസ്വഭാവം എന്നിവയിലെ നിതാന്ത വിഭിന്നങ്ങളായ മനോഹരചിത്രങ്ങൾ പഴുതടച്ചു കോർത്തിണക്കാൻ കഴിഞ്ഞതാണ് യശ്പാലിന്റെ വിജയം. കാൺപൂർ, ബോംബെ, ഡൽഹി എന്നീ നഗരങ്ങളും പരിസരഗ്രാമങ്ങളുമടങ്ങുന്ന, ജനസസ്യസമ്പുഷ്ടമായ ഇന്ത്യയും മുൾച്ചെടികളും പാറക്കുന്നുകളും നിറഞ്ഞ, വരൾച്ച ബാധിച്ച ഗോത്രപ്രദേശങ്ങളും ഗസ്നിമുഹമ്മദിന്റെ വിജയസിംഹസ്തംഭങ്ങളേറ്റിനിൽക്കുന്ന കാവിക്കുന്നുകൾക്കിടയിൽ ഭക്തന്മാർ നിസ്കരിച്ചും കാമിനീകാമുകന്മാർ 'ഷാനാമ'വായിച്ചും പുലരുന്ന സ്വപ്നലോകതുല്യമായ അഫ്ഗാനിസ്താനും സോഷ്യലിസ്റ്റു നിർമാണത്തിന്റെ ഇരമ്പം മുഴങ്ങി, ജീവിതം പിരിമുറുകിയ സോവിയറ്റ് റഷ്യയും – അവിടെയെല്ലാം നിങ്ങൾക്കീ നോവലിലൂടെ സഞ്ചരിക്കാം. ഒരിടത്തു

സ്വന്തം സംസ്ഥാനമായ പഞ്ചാബിൽ പോകാൻ യശ്പാലിന്നനുവാദമുണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹം ലഖ്നൗവിൽ താമസിച്ച് 'വിപ്ലവം' എന്ന മാസിക പ്രസിദ്ധീകരിക്കാൻ തുടങ്ങി. രണ്ടുകൊല്ലത്തിനുള്ളിൽ ഗവൺമെന്റ് ഈ മാസികയോടു പന്തീരായിരം രൂപ ജാമ്യമാവശ്യപ്പെട്ടു. അങ്ങനെ ആ പണിയും മുടങ്ങി. 1941ൽ ഇന്ത്യൻ രാജ്യരക്ഷാനിയമമനുസരിച്ച് യശ്പാൽ വീണ്ടും ജയിലിലായി.




ഭാര്യയെ വിൽക്കാനും വേണമെങ്കിലവളുടെ മൂക്കുമുറിക്കാനും ചോരയ്ക്കു ചോരവാങ്ങാനും സമുദായം അനുവദിക്കുന്നു; മറ്റൊരിടത്താകട്ടെ സമുദായത്തിന്റെ സാർവത്രികമായ പുരോഗതിയാണ് എല്ലാ വൈയക്തിക പ്രയത്നങ്ങളുടെയും നീതീകരണം; ഇനിയൊരിടത്തു മതാധിഷ്ഠിതമായ യാഥാസ്ഥിതികത്വവും പരിഷ്കാരവാദിയായ ദേശീയതയും വിപ്ലവോന്മുഖ ഭൗതികദർശനവും തമ്മിലുള്ള നിർദ്ദയസമരത്തിൽ നല്ലതെല്ലാം വേദനകൊണ്ടു വിങ്ങിപ്പൊട്ടുന്നു!

ഓരോ സമുദായഘടനയുടെയും ഗുണദോഷങ്ങൾ പരിശോധിക്കുവാനുള്ള ഒരെളുപ്പവഴി അതാതു സമുദായത്തിലെ സ്ത്രീകളുടെ നില പരിശോധിക്കുകയാവും. ഇബ്ബ, നൂരൻ, ഫിതിയ എന്നീ സ്ത്രീകൾ ഗോത്രപ്രദേശ സമുദായനീതികൾ പ്രതിഫലിപ്പിക്കുന്ന കണ്ണാടികളത്രെ. അഫ്ഗാനിസ്താനിലെ ജീവിതസംസ്കാരം മുഴുവൻ നർഗീസിൽ നിഴലിച്ചുകാണാം. റഷ്യയിൽ ഉണ്ടായിവരുന്ന പുതിയ മനുഷ്യത്വ(സ്ത്രീത്വ)ത്തിന്റെ പ്രതീകമത്രേ ഗുൽശ. ഇന്ത്യയിലെ ദേശീയതയിലേക്കു വളർന്ന പഴയ സംസ്കാരം രാജ്യത്തിലും മനുഷ്യതയിലേക്കു വളരുന്ന പുതിയ സംസ്കാരം ചാന്ദിലും നിങ്ങൾ സാക്ഷാത്ക്കരിക്കുന്നു. പ്രകൃതിയിലും സമുദായഘടനയിലും മനുഷ്യസ്വഭാവാദർശങ്ങളിലുമുള്ള ഈ വിചിത്രോജ്ജ്വലവൈരുധ്യം 'രാജ്യദ്രോഹി'ക്ക് ഇതിഹാസത്തിന്റേതായ ഒരു വലുപ്പവും ഗാംഭീര്യവും നൽകുന്നു. സ്വന്തം രാഷ്ട്രീയാദർശങ്ങളുണ്ടെങ്കിൽക്കൂടി ഗ്രന്ഥകാരൻ ഒരു കലാകാരന്റേതായ നിസ്സംഗത തന്റെ പാത്രങ്ങളുടെ നേർക്കു പുലർത്തിപ്പോന്നിട്ടുണ്ട്. കറുപ്പും വെളുപ്പുമായല്ല, മഴവില്ലിന്റെയും മയിൽപ്പീലിയുടെയും നിറങ്ങളും നിറക്കൂട്ടുകളും ഉപയോഗിച്ചാണ് അദ്ദേഹം 'രാജ്യദ്രോഹി' എഴുതിയിട്ടുള്ളത്.

കഥകളെഴുതി പേരെടുത്ത ശേഷമേ യശ്പാൽ നോവലിൽ കൈവച്ചുള്ളൂ. കലാശിൽപ്പത്തെ സംബന്ധിച്ചിടത്തോളം ഈ കാഥികൻ തന്റെ സമകാലികരെല്ലാവരേക്കാളും മുന്നിൽ നിൽക്കുന്നു. ഏണും കോണും ചേർന്ന, സുഘടിതങ്ങളായ, കഥകളാണദ്ദേഹത്തിന്റേത്. സജീവമായ പശ്ചാത്തലപാത്രചിത്രണം അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. കഥാപാത്രങ്ങളെ അദ്ദേഹം ഉള്ളിൽ നിന്നാണുനോക്കിക്കാണുന്നത്. ഹൃദയത്തിൽ ഒരു വൈദ്യുതദീപവുമേന്തി നടക്കുന്നതുപോലെയുണ്ടവർ – നോക്കിക്കൊള്ളൂ, ഓരോ വിചാരവും വികാരത്തിന്റെ ഓരോ തുടിപ്പും നിങ്ങൾക്കവരിൽ സ്ഫടികസ്ഫുടമായിക്കാണാം. അദ്ദേഹത്തിന്റെ കഥകളുടെ ഈ സവിശേഷതകൾ നോവലുകളിലും തുടർന്നുനിൽക്കുന്നു. കഥകളെപ്പോലെ പൂർണതയും സാംഗോപാംഗഭംഗിയും അവയിൽ ഒത്തിണങ്ങുന്നു. അവയിൽ കഥയുണ്ട്; കഥയ്ക്കു നിങ്ങളെ പിടിച്ചിരുത്തുന്ന ഗതിവേഗം (ടെമ്പോ) ഉണ്ട്; നിങ്ങളെ ഉത്തേജിതരാക്കുന്ന ആവേഗം (സസ്പെൻസ്) ഉണ്ട്. 'രാജ്യദ്രോഹി'യുടെ അവസാനത്തിലുള്ള, രംഗോഡയിൽനിന്നു ഖന്നയെ വഹിച്ചുകൊണ്ടുള്ള ചാന്ദിന്റെ മടക്കയാത്രപോലെ ഹൃദയമഥനക്ഷമമായ ഒരു സംഭവം കഥാസാഹിത്യത്തിൽ അപൂർവമായേ കാണൂ.

## കാഥികൻ

ഒരു നോവലിനേക്കാൾ രസകരമാണ്, ഒരുപക്ഷേ, ഈ നോവലെഴുത്തുകാരന്റെ ജീവിതകഥ. 1903 ൽ പഞ്ചാബിലെ ഫിറോസ്പൂർ കന്റോമെന്റിൽ അദ്ദേഹം ജനിച്ചു. വടക്കൻ പഞ്ചാബിലെ അതിസുന്ദരങ്ങളായ മലകൾക്കിടയിലുള്ള 'കാംഗ്ര'യിൽ പിറന്നവരായിരുന്നു അച്ഛനമ്മമാർ. പക്ഷേ, പ്രകൃതിസൗന്ദര്യത്തിനുപകരം പട്ടാളക്കാരുടെ കവാത്ത് കണ്ടും അവരുടെ അട്ടഹാസങ്ങൾ കേട്ടുമാണ് മകൻ വളർന്നത്. അമ്മ ആര്യസമാജക്കാരിയായിരുന്നതിനാൽ യശ്പാൽ ആദ്യത്തെ ഏഴുകൊല്ലം കാംഗ്രാഗുരുകുലത്തിൽ പഠിച്ചു. പിന്നീട് ലാഹോറിലെ ഡി.എ.വി കോളേജിൽ ചേർന്നു. മെട്രിക്കുലേഷൻ പ്രശസ്തിയോടെ ജയിച്ചു. 1920 ലെ സത്യാഗ്രഹകാലത്ത് പഠിപ്പുപേക്ഷിച്ച് ഉൾനാടുകളിലലഞ്ഞ് കോൺഗ്രസ് പ്രവർത്തനം നടത്തി. പിന്നീട് ലാലാലജ്പത്റായിയുടെ നാഷണൽ കോളേജിൽ ചേർന്നു ഡിഗ്രിയെടുത്തു; അവിടെ ത്തന്നെ അധ്യാപകനുമായി.

ഭഗത്സിംഗ്, സുഖദേവ് മുതലായ പ്രസിദ്ധ വിപ്ലവകാരികൾ കോളേജിൽ യശ്പാലിന്റെ സഹപാഠികളായിരുന്നു. ഇവരുടെ വിപ്ലവസംഘത്തിൽ അദ്ദേഹവും ചേർന്നു. 1929 ൽ കേന്ദ്രനിയമസഭയിൽ ബോംബ് പൊട്ടി. ഭഗത്സിംഗും മറ്റും അറസ്റ്റ് ചെയ്യപ്പെട്ടു. പൊലീസ് ഒരു ബോംബുനിർമാണശാല കണ്ടുപിടിച്ചു. ഈ 'ഫാക്ടറി'യിൽ നിന്ന് പൊലീസിനെത്തോൽപ്പിച്ചോടിപ്പോയ യശ്പാൽ മൂന്നുകൊല്ലം ഒളിവിൽ കഴിഞ്ഞു. വൈസ്രോയിയുടെ മേൽ ബോംബിടാൻ ശ്രമിച്ചതുതുടങ്ങി പല കുറ്റങ്ങളും അതിനിടയിൽ അദ്ദേഹത്തിന്റെ മേൽ ചുമത്തപ്പെട്ടു. 1932 ൽ ഒരു രാത്രി, അലഹാബാദിലൊരു വീട്ടിൽ വച്ച്, അങ്ങോട്ടുമിങ്ങോട്ടും ഒരു 'വെടിപൂരം' നടത്തിയതിനുശേഷം പൊലീസ് അദ്ദേഹത്തെപ്പിടിച്ചു. പതിനാലുകൊല്ലത്തെ കഠിനതടവ് അദ്ദേഹത്തിനുകിട്ടി. ഏഴുകൊല്ലം ജയിലിൽ താമസിച്ചപ്പോഴേക്കും യശ്പാലിന്റെ ആരോഗ്യം നശിച്ചു; അദ്ദേഹം ചോര ഛർദിച്ചുതുടങ്ങി. അപ്പോഴേക്ക് അധികാരത്തിൽ വന്ന കോൺഗ്രസ് അദ്ദേഹത്തെ തുറന്നുവിട്ടു.

എന്നാലും സ്വന്തം സംസ്ഥാനമായ പഞ്ചാബിൽ പോകാൻ യശ്പാലിന്നനുവാദമുണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹം ലഖ്നൗ വിൽ താമസിച്ച് 'വിപ്ലവം' എന്ന മാസിക പ്രസിദ്ധീകരിക്കാൻ തുടങ്ങി. രണ്ടുകൊല്ലത്തിനുള്ളിൽ ഗവൺമെന്റ് ഈ മാസികയോടു പന്തീരായിരം രൂപ ജാമ്യമാവശ്യപ്പെട്ടു. അങ്ങനെ ആ പണിയും മുടങ്ങി. 1941 ൽ ഇന്ത്യൻ രാജ്യരക്ഷാനിയമമനുസരിച്ച് യശ്പാൽ വീണ്ടും ജയിലിലായി. ജയിൽവിട്ടുവന്നതുമുതൽ സാഹിത്യപ്രവർത്തനങ്ങളിൽ മുഴുകി. ഇന്ന് ഇന്ത്യൻ പുരോഗമനസാഹിത്യസംഘടനയുടെ പ്രമുഖാംഗങ്ങളിൽ ഒരാളാണദ്ദേഹം.

യശ്പാലിന്റെ കല്യാണത്തിന്റെ കഥയും രസകരമാണ്. ജയിലിൽവച്ചാണതുണ്ടായത്. അന്നേക്കദ്ദേഹം ജയിലിലായിട്ട് നാലുകൊല്ലം കഴിഞ്ഞിരുന്നു. പത്തുകൊല്ലത്തെ തടവുബാക്കിയുണ്ട്. ഒരുദിവസം ജയിലിൽ ഒരു സന്ദർശക വന്നു. ലാഹോറിലെ ഒരു ധനിക കുടുംബത്തിൽ പിറന്ന പ്രകാശവതി. അവരും കുറേക്കാലം ഭഗത് സിംഗിന്റെ വിപ്ലവസംഘത്തിലുണ്ടായിരുന്നു; കുറച്ചുകാലം ഒളിവിൽ പോയിട്ടുമുണ്ട്! അവർ പറഞ്ഞു: "നമുക്കു കല്യാണം കഴിക്കുക". രണ്ടുപേരും കടലാസുകളിലൊപ്പിട്ടു. കല്യാണം കഴിഞ്ഞു സന്ദർശക തിരിച്ചുപോയി. അവർക്കിടയിൽ ജയിലിന്റെ കനത്ത വാതിൽ വീണ്ടും അടഞ്ഞു.

## കവി – രാഷ്ട്രീയ പ്രവർത്തകൻ

റൊമാന്റിക് – റിയലിസ്റ്റ്, അങ്ങനെ വൈരുധ്യങ്ങളുടെ ഒരു സമന്വയമാണ് യശ്പാൽ. ഈ ആന്തരവൈരുധ്യമാവണം അദ്ദേഹത്തിന്റെ കലയുടെ സൗന്ദര്യത്തിന്റെ നിദാനവും. അനേകം കഥാസമാഹാരങ്ങളും ഏതാനും നോവലുകളും അദ്ദേഹത്തിന്റെ വകയായി പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുണ്ട്. 1942 ലെ സമരത്തെപ്പറ്റി അദ്ദേഹം എഴുതിയ 'സലാഡ്' എന്ന മനോഹരകഥ ഈ ലേഖകൻ നാലഞ്ചു കൊല്ലംമുമ്പ് തർജമചെയ്ത് 'മംഗളോദയ'ത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. 'രാജ്യദ്രോഹി' യിലൂടെ മലയാളവായനക്കാർ യശ്പാലുമായി പരിചയപ്പെടുന്നത് നന്ന്. കാരണം, പലരുടേയും അഭിപ്രായത്തിൽ, അദ്ദേഹത്തിന്റെ ഏറ്റവും മികച്ച കൃതി ഇതാണ്. ◀





# സംസ്ഥാന സാക്ഷരതാമിഷന് പുതിയ ആസ്ഥാനമന്ദിരം

**സംസ്ഥാന** സാക്ഷരതാമിഷൻ അതോറിറ്റിക്ക് സ്വന്തമായി ആസ്ഥാനമന്ദിരമായി. പേട്ട ഗവൺമെന്റ് സ്കൂളിനുസമീപത്തായി പണികഴിപ്പിച്ച പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. പാർശ്വവൽകൃത മേഖലയിൽ പ്രത്യേക ഊന്നൽ നൽകിയുള്ള മാതൃകാപരമായ പ്രവർത്തനമാണ് സാക്ഷരതാ മിഷന്റേതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തുടർവിദ്യാഭ്യാസരംഗത്ത് സാക്ഷരതാമിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ ദേശീയതലത്തിലും ശ്രദ്ധനേടി. നവസാക്ഷരർക്കും മറ്റുമായി തുടർസാക്ഷരതാപദ്ധതികളുമായാണ് സാക്ഷരതാമിഷൻ മുന്നോട്ടുപോകുന്നത്. 2009ൽ സാക്ഷരതാപ്രവർത്തനങ്ങൾക്കുള്ള സഹായം കേന്ദ്രം നിർത്തിയിട്ടും സംസ്ഥാനം ആ ബാധ്യതകൾ ഏറ്റെടുത്ത് പ്രവർത്തനം തുടർന്നു. ആ പ്രവർത്തനമാണ് രാജ്യം അംഗീകരിച്ചത്.

ആദിവാസി, പട്ടികവിഭാഗം, തീരദേശ മേഖലകളിൽ ഊന്നിയുള്ള സാക്ഷരതാപ്രവർത്തനങ്ങൾ മാതൃകാപരമാണ്. വയനാട്ടിലെയും അട്ടപ്പാടിയിലെയും ആദിവാസി ഊരുകളിലും ശ്രദ്ധേയപ്രവർത്തനങ്ങളാണ് സാക്ഷരതാമിഷൻ നടത്തിയത്. അത് ഊർജിതമായി മുന്നോട്ടുകൊണ്ടുപോകും. അന്യസംസ്ഥാനങ്ങളിൽനിന്ന് കുടിയേറുന്നവരുൾപ്പെടെയുള്ളവരുടെ കുട്ടികൾക്ക് നമ്മുടെ ഭാഷ പഠിക്കാൻ അവസരമൊരുക്കുന്നതും ശ്രദ്ധേയമാണ്.

സമ്പൂർണസാക്ഷരത നേടിയ ആദ്യസംസ്ഥാനമായി കേരളം മാറിയത് ജനങ്ങൾ ഭേദചിന്തയില്ലാതെ ഒരുമിച്ചതുകൊണ്ടും അന്നത്തെ ഇ.കെ. നായനാർ സർക്കാരിന്റെ പ്രതിബദ്ധത കൊണ്ടുമാണ്. ഏതൊരു കാര്യത്തിലും ഭേദചിന്തയില്ലാതെ സഹകരിക്കുന്ന ജനങ്ങളാണ് നമ്മുടെ സമൂഹത്തിൽ. ആളുകളെ വിവിധ കള്ളികളിലാക്കാനും മനുഷ്യത്വത്തിൽനിന്ന് അടർത്തിമാറ്റാനും ശ്രമമുണ്ടായിട്ടും അത് നടക്കാത്തത് ഈ പ്രത്യേകത കാരണമാണ്.




നവോത്ഥാനകേരളത്തെ പ്രത്യേക ഇരുട്ടറയിലേക്ക് തള്ളിയിടാനുള്ള നീക്കം നടന്നപ്പോഴാണ് സാമൂഹികസാക്ഷരതാ പ്രവർത്തനങ്ങൾ ജനകീയ സംരംഭമായി ഏറ്റെടുക്കാനായത്. അതുപോലെ ഗൗരവമുള്ള പ്രശ്നങ്ങളിൽ സാമൂഹികബോധവൽക്കരണം ജനകീയമായി വളർത്തിയെടുക്കാനാണ് ഹരിതകേരളം മിഷൻ പോലുള്ള മുൻകൈയെടുക്കൽ സർക്കാർ നടത്തുന്നത്. നവകേരളസൃഷ്ടിക്ക് ഇത്തരം പ്രവർത്തനങ്ങൾ ഗുണകരമാകുമെന്നതിൽ സംശയമില്ല. വിദ്യാഭ്യാസമേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങളാണ് കേരളം കൈവരിക്കുന്നതെന്നും ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

ഔപചാരിക വിദ്യാഭ്യാസത്തിൽ കേരളം ഇന്ത്യക്ക് മാതൃകയായതുപോലെ അനൗപചാരികവിദ്യാഭ്യാസത്തിലും കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് പറഞ്ഞു. ഔപചാരിക, അനൗപചാരിക വിദ്യാഭ്യാസങ്ങൾ പരസ്പരപൂരകങ്ങളാണെന്നും അവരണ്ടും ഒന്നിച്ചുചേർന്നാലേ പൊതുവിദ്യാഭ്യാസമേഖല ശക്തമാകൂവെന്നും അദ്ദേഹം പറഞ്ഞു.

ഹാബിറ്റാറ്റ് ചെയർമാൻ ജി. ശങ്കർ ചടങ്ങിൽ സംബന്ധിച്ചു. സാക്ഷരതാമിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകല സ്വാഗതവും അസി: ഡയറക്ടർ കെ. അയ്യപ്പൻ നായർ നന്ദിയും പറഞ്ഞു.



മൂന്നു നിലകളിലായി പണികഴിപ്പിച്ച കെട്ടിടത്തിൽ കോൺഫറൻസ്, സെമിനാർ ഹാളുകൾ, വായനശാല, എഡിറ്റോറിയൽ വിഭാഗം, തുല്യതാ വിഭാഗം, ബോർഡ് റൂം, പുസ്തക ഗോഡൗൺ ഉൾപ്പെടെയുള്ള സൗകര്യങ്ങളുണ്ട്. പരിസ്ഥിതി സൗഹാർദ രീതിയിലുള്ള കെട്ടിടം നിർമിച്ചത് ആർക്കിടെക്ട് ജി. ശങ്കറിന്റെ നേതൃത്വത്തിലുള്ള ഹാബിറ്റാറ്റ് ഗ്രൂപ്പാണ്. ◀|

**Aksharakairali Monthly**
"Registered" RNI. No. KERMAL/2003/10577

Issue 5 Volume 15. Published December 2019
Price ₹ 15




Edited, printed, published & Owned by Dr. P.S.Sreekala, Director, Kerala State Literacy Mission Authority, Thiruvananthapuram.
Printed at Color Track, Thiruvananthapuram.
Editor : Dr. P.S.Sreekala